# ജീവദീപ്തി

jeevadeepthi@gmail.com

April 2026 Book 04 Volume 16



ചോര ചെമപ്പണിഞ്ഞ്
അവൻ...

# മരട് തോമസ്പുരം സെന്റ് തോമസ് ദേവാലയത്തിൽ

## ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ തോമസ് അപ്പോസ്തോലന്റെ

# കൊമ്പ്രേര്യ തിരുനാൾ



**2026 ഏപ്രിൽ 10,11,12 തീയതികളിൽ**

### 2026 ഏപ്രിൽ 7,8,9 | തിരുനാൾ ഒരുക്ക ത്രിദിനം

വൈകീട്ട് 5.30 : **ജപമാല, തുടർന്ന് ദിവ്യബലി, നൊവേന, ദിവ്യകാരുണ്യ ആരാധന,**

: വായന, വിശ്വാസികളുടെ പ്രാത്ഥന, കാഴ്ച്ചവെപ്പ്

(തിരുനാൾ പ്രസുദേന്തിമാർ ബ്ലോക്ക് അടിസ്ഥാനത്തിൽ)

ഏപ്രിൽ 7 : റവ. ഫാ. മിഥുൻ ചെമ്മായത്ത്

ഏപ്രിൽ 8 : റവ. ഫാ. ജോബിൻ പാനികുളം

ഏപ്രിൽ 9 : റവ. ഫാ. ആൽഫിൻ കൊച്ചുവീട്ടിൽ

### ഏപ്രിൽ 9 | തിരുനാൾ ഒരുക്ക സമാപന ദിനം

വൈകീട്ട് 7:30ന് : **പ്രസുദേന്തി വാഴ്ച്ച**

### തിരുനാൾ തിരുകർമ്മങ്ങൾ 2026

### ഏപ്രിൽ 10 (വെള്ളി) തിരുനാൾ കൊടികയറ്റം

വൈകീട്ട് 5.15 : **അഭിവന്ദ്യ പിതാവിന് സ്വീകരണം**

5:30 : **കൊടികയറ്റം, തിരുനാൾ ദിവ്യബലി**

മുഖ്യകാർമ്മികൻ : **റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ**
(വരാപ്പുഴ അതിരൂപത സഹായമെത്രാൻ)

വചനപ്രഘോഷണം : **റവ. ഫാ. ജോംസൺ തോട്ടുങ്കൽ**
(വികാരി, അവർ ലേഡി ഓഫ് നേറ്റിവിറ്റി ഇടവക, മുട്ടിനകം)

കാഴ്ചവെപ്പ് : **തിരുനാൾ പ്രസുദേന്തിമാർ**
(യൂണിറ്റിലെ മാതൃവേദി കോർഡിനേറ്റർമാർ)

തുടർന്ന് : ബ്ലോക്കുകളുടെ നേതൃത്വത്തിലുള്ള
**കലാസന്ധ്യ**

### ഏപ്രിൽ 11 ( ശനി ) തിരുനാൾ വേസ്പേര

വൈകീട്ട് 5:30 : **തിരുനാൾ ദിവ്യബലി**

മുഖ്യകാർമ്മികൻ : **റവ. ഫാ. ആന്റണി കൊപ്പാണ്ടുശ്ശേരി**
(ആവില ഭവൻ, ചെമ്പ്മുക്ക്)

വചനപ്രഘോഷണം : **റവ. ഫാ. സിജൻ മണുവേലിപറമ്പിൽ**
(ഡയറക്ടർ, ESSS വരാപ്പുഴ അതിരൂപത)

സഹകാർമ്മികർ : **ഇടവകാംഗങ്ങളായ വൈദികർ**

കാഴ്ചവെപ്പ് : **തിരുനാൾ പ്രസുദേന്തിമാർ**
(28 യൂണിറ്റുകളിലെയും പ്രതിനിധികൾ, ബ്ലോക്ക് കോർഡിനേറ്റർമാർ )

തുടർന്ന് : **പ്രദക്ഷിണം**
(പുഴക്കടവ്, കുന്നലക്കാട്ട് റോഡ് വഴി)

### ഏപ്രിൽ 12 (ഞായർ) തിരുനാൾ ദിനം

രാവിലെ 6.00 : ഇടവക ദിവ്യബലി

വൈകീട്ട് 5.30 : **തിരുനാൾ ദിവ്യബലി**

മുഖ്യകാർമ്മികൻ : **റൈറ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
(വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത)

വചനപ്രഘോഷണം : **റവ. ഫാ. വിൻസെന്റ് വാര്യത്ത്**
(ഡയറക്ടർ, ആശീർഭവൻപാസ്റ്ററൽ സെന്റർ)

സഹകാർമ്മികൻ : **റവ. ഫാ. അലക്സ് കുരിശുപറമ്പിൽ**
(ഡയറക്ടർ, ഫാമിലി കമ്മീഷൻ, വരാപ്പുഴ അതിരൂപത)

കാഴ്ചവെപ്പ് : **തിരുനാൾ പ്രസുദേന്തിമാർ**
(എക്സിക്യൂട്ടീവ് അംഗങ്ങൾ)

തുടർന്ന് : **പ്രദക്ഷിണം**
(മാർട്ടിൻപുരം ഭാഗത്തേക്ക്)

---

**ഫാ. എബിൻ ജോസ് വാര്യത്ത്**
വികാരി
**തിരുനാൾ പ്രസുദേന്തിമാർ (264)**

എഡിറ്റോറിയൽ

# യൂദാസിന്റെ അന്ത്യപത്രവും വിശുദ്ധ പത്രോസിന്റെ സാക്ഷ്യപത്രവും



**ഫാ. ആന്റണി റാഫേൽ**
**കൊമരംചാത്ത്**

*ജീവദീപ്തിയുടെ ഏപ്രിൽ ലക്കം നമ്മുടെ കൈകളിൽ എത്തുമ്പോൾ നാം വിശുദ്ധവാരത്തിന്റെ ഉമ്മറപ്പടിയിലേക്ക് പ്രവേശിച്ചിരിക്കും. ക്രിസ്തുവിന്റെ പീഡാസഹന മരണ ഉത്ഥാന ദിനങ്ങളിൽ നാം ഏറ്റവും കൂടുതൽ മനസ്സു കൊണ്ട് അകറ്റിനിർത്തുന്ന ഒരുവൻ ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാസ് സ്കറിയോത്തയാണ്. ക്രിസ്തുവിനോടുകൂടെ ജീവിച്ചിട്ടും ക്രിസ്തുവിന്റെ കൃപ സ്വീകരിക്കാതെ പോയ പാഴ്ജന്മം. പക്ഷേ യൂദാസിനുമുണ്ടാകും നമ്മോടു പറയാൻ ചില കാര്യങ്ങൾ, പശ്ചാത്താപത്തോടെ കർത്താവിന്റെ കരുണയിലേക്ക് കടന്നുവന്ന വി. പത്രോസിനുമുണ്ട് പറയാൻ ചില കാര്യങ്ങൾ. നമുക്ക് കാതോർക്കാം.*

ഒറ്റുകാരൻ എന്ന ലേബലിൽ, അത്യാഗ്രഹത്തിന്റെ കറപുരണ്ട ജീവിതവുമായി, പശ്ചാത്താപത്തിന്റെ തരിമ്പുമില്ലാതെ, ചതിയുടെ മുപ്പത് വെള്ളിക്കാശുമായി നിൽക്കുന്ന ഞാൻ, എന്റെ അവസാനത്തെ വാക്കുകൾ ഇങ്ങനെ കുറിക്കട്ടെ.

എന്റെ അത്യാഗ്രഹം ഞാൻ ആർക്ക് നൽകണം? മനസ്സാക്ഷിയെ അൽപ്പനാണയങ്ങൾക്ക് പണയം വയ്ക്കുന്നവർക്ക്. സൗകര്യാർത്ഥം സത്യത്തെയും, ക്ഷണികമായ കൈയ്യടികൾക്കായി അഭിമാനത്തെയും വിൽക്കുന്നവർക്ക്.

എന്റെ നുണ പറയുന്ന നാവ് ആർക്ക് നൽകണം? കരുണയില്ലാത്ത വാക്കുകൾ കൊണ്ട് മുറിവേൽപ്പിക്കുകയും,പരദൂഷണങ്ങൾ മുൾപ്പടർപ്പുകളായി വിതച്ച്, അമർത്യമായ ആനന്ദം കൊള്ളുന്നവർക്കും.

എന്റെ ആ ചതിച്ചുംബനം ഞാൻ ആർക്ക് നൽകണം? ആലിംഗനം കൊണ്ട് കെട്ടിപ്പിടിച്ച്,ഉള്ളം കൊണ്ട് ശത്രുത സൂക്ഷിക്കുന്ന, കപട സൗഹൃദത്തിന്റെ വക്താക്കൾക്ക്.

എന്റെ ആ പണസഞ്ചി ഞാൻ ആർക്ക് നൽകണം?നീതിയെ വിലപേശുന്നവർക്ക്,പാവപ്പെട്ടവന്റെ ആത്മാഭിമാനത്തെ വെറും ചരക്കാക്കി മാറ്റുന്ന, കച്ചവട ബുദ്ധിയുള്ളവർക്ക്.

അവസാനമായി,എന്റെ കയറും, അക്കൽദാമയും ഞാൻ നൽകുന്നു;ക്ഷമ ചോദിക്കാത്ത അഹങ്കാരത്തിനും, പശ്ചാത്താപത്തിന്റെ വെളിച്ചത്തേക്കാൾ, ഇരുട്ടിനെ പുൽകാൻ ആഗ്രഹിക്കുന്ന ഓരോ ഹൃദയത്തിനും.

ഈ വിൽപ്പത്രം നിങ്ങൾക്ക് തിരുത്തണമെന്നുണ്ടോ? എങ്കിൽ അത് ചെയ്യേണ്ടത് നീതിയുടെ പ്രവൃത്തികൾ കൊണ്ടും, സത്യം നിറഞ്ഞ വാക്കുകളാലും, കരുണാർദ്രമായ സ്നേഹത്താലും മാത്രം.ഞാൻ യൂദാസ് സ്കറിയോത്താ,മുപ്പതു വെള്ളിക്കാശിനായി 'സ്നേഹത്തെ' ഒറ്റിക്കൊടുത്തവൻ. അവന്റെ അവസാന ഓർമ്മപ്പെടുത്തൽ: ഇനിയും സമയമുണ്ട്,

പശ്ചാത്താപത്തിന്റെ കണ്ണീരൊപ്പിയ യൂദാസിന്റെ അന്ത്യപത്രത്തിന് മറുപടിയായി, വിശുദ്ധ പത്രോസിന്റെ സാക്ഷ്യപത്രം ഇതാ:

തള്ളിപ്പറഞ്ഞവന്റെ ലേബലിൽ, ഭയത്തിന്റെ വിറയാർന്ന വാക്കുകളുമായി,കണ്ണീരിൽ കുതിർന്ന പശ്ചാത്താപവുമായി, എന്റെ ഹൃദയം ഞാൻ തുറക്കട്ടെ;

സത്യത്തിന് സാക്ഷ്യം വഹിക്കാൻ മടിക്കുന്നവർക്കും, അധികാരത്തിന്റെ മുൻപിൽ മുട്ടുമടക്കി, 'അവനെ എനിക്കറിയില്ല' എന്ന് സ്വന്തം മനസ്സാക്ഷിയോട് മന്ത്രിക്കുന്നവർക്കും.

എന്റെ ആ തള്ളിപ്പറഞ്ഞ നാവ് ആർക്ക് നൽകണം?സഹോദരർ ആപത്തിൽപ്പെടുമ്പോൾ മൗനം പാലിക്കുന്നവർക്കും,സ്വയം രക്ഷിക്കാനായി പ്രിയപ്പെട്ടവരെ അന്യരാക്കുന്നവർക്കും, അസത്യത്തിന്റെ തണലിൽ സുരക്ഷിതത്വം തേടുന്നവർക്കും.

എന്റെ ആ ചങ്കുതകർക്കുന്ന കരച്ചിൽ ഞാൻ ആർക്ക് നൽകണം? തെറ്റുകൾ തിരിച്ചറിഞ്ഞ് മനമുരുകുന്നവർക്ക്, നഷ്ടപ്പെട്ടുപോയ വിശുദ്ധിയെ ഓർത്ത് വിലപിക്കുന്നവർക്ക്, തിരികെ വരാൻ ആഗ്രഹിച്ചിട്ടും വഴി കാണാതെ നിൽക്കുന്നവർക്ക്.

എന്നാൽ ഓർക്കുക, ഞാൻ മുങ്ങിത്താഴ്ന്നപ്പോൾ എന്നെ പിടിച്ചുയർത്തിയ ഒരു 'കരമുണ്ട്'. ഞാൻ തള്ളിപ്പറഞ്ഞപ്പോഴും എന്നെ നോക്കി പുഞ്ചിരിച്ച ഒരു 'മുഖമുണ്ട്'. ആ 'നോട്ടത്തിലാണ്' എന്റെ പശ്ചാത്താപം ജനിച്ചത്.യൂദാസ് വെള്ളിക്കാശിനെ സ്നേഹിച്ചപ്പോൾ, ഞാൻ എന്നെത്തന്നെയാണ് സ്നേഹിച്ചത്. പക്ഷേ, അവൻ നിരാശയിൽ കയർ തിരഞ്ഞപ്പോൾ, ഞാൻ കരുണയുടെ തീരത്ത് വലയെറിഞ്ഞു.

എന്റെ ഈ സാക്ഷ്യം നിങ്ങൾക്ക് മാറ്റണമെന്നുണ്ടോ? എങ്കിൽ അത് ചെയ്യേണ്ടത് ഉറച്ച വിശ്വാസം കൊണ്ടും, വീണുപോയവനെ താങ്ങുന്ന കരുണ കൊണ്ടും, ഞാൻ ശിമയോൻ പത്രോസ്, ഭയം കൊണ്ട് തള്ളിപ്പറഞ്ഞവൻ, പക്ഷേ സ്നേഹം കൊണ്ട് തിരികെ വിളിക്കപ്പെട്ടവൻ.

***എല്ലാവർക്കും ഉത്ഥാനതിരുനാളിന്റെ ആശംസകൾ.***

# ജീവദീപ്തി
JEEVADEEPTHI

April 2026 Vol 16 Book 04

**രക്ഷാധികാരി**
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

**സഹരക്ഷാധികാരി**
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

**മാനേജിംഗ് എഡിറ്റർ**
ഫാ. യേശുദാസ് പഴമ്പിള്ളി

**പത്രാധിപർ**
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

**സഹപത്രാധിപർ**
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

**സർക്കുലേഷൻ മാനേജർമാർ**
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

**രൂപകല്പന**
ടാബി ജോർജ്ജ്

**ടൈപ്പ് സെറ്റ്**
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

**ഓഫീസ് മാനേജർ**
മാനുവൽ പൊടുത്തോർ

**പത്രാധിപസമിതി**
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്

ഓഫീസ്
90720 26577
jeevadeepthi@gmail.com

04





01

## യൂദാസിന്റെ അന്ത്യപത്രം

ക്രിസ്തുവിന്റെ പീഡാസഹന മരണ ഉത്ഥാന ദിനങ്ങളിൽ നാം ഏറ്റവും കൂടുതൽ മനസ്സുകൊണ്ട് അകറ്റി നിർത്തുന്ന ഒരുവൻ ക്രിസ്തുവിനെ ഒറ്റിക്കൊ



## യേശുവിന്റെ രാജകീയ പ്രവേശനം

പെസഹാവാരം ആരംഭിക്കുന്നത് യേശുവിന്റെ ജറുസലേമിലേയ്ക്കുള്ള സാഘോഷ പ്രദക്ഷിണത്തോടെയാ



06

## പെസഹായുടെ പുതുവർണങ്ങൾ

വിശ്വാസികളുടെ നോമ്പുയാത്ര യുടെ ജറുസലേംപാദമാണ് 'ത്രിദൂവും' എന്നു വിളിക്കപ്പെടുന്ന വിശുദ്ധവാരത്ത





## കൽപനയുടെ രാത്രി: മുട്ടുകുത്തുന്ന, കച്ച ചുറ്റുന്ന, മുറിയപ്പെടുന്ന ദൈവം

പെസഹാ ദിവസം ക്രിസ്തുവിന്റെ ഡിക്ഷനറി മഹത്വത്തെ പുനർനിർവ ചിച്ചു: "മഹത്വത്തിന്റെ ക്രിസ്തീയ


08

ദുഃഖവെള്ളി ........................................ 10
ക്രിസ്തുവിന്റെ ക്രൂശീകരണം ........................................ 13
കാൽവരിയിലെ രണ്ട് കള്ളന്മാർ: ........................................ 16
വിലാപം ........................................ 18
തിരിച്ചുവരവ് ........................................ 19
ആണി ........................................ 22
അഞ്ചാം സ്ഥലം ........................................ 23
ലോകാരോഗ്യദിന സന്ദേശം........................................ 30
സുവർണ്ണ വസന്തം........................................ 32
വാർത്തകൾ........................................ 34
ബൈബിൾ വിചിന്തനം........................................ 38
പിൻമൊഴി........................................ 40

# യേശുവിന്റെ രാജകീയ പ്രവേശനം



**ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ**



പെസഹാവാരം ആരംഭിക്കുന്നത് യേശുവിന്റെ ജറുസലേമിലേയ്ക്കുള്ള സാഘോഷ പ്രദക്ഷിണത്തോടെയാണ്. പുതിയ നിയമത്തിലെ നാലു സുവിശേഷങ്ങളിലും യേശുവിന്റെ രാജകീയ പ്രവേശനത്തെക്കുറിച്ച് വിവരിക്കുന്നുണ്ടെങ്കിലും രാജകീയ പ്രവേശനത്തെപ്പറ്റി കൂടുതൽ വിശദമായ വിവരണം നല്കിയിരിക്കുന്നത് വി. യോഹന്നാനാണ്. യഹൂദരുടെ പെസഹാ തിരുനാളിന്റെ ആറുദിവസം മുമ്പായി യേശു താൻ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ച ലാസർ പാർത്തിരുന്ന ബഥനിയായിലേക്കു വന്നു. യേശു ജറുസലേമിലേയ്ക്കു വരുന്നു എന്നറിഞ്ഞ ജനാവലി ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടു. *"ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ"* എന്ന ആർപ്പുവിളിയോടെ അവർ യേശുവിനെ ജറുസലേം ദൈവാലയത്തിലേക്കു നയിച്ചു. യേശു വരാനിരിക്കുന്ന മിശിഹായാണെന്നുള്ള ദൈവിക പദ്ധതിയും ദൈവജനത്തിന്റെ പ്രഖ്യാപനവുമാണ് അവിടുത്തെ ജറുസലേം പ്രവേശനം.

രാജാക്കന്മാരുടെ ഒന്നാം പുസ്തകം, ഒന്നാമധ്യായത്തിൽ ദാവീദ് രാജാവിന്റെ നിർദ്ദേശമനുസ

തിച്ച് രാജസ്ഥാനമേറ്റെടുക്കാൻ സോളമൻ രാജാവ് കോവർ കഴുതയുടെ പുറത്തു കയറി വരുന്നതായി നാം വായിക്കുന്നു. ദാവീദ് രാജാവിന്റെ പിൻഗാമിയായുള്ള യേശുവിന്റെ കടന്നുവരവിനെയാണ് കഴുതപ്പുറത്തുള്ള അവിടുത്തെ വരവ് സൂചിപ്പിക്കുന്നത്.

*"സിയോൻ പുത്രി ഭയപ്പെടേണ്ട. ഇതാ നിന്റെ രാജാവ് ഒരു കഴുതക്കുട്ടിയുടെ പുറത്തു എഴുന്നള്ളുന്നു"* (യോഹ.12:15) എന്ന സുവിശേഷവചനം സഖറിയാ പ്രവാചകന്റെ പുസ്തകം 9–ാം മധ്യായം ഒൻപതിൽ നിന്നുള്ള തിരുവചനമാണ്. സഖറിയായുടെ പുസ്തകത്തിൽ നാം തുടർന്നു വായിക്കുന്നത്. "ഞാൻ എഫ്രായിമിൽ നിന്നു രഥത്തെയും ജറുസലെമിൽനിന്ന് പടക്കുതിരയെയും വിച്ഛേദിക്കും. പടവില്ല് ഞാൻ ഒടിക്കും. അവർ ജനതകൾക്കു സമാധാനമരുളും. അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദിമുതൽ ഭൂമിയുടെ അറ്റം വരെയും ആയിരിക്കും. (സഖറിയ 9:10).

പ്രസ്തുത പ്രവചനത്തിൽ ഭാവി മിശിഹായെക്കുറിച്ചുള്ള മൂന്നു കാര്യങ്ങൾ പ്രവാചകൻ രേഖപ്പെടുത്തുന്നു.

ഒന്നാമതായി മിശിഹാ ദരിദ്രരുടെ രാജാവും ദരിദ്രർക്കിടയിലും ദർദ്രർക്കുവേണ്ടിയുള്ള ദരിദ്രരും ആയിരിക്കുമെന്ന് പ്രവചനം നല്കുന്നു. ലളിതവും സാധാരണക്കാരുമായിരിക്കുന്ന ഗ്രാമീണ ജനതയുടെ യാത്രാമൃഗമായിരുന്നു കഴുത. യേശു കടംവാങ്ങിയ കഴുതപ്പുറത്തു കയറി ജറുസലേം ദൈവാലയത്തിൽ പ്രവേശിക്കുന്നത് കടന്നു വരാനിരിക്കുന്ന മിശിഹായുടെ ദരിദ്രരോടുള്ള അനുഭാവനം സൂചിപ്പിക്കുന്നു.

പ്രവാചകൻ ചൂണ്ടിക്കാണിക്കുന്ന രണ്ടാമത്തെ കാര്യം മിശിഹാ സമാധാനത്തിന്റെ രാജാവായിരിക്കുമെന്നാണ്. അവൻ യുദ്ധരഥങ്ങളെയും യുദ്ധക്കുതിരകളെയും അപ്രത്യക്ഷമാക്കുകയോ വില്ലൊടിച്ച് സമാധാനം പ്രഖ്യാപിക്കുകയും ചെയ്യുമെന്ന വചനം മിശിഹാ കൊണ്ടുവരുന്ന സമാധാനത്തെ അനുസ്മരിപ്പിക്കുന്നു.

*ഒരു കഴുതക്കുട്ടിയുടെ മേൽ കയറി കർത്താവ് വിശുദ്ധ നഗരിയിൽ പ്രവേശിച്ചതുപോലെ എളിയ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ കാലാതീതമായ മഹിമയോടെയും ജ്ഞാനപ്രഭയാലും യേശു വീണ്ടും വീണ്ടും വർത്തമാനകാലത്തിൽ കടന്നു വരുന്നതിന്റെ ആഘോഷമാണ് ഓരോ ദിവ്യബലിയും.*

സാർവത്രികതയുടെ മുൻ പ്രഖ്യാപനമാണ് പ്രവാചകന്റെ മിശിഹായെക്കുറിച്ചുള്ള മുൻകൂർ പ്രഖ്യാപനം. സമാധാനരാജാവിന്റെ രാജ്യം "സമുദ്രം മുതൽ സമുദ്രം വരെയും.... ഭൂമിയുടെ അതിർത്തിവരെയും വ്യാപിച്ചിരിക്കുമെന്ന് സഖറിയ പറയുന്നു. അബ്രാഹത്തിനും പിതാക്കന്മാർക്കും നല്കിയ പുരാതന ഭൂമിയുടെ വാഗ്ദാനത്തിനു ഇവിടെ ഒരു പുതിയ ദർശനം നല്കുന്നു. മിശിഹായുടെ രാജ്യം ഭൂമി അതായത് ലോകം മുഴുവനുമാണെന്ന് തിരുവചനം നമ്മെ അനുസ്മരിപ്പിക്കുന്നു.

"ഹോസാന കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ" എന്ന വാക്കുകളോടെ ജനം യേശുവിനെ ജറുസലേമിലേക്കു സ്വീകരിച്ചു. പെരുന്നാളിന്റെ ആചാരഭാഗമായി ഈ വാക്കുകൾ യേശുവിന്റെ കാലത്ത് വരാനിരിക്കുന്ന മിശിഹായുടെ സ്ഥാനപ്പേരായി മാറി. യേശുവിൽ കർത്താവിന്റെ നാമത്തിൽ വരുന്നവന്റെ സാന്നിധ്യം ജനാവലി മനസ്സിലാക്കിയിരുന്നുവെന്നാണ് ഈ പ്രഖ്യാപനം വ്യക്തമാക്കുന്നത്.

അനുദിനം വിശുദ്ധ കുർബാനയിൽ കർത്താവിനെ സഭ അഭിവാദനം ചെയ്യുന്നത് ഇപ്പോൾ വരുന്നവനായിട്ടാണ്. അതുകൊണ്ടാണ് ആമുഖഗീതിയിലെ പ്രത്യുത്തരത്തിൽ "ഹോസാന, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ" എന്ന സഖറിയായുടെ പ്രവചനഭാഗം കുർബാന മധ്യേ ഉപയോഗിക്കുന്നത്. ഓരോ കുർബാനയിലും സഭയുടെ മധ്യത്തിലേക്ക്, സഭാ കൂട്ടായ്മയുടെ ഇടയിലേക്ക് ദിവ്യാത്മാവിന്റെ ദീപ്തി ചൈതന്യത്തോടെ കടന്നു വരുന്നവനെ സഭ അഭിവാദനം ചെയ്യുന്നു. അതുകൊണ്ട് സഭയ്ക്ക് "ഓശാന ഞായറാഴ്ച" ഒരു ഭൂതകാല സംഭവമല്ല. ഒരു കഴുതക്കുട്ടിയുടെ മേൽ കയറി കർത്താവ് വിശുദ്ധ നഗരിയിൽ പ്രവേശിച്ചതുപോലെ എളിയ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ കാലാതീതമായ മഹിമയോടെയും ജ്ഞാനപ്രഭയാലും യേശു വീണ്ടും വീണ്ടും വർത്തമാനകാലത്തിൽ കടന്നു വരുന്നതിന്റെ ആഘോഷമാണ് ഓരോ ദിവ്യബലിയും. ആയതിനാൽ യേശുവിന്റെ ജറുസലെം പ്രവേശനം ചരിത്രപരമായും അനുദിനം നമ്മുടെ മധ്യേ ആഗതനാകുന്ന മിശിഹായുടെ സാന്നിധ്യത്തിന്റെ സ്മരണാഘോഷമായി മാറുന്നു.

വിശുദ്ധ അഗസ്റ്റിൻ എഴുതുന്നു ' കുരിശിലേക്ക് പോകുന്ന വഴിയിൽ യേശുവിനെ രാജാവായി സ്വീകരിച്ചവർ, പിന്നീട് അവനെ നിഷേധിച്ചു. നമ്മൾ വാക്കുകളിൽ മാത്രമല്ല ഹൃദയത്തിലും യേശുവിനെ സ്വീകരിക്കണം. അപ്പോഴാണ് 'ഹോസാന'എന്നാ നമ്മുടെ പ്രകീർത്തനം അനുദിനബലിയിൽ അർത്ഥപൂർണ്ണമാകുന്നത്.

# പെസഹായുടെ പുതുവർണങ്ങൾ



ഡോ. ജോഷി
മയ്യാറ്റിൽ

വിശ്വാസികളുടെ നോമ്പുയാത്രയുടെ ജറുസലേംപാദമാണ് 'ത്രിദിനവും' എന്നു വിളിക്കപ്പെടുന്ന വിശുദ്ധവാരത്തിലെ 'മൂന്നു ദിനങ്ങൾ'. ഓശാന ഞായറോടെ ആരംഭിക്കുന്ന വിശുദ്ധവാരത്തിൽ പെസഹാ വ്യാഴം, ദുഃഖവെള്ളി, ഉത്ഥാന ഞായർ എന്നീ മൂന്നു ദിനങ്ങളിലായി ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തിന്റെ ആധാരമായ ക്രിസ്തുസംഭവത്തിന്റെ മർമം ആരിക്കുന്നു.

***യഹൂദരുടെ പെസഹാ***

'കടന്നുപോകൽ' എന്നർത്ഥമുള്ള പെസഹാ ഇസ്രായേൽക്കാർ ആദ്യമായി ആചരിച്ചത് ഈജിപ്തിലായിരുന്നു. അവിടെ ഈജിപ്തുകാരുടെ ഭവനങ്ങളിലേക്ക് കടന്നുചെന്ന സംഹാരദൂതൻ ഇസ്രായേൽക്കാരുടെ ഭവനങ്ങളെ 'കടന്നുപോയി'! കട്ടിളപ്പടികളിൽ കുഞ്ഞാടിന്റെ രക്താഭിഷേകമുണ്ടായിരുന്നതു മാത്രമായിരുന്നു അതിന്റെ മാനദണ്ഡം! അതെത്തുടർന്ന്, ഈജിപ്തുകാർ വിലാപം ആചരിച്ചപ്പോൾ, ഇസ്രായേൽക്കാർ ആ രാത്രി അരമുറുക്കി, ചെരുപ്പുകളണിഞ്ഞ്, വടി കൈയിലേന്തി, തിടുക്കത്തിൽ കുഞ്ഞാടിന്റെ ചുട്ടെടുത്ത മാംസം പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും കൂട്ടി ഭക്ഷിച്ചു. അവർക്കും കടന്നുപോകേണ്ടിയിരുന്നു – അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക്. "ഈ ദിവസം നിങ്ങൾക്ക് ഒരു സ്മരണാദിനമായിരിക്കട്ടെ. ഇതു തലമുറതോറും കർത്താവിന്റെ തിരുനാളായി നിങ്ങൾ ആചരിക്കണം. ഇതു നിങ്ങൾക്ക് എന്നേക്കും ഒരു കൽപനയായിരിക്കും" (പുറ 12,14) എന്ന പ്രമാണമാണ് യഹൂദരുടെ പെസഹാചരണത്തിനു നിദാനം.

***പരിശുദ്ധ കുർബാന***

യഹൂദരുടെ പെസഹാചരണ ദിനത്തിൽ തന്റെ അന്ത്യ അത്താഴം ആചരിച്ചുകൊണ്ട്, ക്രിസ്തു അത് സ്വന്തം പെസഹാ ആക്കി മാറ്റി. അങ്ങനെ, അവിടുന്ന് മനുഷ്യകുലത്തിന്റെ 'പെസഹാക്കുഞ്ഞാട്' (1കോറി 5,7) ആയിത്തീർന്നു. "ഇത് എന്റെ ശരീരമാണ്; ഇത് എന്റെ രക്തമാണ്" എന്നു പറഞ്ഞുകൊണ്ട് അവ വാങ്ങി ഭക്ഷിക്കാനും കുടിക്കാനും ശിഷ്യസമൂഹത്തെ അവിടന്നു ക്ഷണിച്ചു. "കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങൾക്കു കൈമാറിയതുമായ കാര്യം" എന്ന മുഖവുരയോടെയാണ് എഡി 54/55ൽ വി. പൗലോസ് ഇക്കാര്യം ആദ്യമായി രേഖപ്പെടുത്തിയത് (1 കോറി 11,23-25). "കർത്താവിൽ നിന്നു ലഭിച്ചത്" എന്ന പ്രയോഗം ഏറെ ചിന്തനീയമാണ്. ഉത്ഥിതനുമായി കണ്ടുമുട്ടിയ പൗലോസിന്റെ ആത്മീയാനുഭവത്തിൽ പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾക്കും സ്ഥാനമുണ്ടായി എന്ന വസ്തുത നിസ്സാരമായ ഒന്നല്ല. ക്രിസ്തുസംഭവത്തിനു ശേഷം ഏതാണ്ട് ഇരുപത്തഞ്ചു വർഷങ്ങൾക്കുള്ളിൽത്തന്നെ പരിശുദ്ധകുർബാന ശക്തമായ ഒരു പാരമ്പര്യമായി മാറിയ വസ്തുതയാണ് ഈ ലേഖനഭാഗം അടയാളപ്പെടുത്തുന്നത്. 'പാരദീദോമി' (കൈമാറുക) എന്ന ക്രിയാപദത്തിൽനിന്നാണ് പാരമ്പര്യം ('പാരദോ സിസ്') എന്ന പദം ഉദ്ഭവിക്കു ന്നത്. സമാന്തരസുവിശേഷങ്ങൾ മൂന്നും പരിശുദ്ധ കുർബ്ബാനയുടെ സംസ്ഥാപനം രേഖപ്പെടുത്തിയത് ഈ പാരമ്പര്യത്തിന്റെ സാക്ഷ്യമായിത്തന്നെയാണ്.

ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ എഴുതപ്പെട്ട യോഹന്നാന്റെ സുവിശേഷമാകട്ടെ, സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പത്തെക്കുറിച്ചുള്ള ആറാം അധ്യായത്തിലെ പ്രഭാഷണത്തിലൂടെ ഈ പ്രമേയം പരാമർശിച്ചിരിക്കുന്നു: "സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ മാംസം (സാർക്സ്) ആണ്" (യോഹ 6,51). 54-ാം വാക്യത്തിലെ സാർക്സ് എന്ന ഗ്രീക്കു നാമപദത്തിലൂടെയും ട്രോഗോ (കടിച്ചുചവയ്ക്കുക) എന്ന ഗ്രീക്കു ക്രിയാപദത്തിലൂടെയും വ്യക്തമാകുന്നത് രൂപകാർത്ഥത്തിലല്ല, അക്ഷരാർത്ഥത്തിലാണ് ഇതു മനസ്സിലാക്കേണ്ടത് എന്നാണ്. "എന്റെ മാംസം (സാർക്സ്) യഥാർത്ഥ (അലേഥേസ്) ഭക്ഷണം ആണ്. എന്റെ രക്തം യഥാർത്ഥ (അലേഥേസ്) പാനീയവും ആണ്" എന്ന 55-ാം വാക്യ ത്തിലെ പ്രസ്താവനയും ഇതേ ആശയമാണ്. സംവേദനം

ചെയ്യുന്നത്. കേൾവി ക്കാർ അതു മനസ്സിലാക്കിയതും അങ്ങനെ തന്നെയായിരുന്നു എന്നതിന്റെ തെളിവല്ലേ, "തന്റെ ശരീരം നമുക്കു ഭക്ഷണമായി ത്തരാൻ ഇവന് എങ്ങനെ കഴി യും" എന്ന യഹൂദരുടെ ചോദ്യം? കഠിനമായി തോന്നിയ വചന ങ്ങളുടെ വെളിച്ചത്തിൽ തന്നെ വിട്ടുപിരിഞ്ഞുപോയ ജനത്തെ യേശു തിരികെ വിളിക്കുകയോ അവർക്കായി പ്രബോധനം മയ പ്പെടുത്തുകയോ ചെയ്യുന്നില്ല. മറിച്ച്, "നിങ്ങൾക്കും പോകണ മോ" എന്നാണ് ശിഷ്യന്മാരോടു പോലും അവിടന്ന് ചോദി ക്കുന്നത്!

### *പൗരോഹിത്യം*

"ഇതു നിങ്ങൾ എന്റെ ഓർമയ് ക്കായി ചെയ്യുവിൻ" (ലൂക്കാ 22,19; 1 കോറി 11,24.25) എന്ന കല്പന യിലൂടെ ഈശോ തന്റെ പെസ ഹാചരണം ശാശ്വതമാക്കി മാറ്റി. ഈ കല്പനയിൽ ശുശ്രൂഷാ പൗരോഹിത്യത്തിന്റെ സംസ്ഥാ പനവും അടങ്ങിയിരിക്കുന്നു എന്ന തിരിച്ചറിവ് സഭയ്ക്ക് ആദിമകാലം മുതൽക്കേ ഉണ്ടായിരുന്നു. യഹൂദരുടെ പെസഹാചരണം നടന്നിരുന്നത് കുടുംബനാഥന്റെ നേതൃത്വത്തിലും വർഷത്തിൽ ഒരിക്കലും ആയിരുന്നെങ്കിൽ, ആദിമസഭയിൽ ക്രിസ്തുവിന്റെ അത്താഴം നടന്നത് അപ്പോസ്തല ന്മാരുടെ നേതൃത്വത്തിലും എല്ലാ ഞായറാഴ്ചകളിലും ആയിരുന്നു (അപ്പ 20,7). അടുപ്പിച്ചടുപ്പിച്ചുള്ള ആചരണം തന്നെ കുർബ്ബാനയുടെ പരികർമിയെക്കുറിച്ച് ഗൗരവതര മായ ചിന്തകൾ ആദിമസഭയിൽ ഉദിപ്പിച്ചുകാണണം. മെത്രാന്റെ യോ അദ്ദേഹം നിയോഗിക്കുന്ന ആളുടെയോ നേതൃത്വത്തിലാണ് കുർബാന അർപ്പിക്കപ്പെടേ ണ്ടതെന്ന് രണ്ടാം നൂറ്റാണ്ടിൽ ത്തന്നെ അന്ത്യോക്യായിലെ ഇഗ്നേഷ്യസ് പ്രസ്താവിച്ചത് ഇതിന്റെ തെളിവാണ്. പരിശുദ്ധ കുർബാനയുടെ സ്ഥാപനദിനമായ പെസഹാ വ്യാഴം, അങ്ങനെ, പൗരോഹിത്യത്തിന്റെയും സംസ്ഥാപന ദിനമായിത്തീർന്നു. അതിനാൽത്തന്നെ, പുരോഹിതർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന ദിനം കൂടിയാണ് പെസഹാ വ്യാഴം.

### *കാലുകഴുകൽ*

പാദക്ഷാളന വിവരണത്തിലൂടെ പരിശുദ്ധ കുർബാനയുടെ ആന്തരികാർത്ഥം വ്യക്തമാക്കാൻ ശ്രമിച്ച വി. യോഹന്നാന്റെ സുവിശേഷ ത്തിന്റെ ചുവടുപിടിച്ച് ഈ ദിനംതന്നെയാണ് ആരാധനക്രമത്തിൽ പാദക്ഷാളന കർമ്മം നമ്മൾ ആചരിക്കുന്നത്. കുർബാനയും കാലുകഴുകലും തമ്മിൽ എന്തു ബന്ധം എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ക്രിസ്തുവിന്റെ സ്നേഹ യാഗത്തിന്റെ കൂദാശ വിളി ച്ചോതുന്ന സ്വയംശൂന്യവത്കരണ ത്തിന്റെ നാടകീയാവതരണമാണ് യോഹന്നാന്റെ പാദക്ഷാളനം. അൾത്താരയും ജീവിതവും രണ്ടല്ല എന്ന ഓർമ്മപ്പെടുത്തലാണത്. വിപ്ലവകരവും പ്രതീകാത്മകവു മായ ക്രിസ്തുവിന്റെ പാദക്ഷാളനം അക്കാലത്തെ പൗരോഹിത്യശൈ ലിക്ക് കടകവിരുദ്ധമായിരുന്നു. ഗോത്രപ്രധാനവും ബലി കേന്ദ്രീകൃതവും പൊതു പൗരോഹിത്യത്തെ നിരസിക്കുന്നതുമായ ലേവായ പൗരോഹിത്യത്തിനു മറുപടിയായിട്ടാണ് ക്രിസ്തു പാദ ക്ഷാളനകർമ്മം നടത്തിയത്. അതു വെറും പാദം കഴുകലായിരുന്നില്ല, പാരമ്പര്യത്തെ കഴുകലായിരുന്നു. ആ കഴുകലിന്റെ അർത്ഥതലങ്ങൾ നിരവധിയാണ്.

### *സ്നേഹത്തിന്റെ കല്പന*

"സ്നേഹമെവിടെ, ഉപവിയെവിടെ; ദൈവമുണ്ടവിടെ" എന്ന ഹൃദ്യമായ ഗീതം ഉയരുന്ന ദിനം കൂടിയാണ് പെസഹാവ്യാഴം. തന്നെത്തന്നെ സ്നേഹത്തിന്റെ മാനദണ്ഡമാക്കി ക്കൊണ്ട്, 'നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ' എന്നു കല്പിച്ച ക്രിസ്തുവിനെ തീക്ഷ്ണതയോടെ ധ്യാനിക്കുന്ന ദിനമാണിത്. പാദ ക്ഷാളനശേഷം യേശു ശിഷ്യന്മാർ ക്കു നല്കിയ സ്നേഹത്തിന്റെ കല്പനയാണ് (യോഹ 13,34.35) ഇതിനു നിദാനം. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ" എന്നതിലെ 'പോലെ' എന്ന പ്രയോഗത്തിന്റെ ആഴം അചിന്തനീയമാണ്. സ്നേ ഹത്തിന്റെ കൂദാശയ്ക്കുമുന്നിൽ ആരാധനയോടെ നാം നിലകൊ ള്ളുമ്പോൾ മനസ്സിലേക്ക് ഇരമ്പിവരുന്നതും ആ 'പോലെ' തന്നെയത്രേ!

അങ്ങനെ, പെസഹാവ്യാഴം ക്രിസ്തുവിന്റെ സ്വയബലിയുടെ അടയാളമായ പരിശുദ്ധ കുർബാന യെക്കുറിച്ചുള്ള ആഴാന്വേഷണത്തി ന്റെയും സ്വാർത്ഥതയിൽ നിന്ന് പരാർത്ഥതയിലേക്കു കടന്നു പോകാൻ ശിഷ്യർക്കുള്ള നിത്യ പ്രബോധനത്തിന്റെയും അധികാ രപ്രയോഗത്തിന്റെ യഥാർത്ഥരീതി കളെ അധികാരസ്ഥാനങ്ങളിലി രിക്കുന്നവർക്കു പരിചയപ്പെടു ത്തുന്ന അതിസുന്ദരമായ മാതൃകയുടെയും ദിനമായിത്തീർന്നു.



# കൽപനയുടെ രാത്രി: മുട്ടുകുത്തുന്ന, കച്ച ചുറ്റുന്ന, മുറിയപ്പെടുന്ന ദൈവം



**ഡോ. മാർട്ടിൻ ശങ്കുരിക്കൽ**



***കൽപനയുടെ രാത്രി***

***പെസഹാ വ്യാഴത്തെ ഇംഗ്ലീഷിൽ*** Maundy Thursday ***എന്നാണ് വിളിക്കുന്നത്.*** Maundy ***എന്ന വാക്ക് ലാറ്റിൻ ഭാഷയിലെ*** mandatum ***എന്ന പദത്തിൽ നിന്നാണ് വരുന്നത്.*** Mandate ***അഥവാ കൽപ്പന എന്നർത്ഥം. ഈ ദിവസത്തിന് ഈ പേര് നൽകുന്ന കല്പന "നിങ്ങൾ നിങ്ങളെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുവിൻ" എന്നല്ല; മറിച്ച് "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ" എന്നാണ്. ഈ രാത്രിയുടെ കാതൽ ക്രിസ്തുവിന്റെ ഈ*** mandate ***ആണ്; അത് ആയിത്തീരലിന്റെ കൽപനയാണ്. (***Covenant of Becoming***).***

വി. അഗസ്റ്റിൻ ഇങ്ങനെ എഴുതി: ദിവ്യകാരുണ്യം ആയിത്തീരലിന്റെ കൂദാശ ആണ്. ""The Eucharist is the sacrament of what we are becoming." അതിനാൽത്തന്നെ നാവ് നീട്ടി കുർബാന സ്വീകരിക്കുന്നവർ കുർബാനയായിത്തീരാൻ സമ്മതം നൽകുകയാണ്. സ്നേഹത്തിന്റെ കൽപനയ്ക്ക് ആമേൻ പറയുകയാണ്. മുട്ടുകുത്തി കുനിഞ്ഞ് പാദം കഴുകുന്ന ക്രിസ്തുവിനെപ്പോലെ ആയിത്തീരാൻ സമ്മതിക്കുകയാണ്, ശരിയായ അവബോധത്തോടെ കുർബാന കൈക്കൊള്ളുന്ന ഓരോ വ്യക്തിയും.

***മുട്ടുകുത്തുന്ന ദൈവം: എന്തൊരത്ഭുതമേ!***

പെസഹാ ദിവസം ക്രിസ്തുവിന്റെ ഡിക്ഷനറി മഹത്വത്തെ പുനർനിർവചിച്ചു: "മഹത്വത്തിന്റെ ക്രിസ്തീയ പുനർനിർവചനമാണ് മുട്ടുകുത്തൽ!" ഗ്രീക്കുകാരുടെയും റോമാക്കാരുടെയും വീക്ഷണമനുസരിച്ച് പ്രഭുക്കന്മാരും ഗുരുക്കന്മാരും ഒരിക്കലും താഴ്ന്നു നിൽക്കില്ല; തട്ടുപൊളിപ്പൻ സിനിമയിലെ പുഷ്പയെപ്പോലെയാണവർ: ഒരിക്കലും താഴത്തില്ല. അവർ എപ്പോഴും സേവനം സ്വീകരിക്കുന്നവരാണ്. സേവനം ചെയ്യുന്നത് അവരുടെ ശീലമല്ല. അവരുടെ ലോകക്രമങ്ങളിൽ അധികാരം നിലനിന്നുപോകുന്നത് എപ്പോഴും മുകളിൽ നിന്ന് താഴേക്ക് ഒഴുകുന്ന ഹയരാർക്കികളിൽ ആണ്. ആധിപത്യത്തിന്റെയും പ്രകടപരതയുടേതുമായ ഈ ഗ്രേക്കോ-റോമൻ ദൈവസങ്കൽപങ്ങളെയാണ് മുട്ടുകുത്തി മുക്കുവശിഷ്യരുടെ പാദങ്ങളോളം കുനിയുന്ന ക്രിസ്തു തകിടം മറിക്കുന്നത്. അതേ, ക്രൈസ്തവ ഡിക്ഷണറി അനുസരിച്ച് മഹത്വത്തിന്റെ ക്രിസ്തീയ പുനർനിർവചനമാണ് മുട്ടുകുത്തൽ!

ക്രിസ്തു മുട്ടുകുത്തിയത് ആത്മവിശ്വാസക്കുറവുകൊണ്ടല്ല; ആത്മജ്ഞാനത്തിന്റെ വിനയഭാവമാണ് ഈ മുട്ടുകുത്തൽ. സെഹിയോൻ മാളികയിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ എന്റെ ഹൃദയ രക്തംകൊണ്ട് ക്രിസ്തുവിന്റെ പാദം കഴുകുമായിരുന്നു എന്നു പറഞ്ഞ സ്വാമി വിവേകാനന്ദൻ വിനയഭാവത്തിന്റെ ഈ ആത്മജ്ഞാനത്തെ മനസ്സിലാക്കിയ ആളാണ്. ഒറ്റ വാക്കുകൊണ്ട് ആകാശഗംഗകളെ സൃഷ്ടിച്ച ദൈവം അധികാരത്തിന്റെ മേൽവസ്ത്രം അഴിച്ചുമാറ്റി, ഒരു കച്ച അരയിൽ ചുറ്റി, പൊടിപടർന്ന കാലുകൾക്കു മുന്നിൽ മുട്ടുകുത്തുന്നു. ദൂതന്മാർ ആരാധിക്കുന്ന ദൈവം ദാസന്റെ ഭാവം സ്വീകരിക്കുന്നു. എന്തൊരത്ഭുതമേ!

***കച്ച ചുറ്റുന്ന ദൈവം പറയുന്നു: 'കടക്കൂ പുറത്ത്!"***

പുരാതന ലോകത്ത് കാലുകഴുകൽ വെറും താഴ്ന്ന ജോലി മാത്രമായി

രുന്നില്ല; അത് അപമാനകരമായ ഒരു പ്രവൃത്തിയായിരുന്നു. യഹൂദ ദാസന്മാർക്കുപോലും അതിൽനിന്ന് ഒഴിവുണ്ടായിരുന്നു. എന്നാൽ ദാസന്മാർക്കുപോലും നിർബന്ധമില്ലാത്ത കാര്യം യേശു ചെയ്യുന്നു എന്ന തിരിച്ചറിവുണ്ടായപ്പോൾ. ഇതിൽ അപകടം മണത്ത "ശിഷ്യപ്രമുഖൻ" പത്രോസ് പറഞ്ഞു: "നീ ഒരിക്കലും എന്റെ കാലുകൾ കഴുകരുത്."

കാൽ കഴുകാൻ വന്ന ക്രിസ്തുവിനെ തടഞ്ഞ പത്രോസ് ശുശ്രൂഷിക്കുന്ന ദൈവത്തെ സ്വീകരിക്കാനും അനുകരിക്കാനും മടിക്കുന്ന മനുഷ്യരുടെ പ്രതിനിധിയാണ്. ആകാശത്ത് ഇരിക്കുന്ന ദൈവത്തെയാണ് പലർക്കുമിഷ്ടം. കാരണം നമ്മുടെ പൊടിനിറഞ്ഞ പാദങ്ങൾക്ക് മുന്നിൽ മുട്ടുകുത്തുന്ന ദൈവം നമ്മുടെ കംഫർട്ട് സോണിൽ നിന്ന് പുറത്ത് കടന്ന് സേവനത്തിന്റെ കച്ച ചുറ്റാൻ നമ്മെ വെല്ലുവിളിക്കുന്നുണ്ട്. താലത്തിൽ വെള്ളമെടുത്ത ക്രിസ്തു ശാന്തമായി നമ്മോട് പറയുന്നുണ്ട്: "കടക്കൂ പുറത്ത്!" അവനവനിസത്തിന്റെ കംഫർട്ട് സോണുകളിൽ നിന്നും സ്വാർത്ഥത്തിന്റെ കുടുസ്സുകളിൽ നിന്നും പുറത്ത് കടക്കുന്നവർക്കാണ് ജീവിതത്തിന്റെ സെഹിയോനുകളിൽ മുട്ടുകുത്താനാവുക.
ആയിരിക്കുന്ന ദൈവം (I am who am) ആയിത്തീരേണ്ട സാദ്ധ്യതകളെ ഓർമ്മിപ്പിക്കുകയാണ്. പൊടിനിറഞ്ഞ ഇടങ്ങളിൽ പാറ പൊട്ടിക്കുന്ന മനുഷ്യരുടെ ഇടയിലാണ് ദൈവം എന്ന് പൂജാവിധികളിൽ മുഴുകിയിരിക്കുന്ന പൂജാരിയോട് ടാഗോർ (ഗീതാഞ്ജലി) പറയുമ്പോൾ ഉദ്ദേശിച്ചതും ഇതു തന്നെ. ദൈവം ഉന്നതങ്ങളിൽ നിന്ന് താഴെയിറങ്ങി; നിങ്ങൾ ഉദ്ദേശിച്ചിടത്ത് അവിടുന്ന് ഇല്ല. ദൈവത്തിന് താഴാമെങ്കിൽ മനുഷ്യർക്ക് എന്തുകൊണ്ട് താഴ്ന്നുകൂടാ? ഭാരതീയ ചിന്ത ഇങ്ങനെ പറയും: മാനവസേവ തന്നെയാണ് മാധവസേവ!

***പെസഹാ ദിവസം യേശു ചുറ്റിയ കച്ച പ്രതീകാത്മകമായ അർത്ഥതലങ്ങൾ ഉള്ളതാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റ കല്ലറയിൽ അവശേഷിപ്പിച്ചു പോയത് ഒരു കച്ചയാണ്. (യോഹ 20:5) കച്ച കല്ലറയിൽ ഭദ്രമായി മടക്കി വച്ചിരിക്കുന്നു എന്ന് സുവിശേഷത്തിൽ വായിക്കുമ്പോൾ നമ്മൾ തിരിച്ചറിയേണ്ട സത്യമിതാണ്: ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമുക്കായി അവശേഷിപ്പിച്ചത് കച്ചയുടെ ശുശ്രൂഷയാണ്. നമുക്ക് മേൽക്കോയ്മയുടെ മേലങ്കികൾ മാറ്റിത്തുടങ്ങാം; താലത്തിൽ വെള്ളമെടുക്കാം, നിലത്തിരുന്ന് കാൽ കഴുകിത്തുടങ്ങാം. കാൽ നീട്ടിക്കൊടുക്കുമ്പോഴല്ല, മറിച്ച് പൊടിനിറഞ്ഞ പാദങ്ങൾ ഉള്ളവരുടെ അരികിൽ മുട്ടുകുത്തുമ്പോഴാണ് ദൈവം നിന്റെ അടുത്താകുന്നത്.***

***മുറിയപ്പെടുന്ന ദൈവം: മുറിക്കുന്തോറും വലുതാകുന്ന അപ്പം! എന്തൊരത്ഭുതമേ!***

പഴയ പെസഹയും പുതിയ പെസഹയും യാത്രാരംഭങ്ങളാണ്. പഴയ പെസഹയിൽ പുറപ്പാട് യാത്രയാണെങ്കിൽ പുതിയ നിയമത്തിൽ രക്തം വിയർപ്പാകുന്ന ഗത്സമേൻ വഴിയുള്ള കാൽവരി യാത്രയാണ്. പെസഹാവ്യാഴം തരുന്ന പാഠഭേദം ഇതാണ്: സ്നേഹം വെറുമൊരു വികാരമോ ഭാവമോ മാത്രമല്ല; അതൊരു നിലപാടാണ്; ഒരു പുറപ്പാട് യാത്രയാണ്: ഒരു ദിശാബോധമാണ്; ഉത്തമബോധ്യമാണ്.

സെഹിയോനിലെ അപ്പംമുറിക്കൽ ദൈവസാന്നിധ്യത്തെ പുതുക്കി നിർവചിക്കുന്നു. മുറിച്ച് പങ്കിടുന്നിടത്തെല്ലാം ദൈവസാന്നിധ്യമുണ്ട്. അപ്പം മുറിക്കൽ ജീവിതം മുറിക്കൽ തന്നെയാണ്. അപ്പത്തിന്റെ ഭവനമായ ബെത്‌ലഹേമിൽ പിറന്നവൻ സെഹിയോൻ മാളികയിൽ സർവർക്കും വേണ്ടിയുള്ള അപ്പമാവുകയാണ്. കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ സെഹിയോനിൽ വീഞ്ഞിനെ തിരുരക്തമാക്കുകയാണ്. ഏദനിൽ സർപ്പദംശനമേറ്റ ഹവ്വായുടെ മക്കൾക്ക് ദൈവപുത്രന്റെ രക്തദാനം! ആദത്തിന്റെ മക്കൾക്ക് ദൈവപുത്രന്റെ ആത്മരക്ഷാ ഡയാലിസിസ്!

ലാഭത്തെ ഉദാത്തീകരിച്ച് ശിഷ്ടത്തെ നേട്ടമാക്കുന്ന കമ്പോളത്തിന്റെ ദൃഷ്ടിയിൽ അപ്പം മുറിക്കുന്തോറും ചെറുതാവുകയാണ്. അപ്പോഴും ആകാശത്തിന്റെ ഒരു തുണ്ട് ഉള്ളിൽ സൂക്ഷിക്കുന്ന ചിലർ ഇങ്ങനെ പാടും: "ഇത്ര ചെറുതാകാൻ എത്ര വളരേണം." ലോകത്തിന് അത് കുരിശിന്റെ ഭോഷത്തമാണ്. ജൈവികമായി, മനുഷ്യരായ നാം ജീവിക്കുന്നത് ചുറ്റുപാടുനിന്നും പോഷണം സ്വീകരിക്കുന്നതിലൂടെയാണ്; എന്നാൽ ക്രിസ്തു നമ്മിൽ ജീവിക്കുന്നത് പിടിച്ചുവയ്ക്കാതെ പങ്കുവയ്ക്കുമ്പോഴാണ്. വെള്ളത്തിൽ അലിയുമ്പോൾ ഉപ്പ് അപ്രത്യക്ഷമാകും; എങ്കിലും ആ വെള്ളം മുഴുവൻ ഉപ്പിന്റെ സാന്നിധ്യമുണ്ടാകും. ദൈവത്തിന്റെ അപ്പം മുറിക്കുന്തോറും വലുതാകുന്ന അപ്പമാണ്. അത് പന്ത്രണ്ട് കുട്ടയല്ല, പന്ത്രണ്ടായിരം കുട്ടയിലധികം ബാക്കി വരും.

അപ്പം തന്റെ രൂപം പിടിച്ചു നിർത്തുന്നില്ല; അത് മുറിക്കപ്പെടാൻ സമ്മതിക്കുന്നു. ക്രിസ്തു തന്റെ സാന്നിധ്യത്തിന്റെ രൂപമായി മുറിക്കപ്പെടലിനെ തിരഞ്ഞെടുത്തു. മനുഷ്യജീവിതത്തിലെ എല്ലാ മുറിയലുകളിലും സാന്നിധ്യമായി അവൻ ഉണ്ട്. സെഹിയോനിൽ മുറിക്കപ്പെട്ട അപ്പം തന്നെയാണ് കാൽവരിയിൽ നുറുങ്ങിയ ശരീരമായി മാറിയത്. അതുകൊണ്ടാണ് ദേഹമാസകലം തകർക്കപ്പെട്ട അവനെ കണ്ടപ്പോൾ വിജാതീയ ശതാധിപൻ പറഞ്ഞത്: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനാണ്. പുതിയകാല കവി അതിനെ ഇങ്ങനെ വിവർത്തനം ചെയ്തു: "ഒരു ചെറുകാറ്റിൽ പറക്കുമീ ഗോതമ്പപ്പത്തിൽ വൻ കൊടുങ്കാറ്റുകൾ ഒടുക്കിയോനുണ്ടെന്നുള്ള നേരിൽ നീ നനയുക."

സെഹിയോൻ മാളികയെ "Upper Room" എന്നാണ് ഇംഗ്ലീഷിൽ ചിലർ വിവർത്തനം ചെയ്യുന്നത്. മുകളിലത്തെ മുറിയിൽ നിന്ന് താഴേക്കുള്ള ജീവിതങ്ങളിലേക്ക് കടക്കുമ്പോൾ ഓർക്കുക; ആ കൽപ്പന (Mandate) ഇന്നും നിലനിൽക്കുന്നു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ..." "ഇത് എന്റെ ഓർമ്മയ്ക്കായി...."

# ദുഃഖവെള്ളി



**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**

പെസഹാ ത്രിദിനത്തിലെ (Paschal Triduum) രണ്ടാമത്തെ ദിനമായ ദുഃഖവെള്ളി രക്ഷാകര ചരിത്രത്തിലെ ഏറ്റവും നിർണായകവും മർമ്മപ്രധാനവുമായ നിമിഷങ്ങളെ അനുസ്മരിപ്പിക്കുന്ന ദിനമാണ്. മാനവരാശിയുടെ പാപപരിഹാരത്തിനായി ദൈവപുത്രന്റെ ആത്മബലിയുടെ പൂർത്തീകരണം (Kenosis) കുരിശിൽ നിറവേറിയത് അന്നാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള പുതിയ ഉടമ്പടിയുടെ (New Covenant) മുദ്രവയ്ക്കലാണ് കുരിശു മരണത്തിൽ സംഭവിച്ചത്.

**ചരിത്രപരമായ വശങ്ങൾ**

സഭയുടെ പ്രാരംഭ കാലം മുതലേ ഈസ്റ്റർ ജാഗരണത്തിലെ (Easter Vigil) ഒരു ഭാഗമായിരുന്നു കഷ്ടാനുഭവസ്മരണ. എന്നാൽ ദുഃഖവെള്ളി ആചരണം ആരംഭിക്കുന്നത് നാലാം നൂറ്റാണ്ടിലാണ്. നാലാം നൂറ്റാണ്ടിൽ, എജീരിയ (Egeria) എന്ന തീർത്ഥാടക രേഖപ്പെടുത്തുന്നത് അനുസരിച്ച് നാലാം നൂറ്റാണ്ടിൽ ജെറുസലേമിൽ ദുഃഖവെള്ളി ആചരണം നടത്തിയിരുന്നു. അന്നേദിനം വിശ്വാസികൾ ഗോൽഗോത്തായിൽ ഒരുമിച്ചുകൂടി വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പ് വണങ്ങുന്ന രീതിയും അക്കാലത്ത് തന്നെ ആരംഭിച്ചിരുന്നു.

പീഡാനുഭവ അനുസ്മരണത്തിന്റെ ഭാഗമായി, പന്ത്രണ്ടാം നൂറ്റാണ്ടിൽ ഫ്രാൻസിസ്കൻ സന്യാസികളാണ് 'കുരിശിന്റെ വഴി' (Stations of the Cross) എന്ന ഭക്തിപ്രസ്ഥാനം പ്രചരിപ്പിച്ചത്. തീർത്ഥാടകരായി ജെറുസലേമിൽ പോകാൻ കഴിയാത്തവർക്ക് യേശുവിന്റെ പീഡാനുഭവങ്ങൾ അനുസ്മരിക്കാൻ ഇത് സഹായകമായി. ആദ്യകാലം മുതൽക്കേ ദുഃഖവെള്ളിയാഴ്ച ബൈബിളിലെ പീഡാനുഭവ ചരിത്രം (Passion Narrative) വായിക്കുന്ന രീതിയും പറയുന്ന കാര്യങ്ങളാണ് നിലവിലുണ്ട്.

യേശു കുരിശിൽ കിടന്ന 12 മണി മുതൽ 3 മണി വരെയുള്ള സമയം 'വിശുദ്ധ മൂന്നു മണിക്കൂർ ശുശ്രൂഷ' (Holy Three Hour Service) ആയി ആചരിക്കുന്ന പതിവ് പതിനേഴാം നൂറ്റാണ്ടിൽ ജെസ്യൂട്ട് വൈദികർ ആരംഭിച്ചു.

***ദൈവത്തിന്റെ മരണം***

ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ആഴങ്ങളിൽ ദുഃഖവെള്ളിയാഴ്ച ഒരു വൈരുദ്ധ്യത്തിന്റെ (Paradox) ദിനമാണ്. ജീവന്റെ ഉറവിടമായ ദൈവം ജീവൻ വെടിയുന്നു; പ്രപഞ്ചത്തിന്റെ നാഥൻ കുറ്റവാളിയായി ക്രൂശിക്കപ്പെടുന്നു.

ക്രിസ്തുവിജ്ഞാനീയത്തിൽ Communicatio idiomatum എന്നൊരു വാക്കുണ്ട്. യേശു ക്രിസ്തുവിലെ ദൈവിക സ്വഭാവവും (Divine Nature) മനുഷ്യസ്വഭാവവും (Human Nature) തമ്മിലുള്ള പരസ്പര കൈമാറ്റത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ക്രിസ്തു ഒരേസമയം പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായതുകൊണ്ട്, ദൈവത്തിന്റെ ഗുണഗണങ്ങൾ മനുഷ്യനായ ക്രിസ്തുവിനും, മനുഷ്യന്റെ ഗുണഗണങ്ങൾ ദൈവപുത്രനായ ക്രിസ്തുവിനും ആരോപിക്കപ്പെടുന്നു എന്നതാണ് ഇതിന്റെ സാരം.

ദൈവം മനുഷ്യനായി അവതരിച്ചു (Incarnation) എന്നത് ഒരു വിസ്മയമാണെങ്കിൽ ആ ദൈവം മനുഷ്യനാൽ കൊല്ലപ്പെട്ടു (Crucifixion) എന്നത് ആഴമായി ഒരു വേദനയാണ്. 'ദൈവം കുരിശിൽ മരിച്ചു' എന്ന് പറയുന്നത് ശരിയാണെന്ന് സഭ പഠിപ്പിക്കുന്നു. ഇത് മനുഷ്യബുദ്ധിക്ക് അതീതമായ ഒരു രഹസ്യമാണ് (Mystery of Faith). വിശുദ്ധ ഐറേനിയസ് (St. Irenaeus of Lyons) ദുഃഖവെള്ളിയെ 'പുനരധിഷ്ഠാപനം' (Recapitulation) എന്ന സിദ്ധാന്തത്തിലൂടെയാണ് വിശദീകരിക്കുന്നത്. ആദാം വഴി മനുഷ്യരാശിക്ക് നഷ്ടപ്പെട്ടതെല്ലാം ക്രിസ്തുവിലൂടെ വീണ്ടെടുക്കപ്പെട്ടു. മരത്തിൽ (അറിവിന്റെ മരം) നിന്ന് തുടങ്ങിയ വീഴ്ച, മറ്റൊരു മരത്തിൽ (കുരിശ്) പരിഹരിക്കപ്പെട്ടു എന്ന് അദ്ദേഹം പഠിപ്പിച്ചു. അപ്രകാരം, രണ്ടു തോട്ടങ്ങൾ തമ്മിലുള്ള ദൂരമാണ് – ഏദനും ഗെത്സമെനിയും – ദൈവം ഒരുക്കിയ രക്ഷാകര പദ്ധതിയുടെ ദൂരം.


പറുദീസായിലെ വിലക്കപ്പെട്ട മരത്തിൽ നിന്ന് ഭക്ഷിച്ച കനിമൂലം സംഭവിച്ച നാശത്തിന് കാൽവരിയിലെ മരക്കുരിശിലെ രക്ഷയുടെ കനി പരിഹാരമായി മാറുന്നു. അപ്രകാരം പ്രഥമ ആദത്തിന്റെ അനുസരണക്കേടിന്റെ ഫലമായി പാപവും മരണവും കടന്നു വന്നപ്പോൾ ദ്വിതീയ ആദമായ

യേശു ദൈവപിതാവിന്റെ ഇഷ്ടത്തിന് കീഴ്വഴങ്ങിയതോടെ രക്ഷയും നിത്യജീവനും സാധ്യമായി. ആദ്യത്തെ ആദത്തിൽ നിന്ന് രണ്ടാമത്തെ ആദത്തിലേക്ക് എത്തിച്ചേരാൻ ദൈവം ഒരുക്കിയ പദ്ധതിയാണ് രക്ഷാകര പദ്ധതി.

**എന്നേക്കുമുള്ള യോം കിപ്പൂർ**

കുരിശിലെ യേശു ഒരു ബലിമൃഗ മാണ്. അവിടുത്തെ രക്തം ബലിരക്തവുമാണ് . മനുഷ്യന്റെ രക്ഷയ്ക്കും പാപപരിഹാരത്തിനു മായി യഹൂദ ചരിത്രത്തിൽ അന്നോളം അർപ്പിക്കപ്പെട്ട എല്ലാ ബലികളുടെയും അനുഷ്ഠാന ങ്ങളുടെയും പൂർത്തീകരണ മാണത്. ഈജിപ്തിലെ അടിമ ത്തത്തിൽ നിന്ന് ഇസ്രയേലിനെ ദൈവം രക്ഷിച്ചത് കുഞ്ഞാടിന്റെ രക്തത്താലാണ്. ഇസ്രയേൽ ക്കാരുടെ വാതിൽ പടികളിലും കട്ടിളക്കാലുകളിലും കുഞ്ഞാടി ന്റെ രക്തം പതിച്ചതുകൊണ്ടാണ് അവർ സംഹാരദൂതന്റെ പ്രഹരത്തിൽ നിന്ന് രക്ഷപ്പെട്ടത്. അതുപോലെ, കാൽവരിയിലെ കുരിശിൽ പെസഹ കുഞ്ഞാടായി ബലിയർപ്പിക്കപ്പെട്ട യേശുവിന്റെ രക്തമാണ് മനുഷ്യകുലത്തിനും രക്ഷയ്ക്ക് കാരണമായി മാറിയത്. അനേകരുടെ മോചനദ്രവ്യമായ (Ransom for many) അർപ്പിക്കപ്പെട്ട ആ രക്തം വിശുദ്ധ കുർബാന യിലൂടെ നിത്യരക്ഷയുടെ പാനീയവുമായി മാറി.

പഴയനിയമത്തിൽ ദൈവ മനുഷ്യ ബന്ധത്തിന് അടിസ്ഥാനമായി മാറിയത് സീനായിൽ മോശവഴി ദൈവം ഇസ്രയേലുമായി സ്ഥാപിച്ച ഉടമ്പടിയാണ്. 'ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവും ആണ്' എന്ന ഉടമ്പടി വാക്യത്തിലൂടെ ഇസ്രായേൽ ജനം ദൈവജനമായി മാറുകയും ദൈവം ഇസ്രയേലിന്റെ ദൈവമായി മാറുകയും ചെയ്യുന്നു. എന്നാൽ ഇസ്രയേൽ ജനത്തിന്റെ അവിശ്വസ്തത മൂലം ഉടമ്പടി ബന്ധം തകരുന്നു. തകർന്നു പോയ ഈ ബന്ധം വർഷാവർഷ ങ്ങളിൽ നവീകരിക്കുന്നതിനായി ദൈവം സ്ഥാപിച്ചു കൊടുത്തതാണ് യോം കിപ്പൂർ എന്ന പാപ പരിഹാര ദിനം. അന്നേദിനം മുഖ്യ പുരോഹിതൻ ഒരു ബലിമൃഗത്തെ കൊന്ന് ജെറുസലേം ദേവാലയത്തിന്റെ അതിവിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് കുഞ്ഞാടിന്റെ രക്തം ദൈവത്തിന് അർപ്പിക്കുകയും തുടർന്ന് ആ രക്തം ജനത്തിന്മേൽ തളിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ, ഇസ്രയേൽ ജനത്തിന്റെ പാപങ്ങളെല്ലാം ആവാഹിച്ചെടുത്ത് മറ്റൊരു ബലി മൃഗത്തിന്റെ മേൽ നിക്ഷേപിക്കുകയും അതിനെ മരുഭൂമിയിൽ ബലിമൃഗമായി ഉപേക്ഷിക്കുകയും ചെയ്യുന്നു. കഴുകനും മറ്റും വന്ന് ആ ബലി മൃഗത്തിന്റെ ശരീരം കൊത്തി തിന്നുന്നു. ഈ രണ്ടു പ്രവർത്തികൾ വഴി ഇസ്രയേൽ ജനത്തിന്റെ പാപങ്ങൾ എല്ലാം ഇല്ലാതാകുന്നു എന്നും അവർ വിശ്വസിച്ചു. ഇത് ഓരോ വർഷവും ചെയ്യേണ്ട കർമ്മമാണ്. ഒരുവിധത്തിൽ പറഞ്ഞാൽ പുതിയ നിയമത്തിലെ യോം കിപ്പൂർ ആണ് ദുഃഖവെള്ളി. എന്നാൽ ഇത് പാപപരിഹാര ദിനത്തിന്റെ



പൂർണതയാണ്. എന്തെന്നാൽ കുരിശിലെ ബലി എല്ലാ കാലത്തെയും മനുഷ്യകുലത്തിന്റെ പാപപരിഹാരാർത്ഥം അർപ്പിക്കപ്പെട്ട എന്നന്നേക്കുമുള്ള ഏക ബലിയാണ്. പരാജയപ്പെട്ട പഴയ ഉടമ്പടിക്ക് പകരം യേശു സ്ഥാപിച്ച പുതിയ ഉടമ്പടി യുടെ മേലുള്ള മുദ്ര പതിക്കലാണ് ദുഃഖവെള്ളിയിൽ സംഭവിച്ചത്. ഇത് ഇനിയൊരിക്കലും ആവർ ത്തിക്കാനാവില്ല; ആവർത്തിക്കേണ്ട ആവശ്യവുമില്ല. ഒരിക്കൽ മാത്രം സംഭവിച്ചതും എന്നന്നേക്കു മുള്ളതുമായ ബലിയാണത്. ഈ ബലി മൃഗത്തെ കുറിച്ചാണ് അബ്രഹാം മോറിയ മലയിലേക്കുള്ള യാത്രാമധ്യേ തന്റെ പുത്രൻ ഇസഹാക്കിനോട് പറഞ്ഞത്. ബലിയർപ്പിക്കാൻ ഉള്ള കുഞ്ഞാട് എവിടെ എന്ന് ഇസഹാക്കിന്റെ ചോദ്യത്തിന് കുഞ്ഞാടിനെ ദൈവം തരും എന്ന് അബ്രഹാം പറഞ്ഞ മറുപടി ഒരു പ്രവചനം കൂടിയായിരുന്നു. ദൈവം തരുന്ന ആ കുഞ്ഞാടിനെ ജോർദാൻ നദിക്കരയിൽ വച്ച് സ്നാപകയോഹന്നാൻ ചൂണ്ടിക്കാട്ടുന്നു, ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.

***നിത്യമായ ബലി***

പുതിയ നിയമകാലത്തും ജെറുസലേം ദേവാലയത്തിൽ ധാരാളം ബലിയർപ്പണങ്ങളിൽ നടന്നിരുന്നു. ലേവ്യരുടെ പുസ്തകം നിഷ്കർഷിച്ചിരുന്ന പ്രധാന ബലികളെല്ലാം - ധാന്യബലി, പാപപരിഹാര ബലി, ദഹനബലി, സമാധാന ബലി, പ്രായിശ്ചിതബലി, തുടങ്ങിയവ - അക്കാലത്തും അവിടെ അർപ്പിക്കപ്പെട്ടു. ജെറുസലേം ദേവാലയത്തിലെ പെസഹാ ആഘോഷവേളയിൽ ആയിരക്ക ണക്കിന് കുഞ്ഞാടുകളെയാണ് ബലിയർപ്പിച്ചിരുന്നത്. ബലിപീഠത്തിന് താഴെയുള്ള ഓവുചാലുകളിലൂടെ ഈ കുഞ്ഞാടുകളുടെ രക്തം ഒഴുകി കെദ്രോൻ (Kidron Valley) തോടിൽ വന്ന് പതിക്കുമായിരുന്നു. യേശുവിനെ പടയാളികൾ ഗെത്സമെൻ തോട്ടത്തിൽ നിന്ന് കെദ്രോൻ തോടിന് മുകളിലൂടെ വലിച്ചിഴച്ച് കൊണ്ടുപോകുമ്പോൾ, മൃഗബലികളുടെ രക്തം ഒഴുകുന്ന അതേ പാതയിലൂടെ 'ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' കടന്നുപോവുകയായിരുന്നു.

പഴയനിയമത്തിലെ മൃഗബലികൾക്ക് പാപമോചനം നൽകാൻ കഴിയില്ലെന്നും, യഥാർത്ഥ ബലിയായ ക്രിസ്തുവിലൂടെ മാത്രമേ അത് സാധ്യമാകൂ എന്നും ഇത് പ്രഖ്യാപിക്കുന്നു. മനുഷ്യന്റെ പാപപരിഹാരാർത്ഥം ഇതുവരെ അർപ്പിച്ച ബലികളുടെയെല്ലാം രക്തം യേശുവിന്റെ രക്തത്തോട് അലിഞ്ഞുചേരുമ്പോൾ മനുഷ്യകുലത്തിന്റെ പാപപരിഹാരാർത്ഥമുള്ള ബലിയുടെ പൂർത്തീകരണമായി യേശുവിന്റെ ബലി മാറുന്നു.

ബലിമൃഗങ്ങളുടെ രക്തം പുരണ്ട തോടിലൂടെയാണ് യേശു കടന്നുപോയത്, അവിടുന്ന് സകല ബലികളെയും തന്നിലേക്ക് ആഗിരണം ചെയ്തു എന്നതിന്റെ സൂചനയാണ്. ഹെബ്രായർക്ക് എഴുതിയ ലേഖനം (അധ്യായം 9, 10) വ്യക്തമാക്കുന്നത് പോലെ, കാളകളുടെയും ആടുകളുടെയും രക്തത്തിന് പകരം സ്വന്തം രക്തംകൊണ്ട് അവിടുന്ന് വിശുദ്ധ മന്ദിരത്തിലേക്ക് പ്രവേശിച്ചു.

കല്ലിന്മേൽ കല്ല് ശേഷിക്കാത്തവിധം തകർക്കപ്പെടാനിരിക്കുന്ന ജെറുസലേം ദേവാലയത്തിലെ ബലികൾ അവസാനിക്കാറായി എന്ന് ആ രക്തനദി സാക്ഷ്യംവഹിക്കുന്നു. മൂന്ന് ദിവസത്തിനകം പണിയപ്പെടുന്ന പുതിയ ദേവാലയം (ക്രിസ്തുവിന്റെ ശരീരം) ലോകത്തിന് രക്ഷ നൽകാൻ ഒരുങ്ങിക്കഴിഞ്ഞു എന്ന് ഇത് സൂചിപ്പിക്കുന്നു.

ചില സഭാപിതാക്കന്മാർ (ഉദാഹരണത്തിന് വിശുദ്ധ അഗസ്റ്റിൻ) കെദ്രോൻ തോടിനെ പാപത്തിന്റെ ചെളിക്കുണ്ടായി വിശേഷിപ്പിക്കാറുണ്ട്. നമ്മുടെ പാപങ്ങളുടെ മാലിന്യങ്ങൾ നിറഞ്ഞ തോടിലേക്ക് (മനുഷ്യന്റെ അധഃപതിച്ച അവസ്ഥയിലേക്ക്) ദൈവം ഇറങ്ങിച്ചെന്നു എന്നതാണ് ഇതിലെ മർമ്മം.

'ദൈവം കുരിശിൽ മരിച്ചു' എന്ന് പറയുന്നത് ശരിയാണെന്ന് സഭ പഠിപ്പിക്കുന്നു. ഇത് മനുഷ്യബുദ്ധിക്ക് അതീതമായ ഒരു രഹസ്യമാണ് (Mystery of Faith).

വിശുദ്ധ ഐറേനിയസ് (St. Irenaeus of Lyons): ഇദ്ദേഹം 'പുനരധിഷ്ഠാപനം' (Recapitulation) എന്ന സിദ്ധാന്തത്തിലൂടെയാണ് ദുഃഖവെള്ളിയെ വിശദീകരിക്കു ന്നത്. ആദാം വഴി മനുഷ്യരാശിക്ക് നഷ്ടപ്പെട്ടതെല്ലാം ക്രിസ്തുവിലൂടെ വീണ്ടെടുക്കപ്പെട്ടു. മരത്തിൽ (അറിവിന്റെ മരം) നിന്ന് തുടങ്ങിയ വീഴ്ച, മറ്റൊരു മരത്തിൽ (കുരിശ്) പരിഹരിക്കപ്പെട്ടു എന്ന് അദ്ദേഹം പഠിപ്പിച്ചു.

വിശുദ്ധ സിറിൾ (St. Cyril of Jerusalem) തന്റെ കാറ്റക്കെറ്റിക്കൽ പ്രഭാഷണങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തി: 'അവിടുത്തെ മരണം ഒരു സാധാരണ മനുഷ്യന്റെ മരണമല്ല, മറിച്ച് മരണത്തെ ഇല്ലായ്മ ചെയ്ത ദൈവപുത്രന്റെ മരണമാണ്.' അവന്റെ മരണംവരെ നീതിമാന്മാർക്ക് മാത്രം പ്രവേശനം കൽപ്പിച്ചിരുന്ന ദൈവസന്നിധിയിലേക്ക് ഇനിമുതൽ ഏതൊരു പാപിക്കും കടന്നു ചെല്ലാനുള്ള സ്വാതന്ത്ര്യം തന്റെ മരണത്തിലൂടെ അവൻ സാധ്യമാക്കി. ദേവാലയത്തിലെ തിരശ്ശീല നെടുകെ കീറിക്കൊണ്ട് ദൈവ-മനുഷ്യ ബന്ധത്തിനിടയിലെ എല്ലാ മറകളും അവൻ നീക്കി. അവന്റെ രക്ഷയിലേക്ക് ഇനി ആർക്കും ധൈര്യത്തോടെ കടന്നുചെല്ലാം, അനുതാപമുള്ള മനസ്സോടെ.

# ക്രിസ്തുവിന്റെ ക്രൂശീകരണം

**കെ. ആർ ഷാജു**

*കത്തോലിക്ക പ്രബോധനമനുസരിച്ച് മനുഷ്യരക്ഷയുടെ കേന്ദ്രസംഭവമാണ് യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ. സുവിശേഷങ്ങൾ കുരിശിന്റെ അഗാധമായ ആത്മീയ പ്രാധാന്യം നമുക്ക് പകർന്നു നൽകുമ്പോൾ, ചരിത്രപരവും പുരാവസ്തുഗവേഷണപരവുമായ പഠനങ്ങൾ ക്രൂശീകരണത്തിന്റെ യഥാർത്ഥ ഭൗതികസാഹചര്യങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ ലേഖനം.*

***1. റോമൻ ക്രൂശീകരണം: ലക്ഷ്യവും പശ്ചാത്തലവും***

പരമാവധി വേദന നൽകുന്നതിനും പൊതുജനങ്ങൾക്ക് ഒരു താക്കീതാകുന്നതിനും വേണ്ടി രൂപകൽപ്പന ചെയ്ത ഒരു റോമൻ വധശിക്ഷയായിരുന്നു ക്രൂശീകരണം. അടിമകൾക്കും വിമതർക്കും റോമൻ പൗരത്വമില്ലാത്തവർക്കും വേണ്ടി മാറ്റിവച്ചിരുന്ന ഇത് തികച്ചും അപമാനകരവും ദീർഘനേരം നീണ്ടുനിൽക്കുന്നതുമായിരുന്നു.

**** പരസ്യമായ അപമാനം:***
കുരിശിൽ തറയ്ക്കപ്പെടുന്ന വ്യക്തിയെ വസ്ത്രങ്ങൾ പൂർണ്ണമായും നീക്കം ചെയ്താണ് നിർത്തിയിരുന്നത്. ഇത് ശാരീരിക വേദനയേക്കാൾ ഉപരിയായി വ്യക്തിയുടെ അന്തസ്സിനെ തകർക്കുന്നതായിരുന്നു. ജനക്കൂട്ടത്തിന്റെ പരിഹാസവും തുപ്പലുമെല്ലാം ഏറ്റുവാങ്ങി മണിക്കൂറുകളോളം തൂങ്ങിക്കിടക്കുന്നത് റോമൻ നിയമസംഹിതയിലെ ഏറ്റവും വലിയ ശിക്ഷാവിധി ആയിരുന്നു.

** മരണത്തിന്റെ ദൈർഘ്യം:*
ക്രൂശീകരണം ഉടനെ മരണം സംഭവിക്കുന്ന ഒന്നല്ല. ചില കുറ്റവാളികൾ ദിവസങ്ങളോളം കുരിശിൽ ജീവനോടെ ഇരുന്നിട്ടുണ്ട്. ദാഹം, സൂര്യതാപം, പ്രാണികളുടെ ശല്യം എന്നിവ മൂലം നരകയാതന അനുഭവിച്ചാണ് മരണം സംഭവിക്കുന്നത്. യേശുവിന്റെ കാര്യത്തിൽ, വെറും മൂന്ന് മണിക്കൂറിനുള്ളിൽ മരണം സംഭവിച്ചത് അവിടുത്തെ മുൻപേയുള്ള ശാരീരിക തളർച്ച യുടെ ആഴം വ്യക്തമാക്കുന്നു.



**** മൃതദേഹങ്ങളോടുള്ള അവഗണന:***
സാധാരണമായി ക്രൂശിക്കപ്പെട്ടവരുടെ മൃതദേഹങ്ങൾ കുരിശിൽ തന്നെ ഉപേക്ഷിക്കുകയാണ് പതിവ്. പക്ഷികൾക്കും വന്യമൃഗങ്ങൾക്കും ഭക്ഷണമാകാൻ വിട്ടുകൊടുക്കുന്നതിലൂടെ കുറ്റവാളിയുടെ ഓർമ്മയെപ്പോലും ഇല്ലാതാക്കാൻ റോമാക്കാർ ശ്രമിച്ചി രുന്നു. എന്നാൽ യേശുവിന്റെ കാര്യത്തിൽ,

അരിമത്യാക്കാരൻ ജോസഫ് പീലാത്തോസിനോട് അനുവാദം വാങ്ങി മൃതദേഹം മാന്യമായി സംസ്കരിച്ചത് റോമൻ കീഴ്‌വഴക്കങ്ങളിൽ നിന്നുള്ള ഒരു വലിയ മാറ്റമായിരുന്നു.

***2. കുരിശ്: ഘടനയും ചുമക്കലും***

പൊതുവെ കരുതപ്പെടുന്നതിന് വിപരീതമായി, കുരിശിന്റെ രൂപത്തിന് ഒരു പ്രത്യേക മാനദണ്ഡം ഉണ്ടായിരുന്നില്ല. പണ്ഡിതന്മാർ പ്രധാനമായും നാല് രൂപങ്ങൾ തിരിച്ചറിയുന്നു: Crux simplex (നേരായ തടി), Crux commissa ('T' ആകൃതി), Crux immissa ('†' ആകൃതി), Crux decussata ('X' ആകൃതി).

**** തടിയിലെ പരുക്കൻ അവസ്ഥ:*** കുരിശിന്റെ തടികൾ മിനുസപ്പെടുത്തിയവ ആയിരുന്നില്ല. പരുക്കൻ മരത്തടിയിൽ ഉരസി ചമ്മട്ടിയടിയേറ്റ പുറംഭാഗത്തെ മുറിവുകൾ വീണ്ടും പൊട്ടുകയും കഠിനമായ രക്തസ്രാവത്തിന് കാരണമാവുകയും ചെയ്യും. ഓരോ തവണ ശ്വാസമെടുക്കാൻ ശരീരം ഉയർത്തുമ്പോഴും ഈ പരുക്കൻ മരത്തിൽ മുറിവുകൾ ഉരസുന്നത് വർണ്ണിക്കാനാവാത്ത വേദനയാണ് നൽകുന്നത്.

**** ഭാരമേറിയ യാത്ര:*** ഏകദേശം 600 മീറ്ററോളം ദൂരം (Via Dolorosa) ഭാരമേറിയ പാറ്റിബുലം (Patibulum) ചുമന്നുകൊണ്ട് നടക്കുക എന്നത് അസാധ്യമായ ഒന്നായിരുന്നു. വീഴ്ചകളിൽ മരത്തടി ശരീരത്തിൽ അമരുന്നതും മുഖം നിലത്ത് അടിക്കുന്നതും യേശുവിന്റെ ശാരീരികാവസ്ഥയെ കൂടുതൽ വഷളാക്കി. സിമിയോൻ എന്നൊരാൾ സഹായിച്ചതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ഈ അവസ്ഥ മൂലമാകാം.

**** തലയ്ക്ക് മുകളിലെ ഫലകം*** *(*Titulus*):* യേശുവിന്റെ കുരിശിന് മുകളിൽ 'നസ്രായനായ യേശു യഹൂദന്മാരുടെ രാജാവ്' എന്ന ഫലകം ഉണ്ടായിരുന്നു. കുരിശിന്റെ ലംബമായ തടി (Stipes) തലയ്ക്ക് മുകളിലേക്ക് ഉയർന്നു നിന്നാലേ ഇത്തരമൊരു ഫലകം സ്ഥാപിക്കാൻ സാധിക്കൂ.

***3. ചമ്മട്ടിയടിയും ക്രൂശീകരണത്തിന് മുൻപുള്ള പീഡനങ്ങളും***

ലോഹക്കഷണങ്ങളോ എല്ലിൻ കഷണങ്ങളോ ഘടിപ്പിച്ച *ഫ്ളാഗ്രം* (Flagrum) എന്ന ചമ്മട്ടി കൊണ്ടാണ് പ്രതികളെ അടിച്ചിരുന്നത്. യേശുവിനെ ചമ്മട്ടിയടിച്ചതായി നാല് സുവിശേഷങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

**** ആന്തരിക അവയവങ്ങൾക്കേറ്റ ക്ഷതം:*** റോമൻ *ഫ്ളാഗ്രം* ചർമ്മം കീറുന്നതിനോടൊപ്പം ആന്തരിക അവയവങ്ങൾക്കും വൃക്കകൾക്കും കഠിനമായ ക്ഷതമേൽപ്പിക്കുന്നു. ഇത് ശരീരത്തിലെ ദ്രാവകങ്ങളുടെ സന്തുലിതാവസ്ഥ തെറ്റിക്കുകയും മസ്തിഷ്കത്തിലേക്കുള്ള രക്തയോട്ടം കുറയ്ക്കുകയും ചെയ്യുന്നു.

**** തീവ്രമായ ദാഹം:*** അമിതമായ രക്തനഷ്ടം മൂലം ശരീരത്തിലെ ജലാംശം പൂർണ്ണമായും ഇല്ലാതാകുന്നു (Hypovolemic shock). കുരിശിൽ കിടന്നുകൊണ്ട് യേശു 'എനിക്ക് ദാഹിക്കുന്നു' എന്നുപറഞ്ഞത് വെറുമൊരു വാക്കല്ല, മറിച്ച് ശാരീരികമായ വലിയൊരു തളർച്ചയുടെ പ്രകടമായ അയൊളമായിരുന്നു.

**** മാനസികമായ പീഡനം:*** മുൾക്കിരീടം ധരിപ്പിച്ചതും, ചുവന്ന വസ്ത്രം അണിയിച്ചതും, പരിഹാസവുമെല്ലാം ഒരു വ്യക്തിയുടെ ആത്മവീര്യത്തെ തകർക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. വൈദ്യ ശാസ്ത്രപരമായി, ഇത്തരമൊരു തീവ്രസമ്മർദ്ദം (Stress) രക്തത്തിലെ അഡ്രിനാലിൻ അളവ് വർദ്ധി പ്പിക്കുകയും ഹൃദയത്തിന്റെ പ്രവർത്തനത്തെ കൂടുതൽ ക്ലേശകരമാക്കുകയും ചെയ്യുന്നു.

***4. ആണി തറയ്ക്കുന്ന രീതിയും തെളിവുകളും***

1968-ൽ ജെറുസലേമിൽ നിന്ന് ലഭിച്ച യെഹോഹാനാൻ (Yehohanan) എന്ന വ്യക്തിയുടെ അവശിഷ്ടങ്ങളിൽ കുതികാൽ എല്ലിലൂടെ തറച്ച ഇരുമ്പ് ആണി കണ്ടെത്തിയിട്ടുണ്ട്. ഇത് ആണി തറച്ചുള്ള റോമൻ രീതിയെ ശരിവയ്ക്കുന്നു.

**** മണിബന്ധത്തിലെ ആണികൾ:*** ശരീരഭാരം താങ്ങാൻ മണിബന്ധത്തിലെ (Wrist) എല്ലുകൾ ക്കിടയിലൂടെ ആണി തറയ്ക്കുന്നതാണ് പ്രായോഗികമായ രീതി. അവിടത്തെ പ്രധാന നാഡി (Median nerve) തകരുന്നത് കൈകളിലൂടെ വൈദ്യുതാഘാതം ഏൽക്കുന്നത് പോലെയുള്ള അസഹനീയമായ വേദനയ്ക്ക് കാരണമാകുന്നു.

**** കാലുകളുടെ ക്രമീകരണം:*** കുതികാൽ എല്ലിലൂടെയോ അല്ലെങ്കിൽ പാദത്തിലെ അസ്ഥികൾക്കിടയിലൂടെയോ ആണ് ആണി തറച്ചിരുന്നത്. മുട്ടുകൾ അല്പം മടക്കിവച്ചാണ് ഇത് ചെയ്തിരുന്നത്. ശ്വാസമെടുക്കാൻ പ്രതിക്ക് ആണി തറച്ച ഈ ഭാഗത്ത് സമ്മർദ്ദം നൽകേണ്ടി വരുന്നത് ശരീരം മുഴുവൻ വ്യാപിക്കുന്ന വേദനയ്ക്ക് കാരണമാകുന്നു.

**** സന്ധികളുടെ അവസ്ഥ:*** കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ ശരീരത്തിന്റെ ഭാരം മുഴുവൻ ആണികളിൽ കേന്ദ്രീകരിക്കുന്നതിനാൽ കൈമുട്ടുകൾക്കും തോളെല്ലുകൾക്കും സ്ഥാനഭ്രംശം (Dislocation) സംഭവിക്കാൻ സാധ്യതയുണ്ട്. 'എന്റെ അസ്ഥികളെല്ലാം സന്ധികളിൽ നിന്ന് വേർപെട്ടിരിക്കുന്നു' എന്ന സങ്കീർത്തന വചനം (22:14) ഇവിടെ അന്വർത്ഥമാകുന്നു.

***5. മരണകാരണം: ശാരീരിക പ്രത്യാഘാതങ്ങൾ***

ക്രൂശീകരണം സഹനം നീട്ടിക്കൊണ്ടുപോകാൻ രൂപകൽപ്പന ചെയ്തതായിരുന്നു. കൈകൾ വിരിച്ചും കാലുകൾ

മടക്കിയും തൂങ്ങിക്കിടക്കുമ്പോൾ ശ്വാസം വിടുക എന്നത് അതീവ ദുഷ്കരമാണ്.

**** ശ്വാസകോശത്തിലെ സമ്മർദ്ദം:*** കൈകൾ വലിച്ചുകെട്ടി തൂങ്ങുമ്പോൾ ശ്വാസം പുറത്തേക്ക് വിടാൻ (Exhalation) കഴിയാതെ വരികയും രക്തത്തിൽ അസിഡിറ്റി വർദ്ധിക്കുകയും (Respiratory Acidosis) ചെയ്യുന്നു. ഇത് ഹൃദയമിടിപ്പിന്റെ താളം തെറ്റിക്കുന്നു.


**** ഹൃദയത്തിന് ചുറ്റുമുള്ള ദ്രാവകം:*** യേശുവിന്റെ വിലാപ്പുറത്ത് കുന്തം കൊണ്ട് കുത്തിയപ്പോൾ രക്തവും വെള്ളവും പുറപ്പെട്ടത് ഹൃദയത്തിന് ചുറ്റുമുള്ള ദ്രാവകം (Pericardial effusion) പുറത്തുവന്നതിനെ സൂചിപ്പിക്കുന്നു. കഠിനമായ വേദനയും ആഘാതവും മൂലം സംഭവിച്ച ഹൃദയസ്തംഭനത്തിന്റെ ലക്ഷണമായിരുന്നു ഇത്.

**** ഹൃദയം പിളരുന്ന വേദന:*** യേശുവിന്റെ പെട്ടെന്നുള്ള മരണം ശ്വാസംമുട്ടലിനേക്കാൾ ഉപരിയായി, ഹൃദയം പിളരുന്നതിന് തുല്യമായ ആന്തരിക ആഘാതം (Cardiac rupture) മൂലമാകാൻ സാധ്യതയുണ്ടെന്ന് പല ആധുനിക വിദഗ്ധരും അഭിപ്രായപ്പെടുന്നു.

***6. ദൈവശാസ്ത്രപരമായ പ്രാധാന്യം***

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം, കുരിശിന്റെ ചരിത്രപരമായ ഈ യാഥാർത്ഥ്യം ക്രിസ്തുവിന്റെ ബലിയുടെ ആത്മീയ അർത്ഥത്തെ വർദ്ധിപ്പിക്കുന്നു.

**** ബലിയുടെ പൂർണ്ണത:*** ഈ സഹനങ്ങളെല്ലാം യേശു ഏറ്റുവാങ്ങിയത് നിർബന്ധിതനായല്ല, മറിച്ച് സ്വമേധയാ ആണ്. അപമാനത്തിന്റെയും



ഭീതിയുടെയും പ്രതീകമായിരുന്ന കുരിശിനെ യേശു രക്ഷയുടെ ബലിപീഠമാക്കി മാറ്റി.

**** വിശുദ്ധ കുർബാനയും കുരിശും:*** കുരിശിലെ ഈ ബലിയുടെ തുടർച്ചയാണ് ഓരോ വിശുദ്ധ കുർബാനയും. അന്ന് ചിന്തിയ രക്തവും തകർക്കപ്പെട്ട ശരീരവും ഇന്നും വിശ്വാസികൾക്ക് ജീവന്റെ അപ്പമായി മാറുന്നു.


**** പുതിയ ആദത്തിന്റെ പരിഹാരബലി:*** ആദ്യ ആദം ഒരു തോട്ടത്തിൽ ദൈവത്തോട് അനുസരണക്കേട് കാട്ടിയപ്പോൾ, പുതിയ ആദമായ ക്രിസ്തു ഗെത്സെമനിയിൽ ദൈവഹിതത്തിന് കീഴടങ്ങി. കാൽവരിയിലെ കുരിശ് ഭൂമിയെയും സ്വർഗ്ഗത്തെയും തമ്മിൽ യോജിപ്പിക്കുന്ന സ്നേഹത്തിന്റെ ഗോവണിയായി മാറി.

യേശുവിന്റെ ക്രൂശീകരണം വെറുമൊരു ചരിത്ര സംഭവമല്ല. അത് മനുഷ്യരാശിയെ വീണ്ടെടുക്കാൻ ദൈവം സ്വയം സമർപ്പിച്ചതിന്റെ പരമകാഷ്ഠയാണ്. ചരിത്രവും ശാസ്ത്രവും ഈ പീഡാനുഭവങ്ങളെ സാക്ഷ്യപ്പെടുത്തുമ്പോൾ, കുരിശ് നമുക്ക് പ്രത്യാശയുടെയും നിത്യജീവന്റെയും അടയാളമായി മാറുന്നു.

# കാൽവരിയിലെ രണ്ട് കള്ളന്മാർ: ദിസ്മാസും ഗെസ്താസും



**ഫാ. ജോബ്
കുണ്ടോണി**




യേശുക്രിസ്തുവിന്റെ പീഡാനുഭവ ചരിത്രത്തിന്റെ ക്ലൈമാക്സിൽ, രണ്ട് കുറ്റവാളികൾക്കിടയിലാണ് യേശു ക്രൂശിക്കപ്പെട്ടതെന്ന് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. റോമൻ അധികാരികളുടെ കീഴിൽ യേശുക്രിസ്തു വധിക്കപ്പെട്ട ഗൊൽഗോത്തയിലാണ് ഈ സംഭവം നടക്കുന്നത്. സുവിശേഷ വിവരണങ്ങൾ അനുസരിച്ച്, രണ്ട് കുറ്റവാളികളെ അവന്റെ കൂടെ, ഒരുവനെ വലതുവശത്തും മറ്റേവനെ ഇടതുവശത്തുമായി ക്രൂശിച്ചു (മത്തായി 27:38; മർക്കോസ് 15:27; ലൂക്കാ 23:33).

കാനോനിക സുവിശേഷങ്ങളിൽ ഇവരുടെ പേരുകൾ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, ക്രൈസ്തവ പാരമ്പര്യം പ്രത്യേകിച്ച് നിക്കോദേമോസിന്റെ സുവിശേഷം അനുതപിച്ച കള്ളനെ വിശുദ്ധ ദിസ്മാസ് എന്നും, അനുതപിക്കാത്തവനെ ഗെസ്താസ് എന്നും തിരിച്ചറിയുന്നു. ഈ രണ്ട് വ്യക്തികളുടെ കഥ ക്രൈസ്തവ ആത്മീയതയിലെ ഏറ്റവും അഗാധമായ ഒരു ദൈവശാസ്ത്ര പ്രതീകമാണ്: ക്രിസ്തുവിന്റെ സാന്നിധ്യത്തോടുള്ള മനുഷ്യന്റെ രണ്ട് പ്രതികരണങ്ങൾ അനുതാപം അല്ലെങ്കിൽ തിരസ്കരണം.

***ചരിത്രപരവും വേദപുസ്തകപരവുമായ പശ്ചാത്തലം***

മത്സരബുദ്ധികൾ, കുറ്റവാളികൾ, അടിമകൾ എന്നിവർക്കായി നീക്കിവച്ചിരുന്ന ക്രൂരമായ ഒരു റോമൻ വധശിക്ഷാരീതിയായിരുന്നു ക്രൂശീകരണം. ഇത് ഒരുവനെ കൊല്ലാൻ മാത്രമല്ല, പരസ്യമായി അപമാനിക്കാനും ഉദ്ദേശിച്ചുള്ളതായിരുന്നു. യേശുവിനെ രണ്ട് കുറ്റവാളികളോടൊപ്പം ക്രൂശിച്ചത്, മിശിഹാ 'പാപികളോടുകൂടെ എണ്ണപ്പെടുകയും ചെയ്തു' എന്ന ഏശയ്യാ പ്രവചനത്തിന്റെ പൂർത്തീകരണമാണെന്ന് സുവിശേഷങ്ങൾ വ്യക്തമാക്കുന്നു.

**സമവീക്ഷണ സുവിശേഷങ്ങളിൽ:**

* മത്തായിയും മർക്കോസും സൂചിപ്പിക്കുന്നത് രണ്ട് കുറ്റവാളികളും തുടക്കത്തിൽ യേശുവിനെ പരിഹസിച്ചു എന്നാണ്.

* ലൂക്കാ ഇവിടെ

നാടകീയമായ ഒരു മാറ്റം അവതരിപ്പിക്കുന്നു: ഒരു കുറ്റവാളി യേശുവിനെ പരിഹസിക്കുമ്പോൾ, മറ്റൊരുവൻ അവനെ ശകാരിക്കുകയും യേശുവിനോട് കരുണയ്ക്കായി അപേക്ഷിക്കുകയും ചെയ്യുന്നു. അനുതപിച്ച കള്ളന്റെ വാക്കുകൾ ലൂക്കാ ഇപ്രകാരം രേഖപ്പെടുത്തുന്നു: 'യേശുവേ, നീ നിന്റെ രാജ്യത്തിൽ പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ.' യേശു അവനോടു പറഞ്ഞു: 'സത്യമായി ഞാൻ നിന്നോടു പറയുന്നു, ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും.'

**അനുതപിച്ച കള്ളൻ: വിശുദ്ധ ദിസ്മാസ്**

ക്രൈസ്തവ പാരമ്പര്യം അനുതപിച്ച കുറ്റവാളിയെ വിശുദ്ധ ദിസ്മാസ് എന്നു വിളിക്കുന്നു. അദ്ദേഹം പലപ്പോഴും 'നല്ല കള്ളൻ' എന്നറിയപ്പെടുന്നു. കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ, ദിസ്മാസ് ആഴമായ ഒരു ആത്മീയ പരിവർത്തനത്തിന് വിധേയനാകുന്നു. അദ്ദേഹം മൂന്ന് പ്രധാന സത്യങ്ങൾ തിരിച്ചറിയുന്നു:

* **നീതിയുടെ അംഗീകാരം:** താൻ ശിക്ഷ അർഹിക്കുന്നുവെന്ന് അദ്ദേഹം സമ്മതിക്കുന്നു.

* **നിഷ്കളങ്കതയുടെ അംഗീകാരം:** യേശു 'അരുതാത്തത് ഒന്നും ചെയ്തിട്ടില്ല' എന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു.

* **രാജത്വത്തിന്റെ അംഗീകാരം:** വരാനിരിക്കുന്ന ഒരു രാജ്യമുള്ള രാജാവായി അദ്ദേഹം യേശുവിനെ അഭിസംബോധന ചെയ്യുന്നു.

വിശുദ്ധ ജോൺ ക്രിസോസ്തം ഈ വിശ്വാസത്തെക്കുറിച്ച് ഇപ്രകാരം നിരീക്ഷിക്കുന്നു: 'കള്ളൻ യേശുവിനെ സിംഹാസനത്തിലിരിക്കുന്ന രാജാവായിട്ടല്ല കണ്ടത്, മറിച്ച് കുരിശിൽ തറയ്ക്കപ്പെട്ടവനായിട്ടാണ്. എന്നിട്ടും അവൻ അവനെ ദൈവമായി ഏറ്റുപറഞ്ഞു. അത്ഭുതകരമായ വിശ്വാസം! അവൻ മുറിവുകളെ കണ്ടു, പക്ഷേ സ്വർഗ്ഗരാജ്യത്തെ വിശ്വസിച്ചു.'

**അനുതപിക്കാത്ത കള്ളൻ: ഗെസ്താസ്**


പരമ്പരാഗതമായി ഗെസ്താസ് എന്ന് വിളിക്കപ്പെടുന്ന മറ്റേ കുറ്റവാളി വ്യത്യസ്തമായാണ് പ്രതികരിക്കുന്നത്.
അനുതാപത്തിന് പകരം, അവൻ യേശുവിനെ പരിഹസിക്കുന്ന ജനക്കൂട്ടത്തോടൊപ്പം ചേരുന്നു: 'നീ ക്രിസ്തുവല്ലേ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്കുക.'
ദൈവകൃപയെ നേരിട്ട് അഭിമുഖീകരിച്ചിട്ടും അത് നിരസിക്കാനുള്ള മനുഷ്യന്റെ ദാരുണമായ സാധ്യതയെ ഗെസ്താസ് പ്രതിനിധീകരിക്കുന്നു.
വിശുദ്ധ അഗസ്റ്റിൻ ഈ വൈരുദ്ധ്യത്തെക്കുറിച്ച് ഗൗരവകരമായ ഒരു മുന്നറിയിപ്പ് നൽകുന്നു:
'ഒരാൾ രക്ഷിക്കപ്പെട്ടു (ദിസ്മാസ്), അതിനാൽ ആരും നിരാശപ്പെടേണ്ടതില്ല; എന്നാൽ ഒരാൾ മാത്രമേ രക്ഷിക്കപ്പെട്ടുള്ളൂ, അതിനാൽ ആരും അമിതമായി ആത്മവിശ്വാസം കൊള്ളുകയും ചെയ്യരുത്.'

ആത്മീയമായി പറഞ്ഞാൽ, ഓരോ മനുഷ്യജീവിതവും ഈ രണ്ട് പ്രതികരണങ്ങൾക്കിടയിലാണ് നിൽക്കുന്നത്. അതിനാൽ കുരിശ് മരണത്തിന്റെ ഉപകരണം മാത്രമല്ല, തീരുമാനത്തിന്റെ ഇടം കൂടിയായി മാറുന്നു.
വിശുദ്ധ തോമസ് അക്വീനാസ് ഇതിനെ ദൈവകൃപയുമായി ബന്ധിപ്പിക്കുന്നു.
കർത്താവ് അവന് 'ഇന്ന്' എന്ന് വാഗ്ദാനം നൽകി, കാരണം ദൈവകൃപയ്ക്ക് കാലതാമസമില്ല. അനുതപിക്കുന്ന ഹൃദയത്തിന് ദൈവം ഉടൻ തന്നെ മറുപടി നൽകുന്നു.
മരണത്തിന്റെ വക്കിലെ കൃപ ദിസ്മാസിന്റെ മാനസാന്തരം സവിശേഷ പ്രാധാന്യമുള്ളതാണ്, കാരണം അത് ജീവിതത്തിന്റെ അവസാന നിമിഷങ്ങളിലാണ് സംഭവിക്കുന്നത്.
അദ്ദേഹത്തിന്റെ കഥ ചില പ്രധാന ദൈവശാസ്ത്ര തത്ത്വങ്ങൾ തെളിയിക്കുന്നു:

* ഒരു പാപിയും വീണ്ടെടുപ്പിന് അപ്പുറമല്ല.
* അവസാന നിമിഷത്തിലും വിശ്വാസം ഉടലെടുക്കാം.
* ദൈവിക കാരുണ്യം മനുഷ്യന്റെ പരാജയങ്ങളേക്കാൾ വലുതാണ്.


പല ക്രൈസ്തവ പാരമ്പര്യങ്ങളിലും, രക്ഷ എന്നത് കേവലം പ്രവൃത്തികൾ കൊണ്ട് സമ്പാദിക്കുന്നതല്ല, മറിച്ച് കൃപയിലൂടെയും അനുതാപത്തിലൂടെയും നൽകപ്പെടുന്നതാണെന്ന ഓർമ്മപ്പെടുത്തലാണ് ഈ കഥ. വിശുദ്ധ ദിസ്മാസിന്റെയും ഗെസ്താസിന്റെയും കഥ ക്രൂശീകരണ വിവരണത്തിലെ ഒരു ചെറിയ വിശദാംശം മാത്രമല്ല. ഇത് മനുഷ്യരാശിയുടെ ആഴമേറിയ ഒരു ആത്മീയ കണ്ണാടിയായി വർത്തിക്കുന്നു.
*രണ്ട് കള്ളന്മാരും കുറ്റവാളികളായിരുന്നു. രണ്ടുപേരും ഒരേ വിധി അനുഭവിച്ചു. രണ്ടു പേരും ക്രിസ്തുവിനെ കണ്ടുമുട്ടി. എന്നിട്ടും ഒരാൾ കൈപ്പോടെ മരിച്ചു, മറ്റേയാൾ വിശ്വാസത്തോടെ മരിച്ചു. ഗൊൽഗോത്തയിലെ ആ അവസാന മണിക്കൂറിൽ, യേശുവിലേക്ക് തിരിഞ്ഞ മരിക്കാറായ ആ കള്ളന് പറുദീസയുടെ വാഗ്ദാനം ലഭിച്ചു മരണത്തിന്റെ വക്കിൽ പോലും, അന്വേഷിക്കുന്നവർക്കായി ദൈവകാരുണ്യം തുറന്നിരിക്കുന്നുവെന്ന് ഇത് തെളിയിക്കുന്നു. അതുകൊണ്ട്, രണ്ട് കള്ളന്മാരും ആത്യന്തികമായ ആത്മീയ ചോദ്യത്തെ പ്രതിനിധീകരിക്കുന്നു: ഓരോ മനുഷ്യനും ക്രിസ്തുവിനോട് എങ്ങനെ പ്രതികരിക്കും?*

# വിലാപം



ചിറ്റൂർ ഗോപി

**ചുറ്റും കരിന്തിരിനാളം,**
**പുകച്ചുരുൾ അട്ടഹസിച്ചും കൊണ്ടാർക്കുന്നു,**
**മേലെയാ.....**
**രക്തം വിയർപ്പാക്കി തൂകുന്നു ആകാശം**
**പക്ഷികളൊക്കെ പറന്നു ഭയത്തൊടെ...**
**കാൽവരിക്കുന്നിൽ കഴുകന്റെ തൂവലിൽ പോലും**
**ചുടുരക്തം ചിന്തിത്തെറിയ്ക്കുന്നു........**
**കാലുകൾ മണ്ണിൽ ഉറയ്ക്കാതെ**
**നാഥനോ, മുൾമുടി ചൂടി കുരിശേന്തി**
**നീങ്ങുന്നൂ..........**
**കാരിരുമ്പാണി തറയ്ക്കുമ്പോൾ പോലുമീ,**
**പാപികൾക്കായന്ന് പ്രാർത്ഥിച്ചു യേശുവും.....**
**മോഹിച്ചതില്ല തനിയ്ക്കായി ഒന്നുമേ...**
**ചോദിച്ചതില്ലല്ലോ എന്തിനീ പീഡനം!**
**ദേഹം തളർന്നന്ന് നീങ്ങി നിരങ്ങവെ**
**യാതന സർവവും നേരിട്ട നാഥനോ-**
**പ്രാർത്ഥിച്ചതൊക്കെയും പാപികൾക്കായ്, സ്വയം-**
**ഹോമിച്ചു ജീവിതം മാനവ രക്ഷയ്ക്കായ്..**
**അല്പം ദയ പോലും യാചിച്ചതില്ലവൻ**
**അന്യായമെന്തിനെന്നാരാഞ്ഞതില്ലവൻ**
**ദൈവഹിതത്തെ നിറഞ്ഞ കണ്ണോടിതാ..**
**സ്വീകരിച്ചല്ലോ ഈ ലോകത്തിൻ പാലകൻ....**
**ത്യാഗസമ്പന്നമാം യേശുവിൻ ജീവിതം..**
**മാതൃകയാക്കി നാം ജീവിതവീഥിയിൽ..**
**സ്നേഹം വിതയ്ക്കണം, നാളെ നാം**
**കൊയ്യുമ്പോൾ.....**
**ലോകം വിശുദ്ധമാം അൾത്താരയാകിടും.....**



# പ്രാർത്ഥനയിലൂടെ ഒരു സ്വപ്നത്തിന്റെ തിരിച്ചുവരവ്



**ബിജോ സിൽവേരി**




സഞ്ജു സാംസന്റെ കഥ ക്രിക്കറ്റിന്റെ അതിരുകൾക്കപ്പുറത്തേക്കാണ് നമ്മെ കൊണ്ടുപോകു ന്നത്. അത് ഒരു ബാറ്റ്സ്മാന്റെ സ് കോറുകളുടെ കഥ മാത്രമല്ല; വിമർശനങ്ങളോടുള്ള സഹനത്തിന്റെ കഥ കൂടിയാണ്. അവസരങ്ങൾ നഷ്ടപ്പെട്ടാലും സ്വപ്നം നഷ്ടപ്പെടരുതെന്ന ഓർമ്മപ്പെടുത്തലാണ്. ആ പ്രതിഭയുടെ മിന്നൽ, ലോകം പലവട്ടം കണ്ടിട്ടുണ്ടെങ്കിലും അവഗണനയുടെ നീണ്ട നിഴൽ സഞ്ജുവിനെ വർഷങ്ങളോളം പിന്തുടർന്നു. ടീമിൽ ഇടം നഷ്ടപ്പെട്ട നിമിഷങ്ങളും വിമർശനങ്ങളുടെ കൊടുങ്കാറ്റും അദ്ദേഹത്തെ തളർത്തിയില്ല. മറിച്ച്, ഓരോ പരാജയവും ഒരു നിശ്ശബ്ദ തയ്യാറെടുപ്പായി മാറി. ഒരിക്കൽ സംശയത്തിന്റെ നിഴലിൽ നിന്നിരുന്ന ആ താരം പിന്നീട് ക്രീസിൽ നിൽക്കുമ്പോൾ ഓരോ ഷോട്ടും ഒരു സന്ദേശമാണ് പറഞ്ഞത്; കാത്തിരിപ്പിന് അർത്ഥമുണ്ട്. പരിശ്രമത്തിന് ഫലം ഉണ്ടാകും. വിശ്വാസം ഒടുവിൽ ജയിക്കും.

കായിക ലോകത്ത് പ്രതിഭയുള്ള താരങ്ങൾ കുറവല്ല. എന്നാൽ പ്രതിഭ മാത്രം ഒരു താരത്തെ സ്ഥിരമായി ഉയരങ്ങളിലെത്തിക്കണമെന്നില്ല. അവസരങ്ങളും സമ്മർദ്ദങ്ങളും വിമർശനങ്ങളും ചേർന്നാണ് ഒരു കായികതാരത്തിന്റെ യഥാർത്ഥ കഥ എഴുതപ്പെടുന്നത്. അത്തരമൊരു കഥയാണ് സഞ്ജു സാംസൺ എന്ന താരത്തിന്റെ

ജീവിതം. വർഷങ്ങളോളം സഞ്ജു സംശയങ്ങളുടെ നിഴലിലായിരുന്നു. ടീമിൽ നിന്ന് പുറത്താകുകയും അവസരങ്ങൾ കുറയുകയും ചെയ്തപ്പോൾ ചിലർ അദ്ദേഹത്തിന്റെ രാജ്യാന്തര കരിയർ അവസാനിച്ചതായി പോലും വിധിയെഴുതി. ഓരോ ടൂർണമെന്റിന്റേയും ടീം പ്രഖ്യാപന സമയത്ത് ഒരേ ചോദ്യം വീണ്ടും ഉയർന്നു: “എന്തിന് സഞ്ജു സാംസൺ ടീമിലുണ്ടാകണം?”

ഇന്ത്യൻ ക്രിക്കറ്റ് ടീം മാനേജർ ഗൗതം ഗംഭീറും മറ്റു സെലക്ടർമാരും മനസില്ലാ മനസോടെയാണ് സഞ്ജുവിനെ ട്വന്റി-ട്വന്റി ലോകകപ്പ് ടീമിലെടുത്തത്. കാരണം, അഭിഷേക് ശർമ മുതൽ റിങ്കു സിംഗ് വരെ ഫോമിലുള്ള 7 ബാറ്റ്സ്മാൻമാരാണ് ആദ്യ ഇലവനിൽ ഉണ്ടായിരുന്നത്. ലോകകപ്പിന് മുന്നോടിയായി നടന്ന ഒരു പത്രസമ്മേളനത്തിൽ ഇന്ത്യൻ നായകനായ സൂര്യകുമാർ യാദവിനോട് മാധ്യമപ്രവർത്തകരുടെ ഒരു ചോദ്യം അന്നത്തെ വാർത്താ ചർച്ചകളുടെ കേന്ദ്രമായിരുന്നു. ‘സഞ്ജു സാംസണ് ടീമിൽ അവസരം നൽകുമോ? അദ്ദേഹം പ്ലെയിംഗ് ഇലവനിൽ ഇടം നേടുമോ?’ സൂര്യകുമാർ യാദവ് ചെറിയൊരു പുഞ്ചിരിയോടെ മറുപടി പറഞ്ഞു: ‘അപ്പോൾ നിങ്ങൾ പറയുന്നത് സഞ്ജുവിനെ ആർക്ക് പകരമാണ് കളിപ്പിക്കേണ്ടത് എന്നാണ്? അഭിഷേക് ശർമയുടെ സ്ഥാനത്തോ... അതോ തിലക് വർമയുടെ സ്ഥാനത്തോ?’ ലോകകപ്പിന് മുമ്പുവരെ അത്യുജ്ജ്വല ഫോമിൽ കളിച്ചിരുന്ന ഈ രണ്ടു താരങ്ങളും ലോകകപ്പിൽ നിറം മങ്ങിപ്പോയത് പിന്നീട് ക്രിക്കറ്റ് ലോകം കണ്ടു. ലോക കപ്പിന്റെ ആദ്യ നാല് മത്സരങ്ങളിലും സൈഡ് ബെഞ്ചിലിരുന്ന സഞ്ജു, പിന്നീട് ലഭിച്ച അഞ്ച് അവസരങ്ങൾ കൊണ്ട് തന്നെ ടൂർണമെന്റിന്റെ കഥ മാറ്റി എഴുതുകയായിരുന്നു. അഞ്ചു കളികളിൽ നിന്നു മാത്രം 321 റൺസ്.



പല താരങ്ങളും ഇത്തരം വിമർശനങ്ങളിൽ തകർന്നുപോകും. ചിലർ വാക്കുകളാൽ തിരിച്ചടിക്കും. പക്ഷേ സഞ്ജു തിരഞ്ഞെടുത്തത് നിശ്ശബ്ദതയുടെ വഴിയായിരുന്നു. കൂടുതൽ പരിശീലനം, കൂടുതൽ തയ്യാറെടുപ്പ്, പ്രാർഥന. അവസരം ലഭിക്കുന്ന നിമിഷം വരെ കാത്തിരിപ്പ് അതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പല ക്രിക്കറ്റ് വിദഗ്ദരും സഞ്ജുവിന്റെ ബാറ്റിംഗിനെ ഒരു കലാരൂപമായി തന്നെ വിശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ ആ കലയുടെ പിന്നിൽ കടുത്ത പരീക്ഷണങ്ങളുണ്ട്

.

**നേട്ടങ്ങൾക്കു പിന്നിൽ നിഴലായി അച്ഛന്റെ വിശ്വാസം**

സഞ്ജുവിന്റെ യാത്രയുടെ കഥ പറയുമ്പോൾ അദ്ദേഹത്തിന്റെ പിതാവായ സാംസണിന്റെ പങ്ക് പ്രത്യേകം ഓർക്കണം. ഡൽഹി പൊലീസിൽ ജോലി ചെയ്തിരുന്ന അദ്ദേഹം മകന്റെ ക്രിക്കറ്റ് സ്വപ്നം ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞു. മകന്റെ പരിശീലനത്തിനായി ജീവിതത്തിലെ പല സുഖസൗകര്യങ്ങളും ഉപേക്ഷിക്കാനും അദ്ദേഹം തയ്യാറായി. ഒരു അഭിമുഖത്തിൽ സഞ്ജു പറഞ്ഞത് അതിന്റെ തെളിവാണ്: ‘എന്റെ ജീവിതത്തിലെ ഓരോ നേട്ടത്തിനും പിന്നിൽ അച്ഛന്റെ വിശ്വാസമുണ്ട്.’

ഇന്ത്യൻ ടീമിലേക്ക് എത്തുക വലിയ നേട്ടമാണ്. എന്നാൽ അവിടെ സ്ഥിരമായി തുടരുക അതിലും വലിയ വെല്ലുവിളിയാണ്. പ്രത്യേകിച്ച് വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ സ്ഥാനത്ത് കടുത്ത മത്സരമാണ്. പലപ്പോഴും മികച്ച പ്രകടനം നടത്തിയാലും അടുത്ത മത്സരത്തിൽ അവസരം ലഭിക്കുമെന്നുറപ്പില്ലാത്ത സാഹചര്യം സഞ്ജുവിന് നേരിടേണ്ടിവന്നു.

2024 ലോകകപ്പിൽ ഇന്ത്യൻ ടീമിൽ ഉണ്ടായിരുന്നെങ്കിലും, ഒരു മത്സരത്തിൽ പോലും ക്രീസിലെത്താൻ സഞ്ജുവിന് അവസരം ലഭിച്ചില്ല. അത്തരമൊരു കാത്തിരിപ്പായിരിക്കും 2026ലും ഉണ്ടാകുക എന്ന് സഞ്ജുവിന്റെ ആരാധകർ ഭയന്നിരുന്നു.

ന്യൂസിലാൻഡിനെതിരായ പരമ്പരയിലെ മോശം പ്രകടനം സഞ്ജുവിനെ കടുത്ത വിമർശനങ്ങൾക്ക് ഇരയാക്കി. സോഷ്യൽ മീഡിയയിലും ടെലിവിഷൻ ചർച്ചകളിലും അദ്ദേഹത്തിന്റെ ഭാവിയെക്കുറിച്ച് സംശയങ്ങൾ ഉയർന്നു. പലർക്കും ഇത് കരിയറിന്റെ അവസാനമായി തോന്നിയിരുന്നു.

എന്നാൽ സഞ്ജു അതിനെ ഒരു വഴിത്തിരിവായി കണ്ടു. ടീമിന് പുറത്തായിരുന്ന സമയത്ത്

അദ്ദേഹം കൂടുതൽ പരിശീലനം നടത്തി. ആഭ്യന്തര ക്രിക്കറ്റിലും ഐപിഎല്ലിലും വീണ്ടും മികച്ച പ്രകടനങ്ങൾ കാഴ്ചവെച്ചു. 'എനിക്ക് നിയന്ത്രിക്കാൻ കഴിയുന്നത് എന്റെ പരിശീലനവും മനോഭാവവുമാണ്,' എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. കഠിനസമയങ്ങളിൽ സഞ്ജുവിന് വലിയ പ്രചോദനമായത് ഇന്ത്യൻ ക്രിക്കറ്റിന്റെ ഇതിഹാസമായ സച്ചിൻ തെണ്ടുൽക്കർ നൽകിയ ഉപദേശങ്ങളാണ്. സമ്മർദ്ദം എങ്ങനെ കൈകാര്യം ചെയ്യണം, പരാജയങ്ങളെ എങ്ങനെ നേരിടണം എന്നിങ്ങനെ പല കാര്യങ്ങളിലും അദ്ദേഹം സഞ്ജുവിനെ പിന്തുണച്ചു.

### *ബാറ്റിംഗിലെ മാറ്റം; ആത്മവിശ്വാസത്തിന്റെ മറുപടി*

തന്റെ ബാറ്റിംഗിലെ സമീപനത്തിലും സഞ്ജു മാറ്റം വരുത്തി. മുമ്പ് ഓരോ പന്തിനെയും ആക്രമിക്കാൻ ശ്രമിച്ചിരുന്ന താരം പിന്നീട് സാഹചര്യം മനസ്സിലാക്കി കളിക്കുന്ന രീതിയിലേക്ക് മാറി. ഈ മാറ്റം തന്നെ അദ്ദേഹത്തിന്റെ പ്രകടനങ്ങളിൽ വലിയ വ്യത്യാസം ഉണ്ടാക്കി.

ലോകകപ്പിൽ ആദ്യമത്സരങ്ങളിൽ അവസരം ലഭിക്കാതെ പകരക്കാരുടെ ബെഞ്ചിലിരുന്ന സഞ്ജു പിന്നീട് ടീമിലെത്തുമ്പോൾ വിമർശകർക്ക് മറുപടി പറയാനല്ല ഇറങ്ങിയത്. ഇന്ത്യയ്ക്കായി തന്റെ ദൗത്യം നിറവേറ്റാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. നിർഭയമായ ബാറ്റിംഗിലൂടെ അദ്ദേഹം ടീമിന് നിർണായക സംഭാവന നൽകുകയും ചെയ്തു.

നിർണായകമായ ഫൈനൽ മത്സരത്തിൽ സഞ്ജു പുറത്തെടുത്ത ഇന്നിംഗ്സ് അതിന്റെ പരമാവധി തെളിവായിരുന്നു. സമ്മർദ്ദം നിറഞ്ഞ വേദിയിൽ ആത്മവിശ്വാസത്തോടെ കളിച്ച അദ്ദേഹം ടീമിനെ വിജയത്തിലേക്ക് നയിച്ചു. ആ ഇന്നിംഗ്സ് ഒരു വ്യക്തിയുടെ വിജയം മാത്രമല്ല; വർഷങ്ങളായി ഉയർന്നിരുന്ന സംശയങ്ങൾക്ക് നൽകിയ മറുപടിയായിരുന്നു.

പ്രതിസന്ധിക്കാലത്ത് ആരാധകരുടെ പിന്തുണയും സഞ്ജുവിന് വലിയ ശക്തിയായിരുന്നു. 'നല്ല സമയത്തും മോശം സമയത്തും ജനങ്ങൾ എന്നെ പിന്തുണച്ചു,' എന്ന് അദ്ദേഹം പറയുന്നു. ലോകകപ്പിലെ തന്റെ പ്രകടനം കേരളത്തിലെ ആരാധകർക്കു സമർപ്പിക്കുന്നുവെന്നും സഞ്ജു വ്യക്തമാക്കിയിട്ടുണ്ട്.

***സഞ്ജുവിന്റെ ജീവിതത്തിൽ ആത്മീയ വിശ്വാസത്തിനും വലിയ സ്ഥാനമുണ്ട്. 'ഞാൻ എന്റെ ഭാഗം ചെയ്യുന്നു. ശേഷമുള്ളത് ദൈവത്തിന്റെ കൈകളിലാണ്,' എന്നതാണ് അദ്ദേഹത്തിന്റെ നിലപാട്. വിജയത്തിലും പരാജയത്തിലും ഒരുപോലെ നിലനിൽക്കാൻ ഈ വിശ്വാസം അദ്ദേഹത്തിന് സഹായകമായിരുന്നു. തിരുവനന്തപുരം അതിരൂപതാംഗമായ അദ്ദേഹം കെസിവൈഎമ്മിലും അംഗമായിരുന്നു.***

ഇന്ന് സഞ്ജു സാംസൺ തന്റെ യാത്ര തുടരുകയാണ്. ഓരോ മത്സരവും ഒരു പുതിയ പരീക്ഷയാണ്. എന്നാൽ അദ്ദേഹത്തിന്റെ കഥ ഇതിനകം തന്നെ ഒരു വലിയ സന്ദേശം നൽകുന്നു. പ്രതിഭ മാത്രം വിജയത്തിലേക്ക് നയിക്കില്ല; ആത്മവിശ്വാസവും സഹനശക്തിയും വിശ്വാസവും പ്രാർത്ഥനയും ചേർന്നാലേ യഥാർത്ഥ വിജയം പിറക്കൂ.

അതുകൊണ്ടുതന്നെ സഞ്ജു സാംസന്റെ കഥ ക്രിക്കറ്റിന്റെ അതിരുകൾക്കപ്പുറം ഒരു പ്രചോദനകഥയായി മാറുന്നു. കാത്തിരിപ്പിനും പരിശ്രമത്തിനും ഒടുവിൽ വിജയം ലഭിക്കുമെന്ന വിശ്വാസത്തിന്റെ കഥ.

## ചിന്താകവിത; കവിതാ ചിന്ത

### *വെട്ടിവിഴുങ്ങി!*

അഹമ്മതിക്കാരനായ നാടൻ സായ്പ് മിസ്റ്റർ ഡൊണാൾഡ് നഗരത്തിലെ പോഷ് ഹോട്ടലിൽ കയറിയിട്ട് പൊരിച്ച മീൻ ഓർഡർ ചെയ്ത് വെയ്റ്റ് ചെയ്യുകയായിരുന്നു. പത്തുപതിനഞ്ച് മിനിട്ട് കഴിഞ്ഞപ്പോൾ വെയ്റ്റർ പൊരിച്ച മീനുമായി പ്രത്യക്ഷപ്പെട്ടു. ക്ഷമ കെട്ടു കഴിഞ്ഞിരുന്ന മിസ്റ്റർ ഡൊണാൾഡ് വെയ്റ്ററോട് കടുത്ത ദേഷ്യത്തിൽ ചോദിച്ചു: എന്തു മീനാടോ താനീ പുഴുങ്ങിക്കൊണ്ടു വന്നിരിക്കുന്നത്?

വെയ്റ്ററും രസികനായിരുന്നു. ഓ, സാറ് ഇമ്മാതിരി മുന്തിയ ഹോട്ടലിലൊന്നും മുമ്പു കയറിയിട്ടില്ലെന്നു തോന്നുന്നു. തട്ടുകട പരിചയമേ ഉള്ളായിരിക്കും. സാറേ, ഇതു പുഴുങ്ങിയതല്ല, പൊരിച്ച മീനാണ്.

അപ്രതീക്ഷിതമായി മുഖമടച്ച് അടി കിട്ടിയതുപോലെയായി സായിപ്പിന്. അതു മറച്ചുവച്ച് വീണ്ടും ചോദിച്ചു: ഇതെന്തു മീനാടോ?


ഒന്നു രുചിച്ചു നോക്കൂ സാറേ. അപ്പ അറിയാം എന്തു മീനാണെന്ന്. കണ്ടാൽ അറിയാത്തവർ രുചിച്ചുനോക്കിയാണ് മനസ്സിലാക്കേണ്ടത് (രണ്ടാമത്തെ അടി!)

ആർ യൂ റെഡിക്കുളിങ് മി? സായ്പ് ദേഷ്യപ്പെട്ടു. വെയ്റ്ററും വിട്ടില്ല. ഇല്ല സാറേ, എന്ത് മീനാണെന്ന് എനിക്കും പിടിയില്ല. സാറ് തിന്നു നോക്കിയിട്ട് പറഞ്ഞാൽ എനിക്കും അതൊരു അറിവായിരിക്കുമല്ലോ; യേത്?

മൂന്നാമതും അടിയേറ്റ് അവശനായ നാടൻ സായ്പ് ചുറ്റും നോക്കി. ആശ്വാസം! അടുത്ത സീറ്റിലെങ്ങും ആരുമില്ലായിരുന്നു.

എന്നാറേ, പുഞ്ചിരിച്ചുകൊണ്ട് അക്ഷോഭ്യനായി നില്ക്കുന്ന വെയ്റ്ററെ നോക്കുകപോലും ചെയ്യാതെ നാടൻ സായ്പ് പൊരിച്ച മീൻ വെട്ടി വിഴുങ്ങി...

**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**



# ആണി

ലൗറീൻ എച്ച് ബെൽ



*മൊഴിമാറ്റം:*
മേരി സ്നേഹ

പല കാര്യങ്ങൾക്കായി ആണി ഉപയോഗിക്കുന്നു,
ഉറപ്പിക്കാനായി ഗുണമേറിയൊരായുധം;
കൈകളിൽ ഒരു ചുറ്റികയേന്തി
അതിനെ അടിച്ചു താഴ്ത്തുന്നു, അതല്ലോ രീതി.

നിർമ്മാണവേളയിൽ ആണി അത്യന്താപേക്ഷിതം,
അതൊരു അനിവാര്യമായ വസ്തുവാണ്.
രണ്ടായിരം വർഷങ്ങൾക്ക് മുൻപും അതൊരു
രാജാവിനെ മരത്തിൽ തൂക്കാനായി ഉപയോഗിച്ചു.

മനുഷ്യകുലത്തിന് മുഴുവനായി അവിടുന്ന്
വേദനയും കഷ്ടപ്പാടും ഏറ്റുവാങ്ങി.
നിനക്ക് വേണ്ടിയും എനിക്ക് വേണ്ടിയും
അവിടുന്ന് ആ പീഡനങ്ങൾ സഹിച്ചു.

നല്ലവനായ ഒരാളെ തളച്ചിടാൻ ആർക്കും കഴിയില്ലെന്ന്
കാലങ്ങളായി പലരും പറഞ്ഞുപോരുന്നു.
ഒരു മനുഷ്യനായി താഴ്ന്നവൻ രാജാവായി ഉയിർത്തെഴുന്നേറ്റു,
ആത്മീയമായി മരിച്ചവർക്ക് മോചനം നൽകാൻ.

അവിടുന്ന് ഇപ്പോൾ സിംഹാസനസ്ഥനാണ്,
ദൈവത്തിന്റെ വലതുഭാഗത്ത്.
അവിടുന്ന് ആദിയും അന്തവുമാണ്,
മഹാനായ 'ഞാൻ ആകുന്നു' എന്നവനും.

ഇനി ഒരു ആണിക്കും ചുറ്റികയ്ക്കും അവിടുത്തെ തൊടാനാവില്ല
ഉന്നതങ്ങളിൽ വാഴുന്ന സർവ്വശക്തനായ രാജാവ്.
അവിടുന്ന് പണിതുയർത്തിയത് എന്നെന്നേക്കും നിലനിൽക്കും,
നിനക്കും എനിക്കും വേണ്ടിയുള്ള രക്ഷയാണത്.

അതുകൊണ്ട്, കൂർത്ത മുനയുള്ള ആ ലളിതമായ ആണി കാണുമ്പോഴോ,
എന്തെങ്കിലും പണിയാനോ അറ്റകുറ്റപ്പണിക്കോ അത് ഉപയോഗിക്കുമ്പോഴോ,
നിന്റെ കണ്ണുകളും ഹൃദയവും മനസ്സും ഉയർത്തുക,
ഒരു പ്രാർത്ഥനയോടെ അവിടുത്തേക്ക് നന്ദി പറയുക.

ചെറുകഥ

# അഞ്ചാം സ്ഥലം



ബിജോയ് ജോസഫ്
മാടത്തോട്ടിൽ



'റൂഫസ്' 'റൂഫസ്' ഇരുട്ടിന്റെ കനത്ത പാളികളെ ഭേദിച്ചുകൊണ്ട് 'റൂഫസ്' എന്ന വിളിയും, വാതിലിൽ ശക്തിയോടെയുള്ള മുട്ടും അവന്റെ വീട്ടുകാരെ ഉണർത്തി. റൂഫസിന്റെ അമ്മയാണ് വാതിൽ തുറന്നത്. ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നതിന്റെ ദേഷ്യവും പാതിരാത്രിയിലുള്ള വിളിയുടെ പകപ്പും അവരുടെ മുഖത്തുണ്ടായിരുന്നു. അവരിൽ നിന്നെന്തെങ്കിലും ചോദ്യമുയരും മുൻപേ അലക്സാണ്ടറും പിന്നാലെ റൂഫസും വീടിന് വെളിയിൽ എത്തിയിരുന്നു. അലക്സാണ്ടർ തന്റെ അരപ്പട്ട മുറുക്കി അമ്പരപ്പോടെ സുഹൃത്തുക്കളെ നോക്കി. റൂഫസിനോടും സുഹൃത്തുക്കളോടു മൊപ്പം ഇരുട്ടിലേക്ക് ഓടി മറയുമ്പോൾ അലക്സാണ്ടറുടെ ചോദ്യവും സുഹൃത്തുക്കളുടെ മറുപടിയും അവ്യക്തമായി കേൾക്കാമായിരുന്നു.

'എന്താ... എന്താ?'

'അവർ ഗുരുവിനെ....!'

നിലാവുപോലും പുഞ്ചിരി വിതറാത്ത ഭീതിതമായ ആ രാത്രിയിൽ കൂരിരുളിലേക്ക് നോക്കി അല്പനേരം നിശബ്ദയായി നിന്നതിനുശേഷം വാതിൽ പൂട്ടി അവർ വീണ്ടും കിടന്നു.

പുറത്തെ ബഹളത്തിൽ ഉറക്കം നഷ്ടപ്പെട്ട ശിമയോനോടായി അവർ ദുഃഖത്തോടെ പറഞ്ഞു: 'ഗുരുവിനെ അവർ ബന്ധിച്ചുകൊണ്ടുപോയി'

ഈർഷ്യയോടെ അയാൾ ചോദിച്ചു ആര്?'

'ന്യായാധിപന്മാർ എന്നാ കേട്ടത്'

'അവരെങ്ങോട്ടാ പോയത്?'

'അറിയില്ല, അവരൊന്നും പറയാതെ തിടുക്കത്തിൽ പോയി!'

'ഉം' അയാൾ ദേഷ്യത്തോടെ അമർത്തി മൂളുക മാത്രം ചെയ്തു.

'ന്യായാധിപന്മാർ അല്ലേ? അവർ അവനെ കൊല്ലും!'

അയാൾ ഹൃദയ കാഠിന്യത്തോടെ പറഞ്ഞു.

ഗുരുവെന്ന് പറഞ്ഞ് ആ ചെറുപ്പക്കാരന്റെ പിന്നാലെയുള്ള യാത്ര അയാൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. വയലിൽ അപ്പനെ സഹായിക്കുന്നതിനുപകരം ആ ചെറുപ്പക്കാരന്റെ പിന്നാലെ തെരുവിൽ അലഞ്ഞു നടന്നിട്ട് എന്ത് കിട്ടാനാ! ന്യായാധിപന്മാരും ഫരിസേയരും അവനെ അംഗീ കരിക്കുന്നില്ല. അവൻ പാപികളോടും ചുങ്കക്കാരോടുമൊപ്പം നടക്കുന്നു, അവരുടെ വീടുകളിൽ പോകുന്നു.

തന്റെ മക്കളും അവനോടൊപ്പം എല്ലായിടത്തും പോകുന്നു. അധികാരികളുടെ അപ്രീതിക്ക് പാത്രമായാൽ പിന്നെ അവരുടെ ഗതി എന്തായിരിക്കും!

ഈ നാശം പിടിച്ച രാത്രിയിൽ അവരെങ്ങോട്ടാണ് പോയിരിക്കുന്നത്.

അയാളുടെ തലച്ചോറിൽ തേനീച്ചക്കൂടിളകി.

അപ്പുറത്ത് അയാളുടെ ഭാര്യയും ചിന്തപ്പാടിലായിരുന്നു. എന്നാലും ഗുരുവിനെ അവർ പിടിച്ചു കൊണ്ടുപോയത് എന്തിനായിരിക്കും! ശിമയോൻ പറഞ്ഞതുപോലെ അവർ അവനെ ഉപദ്രവിക്കുമോ...

ഓശാന തിരുനാളിൽ ഗുരു ഒരു രാജാവിനെ പോലെ കഴുതപ്പുറത്ത് വന്നപ്പോൾ എന്തൊരു തേജസായിരുന്നു. എത്ര നല്ല മനുഷ്യനാണ് ഗുരു. ഗുരുവിനെക്കുറിച്ച് പറയുമ്പോൾ റൂഫസിന് നൂറുനാവാണ്.

ഗുരു രോഗികളെ സുഖപ്പെടുത്തുന്നു!

അപ്പം വർദ്ധിപ്പിക്കുന്നു! അങ്ങനെ എത്രയെത്ര അത്ഭുതങ്ങൾ റൂഫസ് പറഞ്ഞ് അവർ കേട്ടിരിക്കുന്നു.

അലക്സാണ്ടറും പറയുന്നത് ഗുരു മിശിഹായാണെന്നാണ്. അങ്ങനെയുള്ള ഒരാളെ ക്രൂരന്മാരായ ന്യായാധിപന്മാർക്കും ഫരിസേയർക്കും ഒരു ചുക്കും ചെയ്യാൻ സാധിക്കില്ല.

*അവന്റെ മനസ്സിലെ സുന്ദര മായ മുഖം മാഞ്ഞുപോയി! ക്രൂരമായ പീഡനമേറ്റ് തലയിൽ ഒരു മുൾമുടിയണിഞ്ഞ്, ചുവന്ന ഒരു മേലങ്കിയിൽ പൊതിഞ്ഞ നിസ്സഹായനായ യേശുവിന്റെ മുഖമാകെ ചോരയൊലിച്ചു കൊണ്ടിരുന്നു. പ്രഭാതകിരണങ്ങളുടെ ശോഭയറ്റ് കാർമേഘങ്ങളാൽ മൂടപ്പെട്ട ചോരനിറമാർന്ന അസ്തമയ സൂര്യനെപ്പോലെ അവൻ കാണപ്പെട്ടു.*

ശിമയോൻ ഇടയ്ക്ക് കിടക്കയിൽ നിന്നെഴുന്നേറ്റ് വെള്ളത്തിനായി പരതി. കൂജയിൽ നിന്ന് വെള്ളം കമഴ്ത്തി കുടിക്കുന്നതിനിടയിൽ അയാൾ പിറുപിറുക്കുന്നുണ്ടായിരുന്നു 'നാശം, കിഴക്ക് വെള്ള കീറുന്നില്ലല്ലോ.'

പ്രഭാതമായപ്പോൾ ഗുരുവിനെ ന്യായാധിപസംഘത്തിന് മുന്നിലേക്ക് കൊണ്ടുപോയ കാര്യം നാടെങ്ങും പരന്നു. പലർക്കും അത് പറയുമ്പോൾ പ്രത്യേകമായൊരു സന്തോഷം ഉള്ളതുപോലെ! ഗുരുവിന്റെ ഉപദേശങ്ങൾ കേൾക്കാൻ ഉണ്ടായിരുന്നവരും അപ്പം വർദ്ധിപ്പിച്ചപ്പോൾ കഴിക്കാൻ ഉണ്ടായിരുന്നവരും കുറ്റം പറയുന്നത് കേട്ടപ്പോൾ അവളൊന്ന് പതറി.

തന്റെ മക്കളെ ക്കുറിച്ചോർത്തപ്പോൾ അവളുടെ ഹൃദയം നുറുങ്ങി. കരഞ്ഞുകൊണ്ടവൾ വീട്ടിലേക്കോടി.

വീട്ടിലെത്തിയപ്പോൾ അവളുടെ ഭർത്താവ് അവിടെ ഉണ്ടായിരുന്നില്ല. അയാൾ വയലിലേക്ക് പോയി എന്നവൾക്ക് മനസ്സിലായി.

അതിരാവിലെ വയലിലേക്ക് പുറപ്പെട്ടുവെങ്കിലും, വയലിൽ പ്രത്യേകിച്ച് ഒന്നും ചെയ്യുവാൻ ശിമയോന് സാധിച്ചില്ല. അന്ന് വെയിൽ അതിതീക്ഷ്ണമായി ഭൂമിയിലേക്ക് പതിക്കുന്നതായി അയാൾക്ക് തോന്നി!

കള പറിക്കുവാനോ വയലൊരുക്കുവാനോ അയാൾക്ക് കഴിഞ്ഞില്ല. അയാളുടെ മനസ്സിൽ നിറയെ, തന്റെ മക്കളുടെ പ്രായമുള്ള ഗുരുവെന്ന് വിളിക്കുന്ന സുന്ദരനായ ആ ചെറുപ്പക്കാരന്റെ മുഖമായിരുന്നു. അവൻ നസറായനായ യേശുവാണ്, തച്ചൻ യൗസേപ്പിന്റെ മകൻ, മേരിയാണ് അവന്റെ അമ്മ. നിയമജ്ഞരും ഫരിസേയരും പറയുന്നതുപോലെയല്ല, എല്ലാവർക്കും മനസ്സിലാകുന്ന രീതിയിലാണ് അവൻ സംസാരിക്കുന്നത്. അവനെ തീർച്ചയായും അവർ കൊന്നുകളയും. അത്രയ്ക്ക് വിരോധം അവർക്ക് അവനോടുണ്ട്.

അവന്റെ പിന്നാലെപോയ തന്റെ മക്കളുടെ ഗതി എന്താകും!

തന്റെ കയ്യിൽ പറ്റിയ മണ്ണ് തുടച്ചു കളഞ്ഞുകൊണ്ട് അയാൾ വയലിൽ നിന്ന് കയറി. ഇന്നിനി വയലിൽ പണിയെടുക്കാനുള്ള മനസ്സില്ല! വെയിൽ നിറഞ്ഞ മൺപാതയിലൂടെ അയാൾ തന്റെ വീട് ലക്ഷ്യമാക്കി നടക്കുകയായിരുന്നു. തെരുവിൽ ആളുകൾ ഓടിക്കൂടുന്നു, അടക്കിയുള്ള സംഭാഷ ണങ്ങളും കേൾക്കാം. എന്തോ വലിയൊരപകടം നടക്കുന്നതുപോലെ അയാൾക്ക് തോന്നി. നസറായനായ യേശുവിനെ കുരിശിൽ തറയ്ക്കാനായി അതുവഴി



ഗാഗുൽത്താമലയിലേക്ക് കൊണ്ടുപോവുകയാണ്. അയാൾ പാതയരികിലേക്ക് അല്പം നീങ്ങിനിൽക്കാൻ തുടങ്ങുകയായിരുന്നു, പെട്ടെന്നാണ് കനപ്പെട്ട ഒരു കരം അയാളുടെ തോളിൽ പതിച്ചത്! കാണുമ്പോൾ തന്നെ ഭയപ്പെടുത്തുന്ന ഒരു റോമൻ പടയാളി അവനോടായി പറഞ്ഞു. 'അവന്റെ കുരിശു ചുമക്കാൻ സഹായിക്കുക!'

'അയ്യോ, കുരിശുചുമക്കുകയോ?' അയാൾ ഞെട്ടിത്തരിച്ചുപോയി. കൊടുംകുറ്റവാളികൾക്ക് ലഭിക്കുന്ന ഭീകരമായ ശിക്ഷയായിരുന്നു കുരിശുമരണം. കുരിശിനോട് അയാൾക്ക് അത്യന്തം ഭയവും വെറുപ്പുമായിരുന്നു. അങ്ങനെയുള്ള കുരിശുമരം തൊടാൻ പോലും അയാൾ കൂട്ടാക്കിയില്ല!

പെട്ടെന്നാണ് യേശുവിന്റെ മുഖത്ത് അവന്റെ കണ്ണുകളുടക്കിയത്. അവന്റെ മനസ്സിലെ സുന്ദരമായ മുഖം മാഞ്ഞുപോയി! ക്രൂരമായ പീഡനമേറ്റ് തലയിൽ ഒരു മുൾമുടിയണിഞ്ഞ്, ചുവന്ന ഒരു മേലങ്കിയിൽ പൊതിഞ്ഞ നിസ്സഹായനായ യേശുവിന്റെ മുഖമാകെ ചോരയൊലിച്ചുകൊണ്ടിരുന്നു.

അവൻ ഉടനെ വീണുമരിച്ചുപോയേക്കാമെന്നു ശിമയോന് തോന്നി. അവന്റെ ആ അവസ്ഥയിൽ കഠിനഹൃദയനെന്നു കരുതിയ ശിമയോന്റെ വരണ്ട കണ്ണീർത്തടങ്ങൾ നനവുള്ളതായി.

'ഹും, അവന്റെ കുരിശ് ചുമക്കാൻ' പടയാളികൾ ശിമയോനെ പിടിച്ചുതള്ളി.

അവൻ യേശുവിന്റെ കുരിശിൽ അമർത്തിപ്പിടിച്ചു. രക്തം വാർന്ന് നടക്കുവാൻ പോലും അവന് ശേഷിയില്ലായിരുന്നു ചുറ്റുനിന്നുമുള്ള പരിഹാസങ്ങളും പടയാളികളുടെ ആക്ഷേപങ്ങളും അവനെ കൂടുതൽ മുറിവേൽപ്പിച്ചുകൊണ്ടിരുന്നു. യേശു കുരിശോടുകൂടി നിലം പതിച്ചു, ശിമയോനും വീണു. പടയാളികളുടെ ചാട്ടവർ സീൽക്കാരത്തോടെ വായുവിൽ ഉയർന്നുപൊങ്ങി, അത് യേശുവിനെ ലക്ഷ്യമാക്കി വന്നപ്പോൾ ശിമയോൻ തന്റെ പുറംകൊണ്ട് അതേറ്റുവാങ്ങി. നിസ്സഹായനായി യേശു ശിമയോനെ നോക്കി.

'ഗുരോ' ശിമയോന്റെ കണ്ഠമിടറി.

നീതിമാനായ യേശുവിന്റെ കുരിശു ചുമക്കുവാൻ അയാൾക്കപ്പോൾ ഒരു വെറുപ്പും മടിയുമുണ്ടായിരുന്നില്ല.

മനുഷ്യന്റെ പാപങ്ങളുടെ പരിഹാരമായി ദൈവം നടത്തുന്ന തിരുയാഗയാത്രയിൽ മിശിഹായോടൊപ്പം താനും പങ്കാളിയാകുകയാണെന്ന് അയാൾ അപ്പോൾ അറിഞ്ഞിരുന്നില്ല. അയാളുടെ മനസ്സ് യേശുവിനോടുള്ള സഹതാപം കൊണ്ട് നിറഞ്ഞിരുന്നു. അയാളുടെ മുട്ടുകൾ പൊട്ടി രക്തം വരുന്നുണ്ടായിരുന്നു. കുരിശിന്റെവഴി പിന്നെയും മുന്നോട്ട് പോയി.

# ഉത്ഥാനം നൽകുന്ന പ്രത്യാശ





**റവ. ഡോ. സ്റ്റീഫൻ ആലത്തറ**

*'ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല! ഉയർപ്പിക്കപ്പെട്ടു' (ലൂക്കാ 24:5).*

യേശുവിന്റെ ഉത്ഥാനമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. ക്രിസ്തുമതം നിലകൊള്ളുന്നത് ഉത്ഥാനമെന്ന പരമസത്യമായ അടിസ്ഥാനത്തിലാണ്. കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന സന്ദേശത്തോടെയാണ് ക്രിസ്തുമതം

ആരംഭിച്ചത് (അപ്പ പ്ര 2,22–24; 1 കോറി 15,3–5). രക്ഷാകര സംഭവത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ പുനരുത്ഥാനം. മാനവരാശിക്ക് ഏറ്റവും പ്രത്യാശ പകരുന്ന ഒരു ചരിത്രസംഭവമാണ് ഉത്ഥാനം. യേശുവിന്റെ ഉയിർപ്പിൽ വിശ്വസിക്കാൻ കഴിയുക ദൈവകൃപയുടെ ഫലമാണ്.



*ഈസ്റ്റർ സമാധാനത്തിന്റെ തിരുനാൾ കൂടിയാണ്. ഉയിർത്തെഴുന്നേറ്റ ഈശോയുടെ യഥാർത്ഥവും ശാശ്വതവുമായ സമാധാനം നമുക്ക് സമ്മാനിക്കപ്പെട്ട വലിയ ദിനമാണ് ഉയിർപ്പുദിനം. അതിരുകളില്ലാത്ത പിതാവിന്റെ സ്നേഹം പുത്രനിലൂടെ പുതുജീവനാകുന്ന അനുഭവമാണ് ഉയിർപ്പു തിരുനാളിൽ നാം കാണുന്നത്.*

**ശൂന്യമായ കല്ലറ**

യേശു ഉയിർത്തെഴുന്നേറ്റു എന്നതിന്റെ ഒരു തെളിവ് ഒഴിഞ്ഞ കല്ലറയാണ് (മർക്കോ 16,1–8; യോഹ 20,1–2). ഒഴിഞ്ഞ കല്ലറ പ്രത്യാശയുടെ പ്രതീകമാണ്. അത് വാഗ്ദാനം ചെയ്യപ്പെട്ട നിത്യതയുടെ ഓർമ്മിപ്പിക്കൽ കൂടെയാണ്. കല്ലറ ശൂന്യമായി കാണപ്പെട്ടത് ഒരടയാളമായി അപ്പോസ്തലന്മാർ പരിഗണിച്ചു. ശൂന്യമായ കല്ലറയെപ്പറ്റി സാക്ഷ്യം നല്കുന്നത് സ്ത്രീകളാണ് എന്നതും ശ്രദ്ധേയാണ്. ഈശോയുടെ പുനരുത്ഥാനത്തിലുള്ള നമ്മുടെ വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നത്: യേശു ജീവിച്ചിരിക്കുന്നു, അവൻ ഉയിർത്തെഴുന്നേറ്റു. ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മുടെ അടുക്കൽ വരുമ്പോൾ മാത്രമേ ശൂന്യമായ ശവകുടീരത്തിന്റെ അർത്ഥത്തിലുള്ള നമ്മുടെ സ്വന്തം വിശ്വാസം നിരന്തരം വളരുകയുള്ളൂ.

“പത്രോസ് എഴുന്നേറ്റ് കല്ലറയിങ്കലേക്ക് ഓടി; കുനിഞ്ഞ് അകത്തേക്ക് നോക്കിയപ്പോൾ അവനെ പൊതിഞ്ഞിരുന്ന തുണികൾ തനിയെ കിടക്കുന്നതു കണ്ടു. സംഭവിച്ചതിനെപ്പറ്റി വിസ്മയിച്ചുകൊണ്ട് അവൻ തിരിച്ചു പോയി.’ (ലൂക്കാ 24,12) മഗ്ദലേന മറിയം, യേശു സ്നേഹിച്ച ശിഷ്യൻ, പത്രോസ് എന്നിവർ കല്ലറയിൽ എത്തി. അവിടെ അവരെ കാത്തിരുന്നത് ചെറിയൊരു അടയാളമാണ്. അവന്റെ ശരീരം പൊതിഞ്ഞ കച്ചയും ചുരുട്ടി വച്ചിരിക്കുന്ന തൂവാലയും. ആരെങ്കിലും അവന്റെ ശരീരം എടുത്തുകൊണ്ടു പോയിരുന്നെങ്കിൽ ഇങ്ങനെ ആ കച്ചയും തൂവാലയും അവിടെ ഉപേക്ഷിക്കില്ലായിരുന്നു. അങ്ങനെയെങ്കിൽ മരണത്തിന്റെ കച്ചയിൽ നിന്നും യേശുവിന്റെ സുന്ദരമായ ശരീരത്തെ മോചിപ്പിച്ചിരിക്കുന്നത് മറ്റാരോ ആണ്. ക്രിസ്തുവിന്റെ കല്ലറ മാത്രമാണ് ലോകത്തിലെ ശൂന്യമായ കല്ലറ. കാരണം അവിടുന്നു മാത്രമാണ് മരണത്തെ പരാജയപ്പെടുത്തിക്കൊണ്ട് ഉത്ഥാനം ചെയ്തത്.

**യേശുവിന്റെ പ്രത്യക്ഷപ്പെടലുകൾ**

ഉത്ഥിതനായ യേശുവുമായുള്ള കണ്ടുമുട്ടലുകളാണ് ഉത്ഥാനത്തിൽ വിശ്വസിക്കാൻ അപ്പസ്തോലന്മാർക്ക് കാരണമായിത്തീർന്നത്. ഉത്ഥാനം ചെയ്ത യേശു പല വ്യക്തികൾക്കും സമൂഹങ്ങൾക്കും കാണപ്പെട്ടു (1 കോറി 15,5–8; ലൂക്കാ 24,34; മർക്കോ 16,7; അപ്പ പ്ര 10,40; 13,30; യോഹ 20,11–18). യേശു പ്രത്യക്ഷപ്പെടുന്നതാകട്ടെ തികച്ചും സ്വാഭാവികമായ രീതിയിലാണ്. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയപ്പോൾ അപ്പസ്തോലന്മാർക്കുണ്ടായ അനുഭവം അനന്യമാണ്. കല്ലറയിൽ അടക്കം ചെയ്യപ്പെട്ട യേശുവിനെ തേടിയെത്തുന്ന സ്ത്രീകളാവട്ടെ, യേശുവിന്റെ ശിഷ്യന്മാരാകട്ടെ, അവരുടെ ജീവിതത്തിലൂടെ നമ്മോട് പറഞ്ഞുതരുന്ന പ്രധാനപ്പെട്ട ഒരു കാര്യം, ദൈവിക വാഗ്ദാനങ്ങൾ നിറവേറപ്പെടുമെന്നതാണ്. ക്രിസ്തുവിന്റെ ഉത്ഥാനം സത്യമാണ് എന്നതിന്റെ മറ്റൊരു തെളിവ് അവിടുത്തെ ശിഷ്യന്മാരാണ്. തങ്ങളുടെ ഗുരുവിനെ കുരിശിൽ തറച്ച് കൊന്നവരെ പേടിച്ച് വിറച്ചിരുന്ന പത്രോസെന്ന അക്ഷരാഭ്യാസമില്ലാത്ത മുക്കുവനും കൂട്ടുകാരും ഒരു സുപ്രഭാതത്തിൽ ജനസഹസ്രങ്ങളുടെ മുമ്പിൽ ധൈര്യപൂർവ്വം നെഞ്ചും വിരിച്ചു നിന്ന് യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി പ്രസംഗിച്ചെങ്കിൽ അതിന് അവരെ ശക്തരാക്കിയത് യേശു ഉയിർത്തെഴുന്നേറ്റു എന്ന

സത്യം തന്നെയാണ്.

ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിച്ചവരായ പത്രോസും പൗലോസും മറ്റ് അപ്പസ്തോലന്മാരും ഒരു പ്രത്യേക ദൗത്യവാഹകരായിത്തീരുകയാണ്. ദൈവം യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു എന്ന് വി. പൗലോസ് ആഥൻസുകാരോട് പ്രസംഗിക്കുമ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നുവെന്ന് നോക്കുക: 'ചിലർ അവനെ പരിഹസിച്ചു. എന്നാൽ ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്ന് ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം' (അപ്പ പ്ര 17,32).

**ഉത്ഥാനത്തിലുള്ള വിശ്വാസം**

പുനരുത്ഥാനത്തിലുള്ള തങ്ങളുടെ വിശ്വാസം അടിസ്ഥാനരഹിതമാണെങ്കിൽ ലോകത്തിൽവച്ച് ഏറ്റവും നിർഭാഗ്യരായ മനുഷ്യർ തങ്ങളാണെന്ന് അപ്പസ്തോലന്മാർക്ക് അറിയാമായിരുന്നു (1 കോറി 15,19). മാത്രമല്ല, മറ്റു മനുഷ്യരിൽ നിന്നും തങ്ങളെ വ്യത്യസ്തരാക്കുന്നതും യേശുവിന്റെ പുനരുത്ഥാനത്തിലുള്ള വിശ്വാസമാണെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു. യേശു മരിച്ചവരിൽ നിന്നും ഉയിർത്തിട്ടില്ലെങ്കിൽ, പ്രത്യാശയില്ലാത്ത മറ്റു മനുഷ്യരുടേതിൽ നിന്നും വ്യത്യസ്തമല്ല തങ്ങളുടെയും അവസ്ഥ (1 തെസ്സ 4,13).

അപ്പസ്തോലന്മാരുടെ വിശ്വാസത്തിന്റെ ആണിക്കല്ല് മിശിഹായുടെ പുനരുത്ഥാനമാണ്. നമ്മുടെയെല്ലാം ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും ഈ പുനരുത്ഥാനം തന്നെ. അതായത്, ഏത് സങ്കടക്കടലിലും പ്രത്യാശയുടെ ഒരു മുനമ്പ് നിലനില്ക്കുന്നുവെന്ന് നമുക്ക് വിശ്വസിക്കാൻ സാധിക്കണം. ഏത് കഠിനവേദനയിലും പ്രതീക്ഷകൾ എല്ലാം അസ്തമിച്ച സന്ദർഭങ്ങളിലും ഒരു തിരിച്ചുവരവിന് സാധ്യതയുണ്ടെന്ന്. ഈ പ്രത്യാശയുടെ പുതുക്കലാണ് ഓരോ ഉയിർപ്പു തിരുനാളും.

ജീവന്റെ നാഥനും നീതിമാനുമായ ദൈവം നീതിയെപ്രതി പീഡയേറ്റു മരിക്കുന്നവരെ അവസാന ദിവസം ഉയിർപ്പിക്കും (ദാനി 12, 1-4); ദൈവകല്പനകളെ ലംഘിക്കാതിരിക്കാൻവേണ്ടി മരണം വരിക്കുന്ന രക്തസാക്ഷികളെ അവിടുന്ന് പുനരുജ്ജീവിപ്പിക്കും (2 മക്ക 7). മരണത്തിലൂടെ ഉറ്റവരെ വേർപിരിയുമ്പോൾ ഇനി നിത്യതയിൽ കണ്ടുമുട്ടാമെന്ന ക്രിസ്തീയ വിശ്വാസത്തിന്റെ കാതൽ ഈ പുനരുത്ഥാനം തന്നെ. ക്രൂശിക്കപ്പെടുമ്പോൾ ഉത്ഥിതനിൽ പ്രതീക്ഷയർപ്പിക്കുക എന്ന മഹത്തായ സന്ദേശമാണ് ഈസ്റ്റർ നല്കുന്നത്. കല്ലറയ്ക്കുമപ്പുറം കാത്തിരിക്കുന്ന ജീവിതം മിഥ്യയല്ല എന്ന് അതു കാണിക്കുന്നു. ജീവിതത്തിന്റെ വേദനയിലും മരണത്തിന്റെ അർത്ഥമില്ലായ്മയിലും പ്രത്യാശ പകർന്നു തരുന്ന യാഥാർത്ഥ്യമാണ് യേശുവിന്റെ പുനരുത്ഥാനം.

ഈസ്റ്റർ സമാധാനത്തിന്റെ തിരുനാൾ കൂടിയാണ്. ഉയിർത്തെഴുന്നേറ്റ ഈശോയുടെ യഥാർത്ഥവും ശാശ്വതവുമായ സമാധാനം നമുക്ക് സമ്മാനിക്കപ്പെട്ട വലിയ ദിനമാണ് ഉയിർപ്പുദിനം. അതിരുകളില്ലാത്ത പിതാവിന്റെ സ്നേഹം പുത്രനിലൂടെ പുതുജീവനാകുന്ന അനുഭവമാണ് ഉയിർപ്പുതിരുനാളിൽ നാം കാണുന്നത്. ഉത്ഥിതൻ നൽകുന്ന പ്രത്യാശയിലും, സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രതീക്ഷകളിലും, യേശുവിന്റെ തിരിച്ചു വരവിനായുള്ള കാത്തിരിപ്പിലും, വിശ്വാസത്തിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലിലും ഒരുമിച്ചായിരുന്നുകൊണ്ട്, ദൈവചിന്തയിൽ ജീവിക്കാൻ നമുക്ക് സാധിക്കട്ടെ. ഓരോ ഉയിർപ്പ് തിരുനാളും നമുക്ക് നൽകുന്നത്, ഈയൊരു സാക്ഷ്യത്തിനായുള്ള വിളിയാണ്.

CARTOON **DEEPTHI** **ഉയരെ** John Kakkanad



# പോർക്ക് വിന്താലു



*ടോണി ജോസഫ് ജോൺ*

**ചേരുവകൾ**

2 ½ കിലോ പോർക്ക് (എല്ലില്ലാതെ ചെറിയ ക്യൂബുകളാക്കി മുറിച്ചത്)
കാശ്മീരി മുളക് 20 എണ്ണം
ജീരകം 2 ടീസ്പൂൺ
കുരുമുളക് 1 ടീസ്പൂൺ
മഞ്ഞൾപ്പൊടി 2 ടീസ്പൂൺ
ഗ്രാമ്പൂ 20 എണ്ണം
കടുക് ¼ ടീസ്പൂൺ
കറുവപ്പട്ട 3 ഇഞ്ച് നീളമുള്ള 1 കഷണം
ഇഞ്ചി 2 ഇഞ്ച് കഷണം
വെളുത്തുള്ളി 15 അല്ലി
വിനാഗിരി 1¼ കപ്പ്

**പാചകത്തിന്**

ഓയിൽ 3 ടേബിൾ സ്പൂൺ
സവാള 3 എണ്ണം
ഉപ്പ് ആവശ്യത്തിന്
വെള്ളം ½ കപ്പ്
വിനാഗിരി 2 ടേബിൾ സ്പൂൺ + പിന്നീട് 1 ടേബിൾ സ്പൂൺ
പഞ്ചസാര 2മ്മ ടേബിൾ സ്പൂൺ + പിന്നീട് 1 ടേബിൾ സ്പൂൺ

**തയ്യാറാക്കുന്ന വിധം**

1. പോർക്ക് നന്നായി കഴുകി വറ്റിച്ച് ചെറിയ ക്യൂബുകളാക്കി മുറിക്കുക.
2. കാശ്മീരി മുളക്, ജീരകം, കുരുമുളക്, മഞ്ഞൾപ്പൊടി, ഗ്രാമ്പൂ, കടുക്, കറുവപ്പട്ട എന്നിവ ആദ്യം നന്നായി പൊടിക്കുക. ശേഷം ഇഞ്ചി, വെളുത്തുള്ളി, വിനാഗിരി ചേർത്ത് മിക്സിയിൽ നന്നായി അരച്ച് പേസ്റ്റ് ഉണ്ടാക്കുക.
3. അരച്ച പേസ്റ്റ് പോർക്ക് കഷണങ്ങളിൽ നന്നായി പുരട്ടി മൂടി വെക്കുക കുറഞ്ഞത് 4 മണിക്കൂർ എങ്കിലും മരിനേറ്റ് ചെയ്യാൻ വെക്കുക. (ഓവർ നൈറ്റ് വെക്കുന്നത് നല്ലതാണ്).
4. ഒരു പാത്രത്തിൽ എണ്ണ ചൂടാക്കി അരിഞ്ഞ സവാള ചേർത്ത് ഏകദേശം 10 മിനിറ്റ് വരെ ഇളക്കി അല്പം മൃദുവാകുന്നത് വരെ വറുക്കുക.
5. മരിനേറ്റ് ചെയ്ത പോർക്ക് ചേർത്ത് നന്നായി ഇളക്കുക.
6. ഉപ്പ് ചേർത്ത് മൂടി വെച്ച് മീഡിയം അല്ലെങ്കിൽ ചെറിയ തീയിൽ 20–30 മിനിറ്റ് വരെ വേവിക്കുക.
7. മരിനേറ്റ് ചെയ്തിരുന്ന പാത്രത്തിൽ അല്പം വെള്ളം ഒഴിച്ച് ബാക്കിയുള്ള പേസ്റ്റ് എടുത്ത് പാത്രത്തിലേക്ക് ചേർക്കുക.
8. പിന്നീട് വിനാഗിരിയും പഞ്ചസാരയും ചേർത്ത് നന്നായി ഇളക്കുക.
9. വീണ്ടും മൂടി വെച്ച് കുറഞ്ഞ തീയിൽ ഏകദേശം 1 മണിക്കൂർ വേവിക്കുക. ഇടയ്ക്കിടെ ഇളക്കണം.
10. അവസാനം രുചി നോക്കി ആവശ്യത്തിന് ഉപ്പ്, പഞ്ചസാര, വിനാഗിരി എന്നിവ കൂടി ചേർക്കാം.
11. പിന്നീട് മൂടിയില്ലാതെ 10 മിനിറ്റ് കൂടി വേവിച്ച് അടുപ്പിൽ നിന്ന് ഇറക്കുക.

N.B:- ഓവർ നൈറ്റ് പോർക്കിൽ മസാലകൾ ചേർത്ത് വെച്ചാൽ നന്നായി മസാല പിടിക്കും.



# ലോകാരോഗ്യദിന ചിന്തകൾ



**സി. റുഫീന
എട്ടുരുത്തിൽ**



ഏപ്രിൽ 7 ലോകമെമ്പാടും ലോകാരോഗ്യ ദിനമായി ആചരിക്കുന്നു. "ആരോഗ്യം നമ്മുടെ ഏറ്റവും വലിയ സമ്പത്ത്" എന്ന സത്യത്തെ ഓർമ്മിപ്പിക്കുന്ന ദിനമാണിത്. "ആരോഗ്യം സ്വർണത്തെക്കാൾ ശ്രേഷ്ഠമാണ്; ബലിഷ്ഠമായ ശരീരം അളവറ്റ ധനത്തെക്കാളും." (പ്രഭാഷകൻ 30,15) ഈ വചനത്തിൽ ആരോഗ്യത്തിന്റെ മഹത്വം വ്യക്തമായി പ്രതിപാദിക്കുന്നു. ആരോഗ്യത്തിന്റെ യഥാർത്ഥ അർത്ഥം ആരോഗ്യം രോഗമില്ലാത്ത അവസ്ഥ മാത്രമല്ല, ശരീരവും മനസ്സും ആത്മാവും സമാധാനത്തിലും സന്തോഷത്തിലും നിലകൊള്ളുന്ന അവസ്ഥയാണ്. ലോകാരോഗ്യ സംഘടനയുടെ നിർവചനപ്രകാരം ഒരാൾ ശാരീരികമായും മാനസികമായും സാമൂഹികമായും നല്ല നിലയിൽ ഇരിക്കുകയാണ് ആരോഗ്യത്തിന്റെ പൂർണ്ണരൂപം.

**ലോകാരോഗ്യദിനത്തിന്റെ ലക്ഷ്യങ്ങൾ**

* *മനുഷ്യരെ ആരോഗ്യത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധവൽക്കരിക്കൽ*

* *രോഗങ്ങളെ തടയുക*

* *ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കാൻ പ്രചോദനം നൽകുക*

* *ശാസ്ത്രത്തിന്റെ വെളിച്ചത്തോടും ദൈവത്തിന്റെ സ്നേഹത്തോടുംകൂടി മുന്നോട്ട് പോകാൻ ശ്രവിക്കുക*

2026-ലെ പ്രമേയം
""Together for Health, Stand with Science"

ഇ്: നമ്മെ ഓർമ്മിപ്പിക്കുന്നത് ആരോഗ്യ സംരക്ഷണം വ്യക്തിപരമായ ഉത്തരവാദിത്വം മാത്രമല്ല, സമൂഹത്തിന്റെ കൂട്ടായ്മയാണെന്നും, ശാസ്ത്രത്തിന്റെ പിന്തുണയോടെയാണ് ആരോഗ്യകരമായ ലോകം സൃഷ്ടിക്കപ്പെടുന്നതെന്നും. ആധുനിക ലോകത്തിലെ വെല്ലുവിളികൾ, ജീവിതശൈലിയിലെ മാറ്റങ്ങൾ, നഗരവൽക്കരണം, മാനസിക സമ്മർദ്ദം, അനാരോഗ്യകരമായ ഭക്ഷണശീലം എന്നിവ കാരണം Diabetes Mellitus, Hypertension, Obesity, Cardiovascular Diseases എന്നിവ വർദ്ധിച്ചു വരുന്നു.

***ആരോഗ്യ സംരക്ഷണ മാർഗങ്ങൾ***

*സമീകൃത ആഹാരം:* പോഷകസമൃദ്ധമായ ഭക്ഷണം ശരീരത്തിന് ശക്തിയും പ്രതിരോധശേഷിയും നൽകുന്നു.

*വ്യായാമം:* ദിവസേന വ്യായാമം ശരീരത്തെ സജീവമാക്കുകയും രോഗങ്ങളെ തടയുകയും ചെയ്യുന്നു.

*മാനസിക ആരോഗ്യം:* പ്രാർത്ഥന, ധ്യാനം, വിശ്രമം – ഇവ മനസ്സിന് സമാധാനം നൽകുന്നു.
വ്യക്തിഗത ശുചിത്വം: ശുചിത്വം രോഗപ്രതിരോധത്തിന്റെ ആദ്യപടിയാണ്.

***വെള്ളം കുടിക്കൽ:*** ധാരാളം വെള്ളം കുടിക്കുന്നത് ശരീരത്തെ ശുദ്ധീകരിക്കുകയും ആരോഗ്യകരമാക്കുകയും ചെയ്യുന്നു.
ആരോഗ്യ പരിശോധന: രോഗങ്ങളെ നേരത്തെ കണ്ടെത്തി പ്രതിരോധിക്കാൻ പരിശോധനകൾ അനിവാര്യമാണ്.


ലോകാരോഗ്യ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നത്-ശാസ്ത്രത്തിന്റെ വെളിച്ചത്തോടും ദൈവത്തിന്റെ സ്നേഹത്തോടും കൂടി ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കേണ്ടത് നമ്മുടെ കടമയാണെന്ന്. ആരോഗ്യമുള്ള നല്ലൊരു ജനത ഉടലെടുക്കാൻ നമുക്ക് ഉണർന്നു പ്രവർത്തിക്കാം.


**ചോദ്യങ്ങൾ**

1. ലോകാരോഗ്യ ദിനത്തിന്റെ ലക്ഷ്യങ്ങൾ എന്താണ്?
2. ആരോഗ്യം മനുഷ്യന്റെ സമ്പത്ത്; ഇത് നമുക്ക് എങ്ങനെ സംരക്ഷിക്കാം?

**സന്ദേശം:**

ലോകാരോഗ്യദിനം നമ്മെ ഓർമ്മിപ്പിക്കന്നത്, ആരോഗ്യ സംരക്ഷണം വ്യക്തിപരമായ ഉത്തരവാദിത്വം മാത്രമല്ല, സമൂഹത്തിന്റെ കൂട്ടായ്മയും ശാസ്ത്രത്തിന്റെ പിന്തുണയും ചേർന്നാണ് ആരോഗ്യകരമായ ലോകം സൃഷ്ടിക്കപ്പെടുന്നത്.





*വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തയായിരുന്ന ആർച്ചുബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദൈവദാസനും ധന്യപദവിയിലേക്കുയർത്തപ്പെട്ട ഫാ. തിയോഫിൻ കപ്പൂച്ചിന്റെ മൃതസംസ്കാരശുശ്രൂഷതിരുകർമ്മങ്ങൾ*

ഓർമ്മച്ചെപ്പ്

*മരണം:*
*1968 ഏപ്രിൽ 04*



# വിഷു: പ്രതീക്ഷകളുടെ കണിക്കൊന്നപ്പൂക്കൾ


**എ.ആർ.കെ വടുതല**

*മലയാളമാസം മേടം 1 ന് (ഏപ്രിൽ 15 ന്) കേരളത്തിലെ മലയാളികൾ ആഘോഷിക്കുന്ന പ്രധാന കാർഷിക ഉത്സവമാണ് വിഷു. സംസ്കൃതത്തിൽ വിഷു എന്നാൽ തുല്യമായത് (രാത്രിയും പകലും തുല്യമായ ദിവസം). ഐശ്വര്യത്തിന്റെ ഈ പുണ്യദിനത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.*

പ്രകൃതി തന്നെ ഒരു കതിർമണ്ഡപമായി മാറുന്ന പുണ്യകാലമാണ് വിഷു. കാലത്തിന്റെ ചക്രത്തിൽ ഒരു നാഴികക്കല്ല് പോലെ കടന്നുവരുന്ന ഈ ഉത്സവം, മനുഷ്യമനസ്സുകളിൽ നന്മയുടെ വിത്തുകൾ പാകുന്ന ഒരു പുത്തൻ തുടക്കമാണ്. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള, അലസതയിൽ നിന്ന് കർമ്മനിരതയിലേക്കുള്ള ഒരു വലിയ മാറ്റത്തിന്റെ പ്രതീകമായാണ് വിഷു ആഘോഷിക്കപ്പെടുന്നത്.

കണിക്കൊന്ന: പ്രകൃതിയുടെ സുവർണ്ണഹാസം

വിഷുവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം മനസ്സിലെത്തുന്നത് കണിക്കൊന്നയുടെ സ്വർണ്ണപ്പൂക്കളാണ്. വേനലിന്റെ കഠിനമായ ചൂടിലും മരക്കൊമ്പുകളിൽ വിരിയുന്ന ഈ പൂക്കൾ, പ്രകൃതിയുടെ അതിജീവനത്തിന്റെയും മനോഹാരിതയുടെയും അടയാളമാണ്. വിഷുക്കണിയിൽ വയ്ക്കുന്ന ഓട്ടുരുളിയും, അതിലെ അരിയും, ചക്കയും, മാങ്ങയും



എല്ലാം സമ്പന്നതയുടെ പ്രതീകങ്ങളാണ്.

കണി കാണുക എന്നത് വെറും ആചാരമല്ല, മറിച്ച് വരാനിരിക്കുന്ന ഒരു വർഷം മുഴുവൻ ഐശ്വര്യവും സമൃദ്ധിയും നിറഞ്ഞതാകട്ടെ എന്ന ശുഭപ്രതീക്ഷയുടെ ഉണർത്തലാണ്.
കൈനീട്ടം: സ്നേഹത്തിന്റെ കൈമാറ്റം

തലമുറകൾ തമ്മിലുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും പാലമാണ് വിഷുക്കൈനീട്ടം. മുതിർന്നവർ കുരുന്നുകൾക്ക് നൽകുന്ന നാണയത്തുട്ടുകൾ, കേവലം പണമല്ല; മറിച്ച്, അവർക്ക് നൽകുന്ന അനുഗ്രഹമാണ്. കരുതലിന്റെയും പങ്കുവെക്കലിന്റെയും ഒരു പുതിയ പാഠം അവിടെ ഓരോ തവണയും എഴുതപ്പെടുന്നു. ആർക്കും ഒന്നും കുറവില്ലാത്ത ഒരു ലോകത്തെക്കുറിച്ചുള്ള സ്വപ്നം ഇവിടെ പങ്കുവെക്കപ്പെടുന്നു.
കർമ്മമാണ് വിഷു

വിഷു എന്നാൽ ഉഴുതുമറിക്കലിന്റെ കാലം കൂടിയാണ്. മണ്ണിൽ അധ്വാനിക്കുന്നവന്റെ ഉത്സവം. മഴയെ കാത്തിരിക്കുന്ന ഭൂമിയിലേക്ക് വിത്തിടാൻ ഒരുങ്ങുന്ന കർഷകന്റെ മനസ്സിൽ വലിയൊരു പ്രത്യാശയുണ്ട്. ഈ ഉത്സവം നമ്മെ ഓർമ്മിപ്പിക്കുന്നത് അധ്വാനത്തിന്റെ മഹത്വത്തെക്കുറിച്ചാണ്. നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകൾ തന്നെയാണ് നാളെ നാം കൊയ്യുന്ന സന്തോഷം.
കൂട്ടായ്മയുടെ സദ്യ

*വിഷുവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം മനസ്സിലെത്തുന്നത് കണിക്കൊന്നയുടെ സ്വർണ്ണപ്പൂക്കളാണ്. വേനലിന്റെ കഠിനമായ ചൂടിലും മരക്കൊമ്പുകളിൽ വിരിയുന്ന ഈ പൂക്കൾ, പ്രകൃതിയുടെ അതിജീവനത്തിന്റെയും മനോഹാരിതയുടെയും അടയാളമാണ്.*

വിഷുസദ്യ മലയാളിക്ക് വെറും ഭക്ഷണപ്പട്ടികയല്ല, അതൊരു വികാരമാണ്. പലതരം വിഭവങ്ങൾ ചേർന്ന് ഒരു പൂർണ്ണത കൈവരിക്കുന്നതുപോലെ, നമ്മുടെ ജീവിതവും നന്മകൾ കൊണ്ട് നിറയണം. ജാതിമത ഭേദമന്യേ, വീടുകൾ തോറും പരസ്പരം പങ്കുവെക്കുന്ന ഈ ഭക്ഷണവും സ്നേഹവും, മലയാളിയുടെ സാംസ്കാരികമായ ഒത്തൊരുമയെ വിളിച്ചോതുന്നു.

ഇരുണ്ട ദിനങ്ങൾ പിന്നിട്ട്, തെളിഞ്ഞ പ്രഭാതത്തിലേക്ക് കണ്ണുതുറക്കുമ്പോൾ, മനസ്സിനെയും ശരീരത്തെയും പുതുക്കാൻ നമുക്ക് സാധിക്കണം. കഴിഞ്ഞുപോയ വർഷത്തെ പരാതികളും പരിഭവങ്ങളും മാറ്റി, സ്നേഹത്തിന്റെ സുവർണ്ണ കിരണങ്ങൾ ഉള്ളിൽ സൂക്ഷിക്കാൻ വിഷു നമ്മെ പ്രേരിപ്പിക്കുന്നു. ഓരോ വിഷുവും നമുക്ക് നൽകുന്നത് പ്രത്യാശയുടെ വലിയൊരു സന്ദേശമാണ്. നാളെ എന്നത് ഇന്നത്തേക്കാൾ കൂടുതൽ തിളക്കമുള്ളതാകും.


***എല്ലാ വായനക്കാർക്കും സന്തോഷത്തിന്റെ വിഷുദിന ആശംസകൾ***



# വാർത്തകൾ

NEWS

## *വരാപ്പുഴ അതിരൂപത സി.എൽ.സി.യുടെ 'Hair of Love" ഹെയർ ഡോണേഷൻ ക്യാമ്പയിൻ മൂന്നാം ഘട്ടം*



വരാപ്പുഴ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ ക്യാൻസർ രോഗികൾക്കായി നടത്തിവരുന്ന 'Hair of Love" ഹെയർ ഡോണേഷൻ ക്യാമ്പയിന്റെ മൂന്നാംഘട്ട ഉത്ഘാടനം വടുതല ഡോൺബോസ്കോ സെന്ററിൽ വെച്ച് നടത്തി. കളമശ്ശേരി ക്യാൻസർ റിസർച്ച് സെന്ററുമായി സഹകരിച്ചാണ് ക്യാമ്പയിൻ സംഘടിപ്പിച്ച് പോരുന്നത്. വടുതല ഡോൺ ബോസ്കോ സി.എൽ.സി യൂണിറ്റ് ഡയറക്ടർ ഫാ. ഗിൽട്ടൻ റോഡ്രിഗ്സ് മുടി മുറിച്ചുകൊണ്ട് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. ചാത്യാത്ത് ഇടവക അംഗമായ ധന്യ ക്യാമ്പയിന്റെ ആദ്യ ദാനിയായി പങ്കെടുത്തു. ചടങ്ങിൽ വരാപ്പുഴ അതിരൂപത സി.എൽ.സി പ്രസിഡന്റ് അലൻ ടൈറ്റസ് അധ്യക്ഷത വഹിച്ചു. വരാപ്പുഴ അതിരൂപത സി.എൽ.സി ജോയിന്റ് സെക്രട്ടറി സുജിത് അർമിഷ് സ്നേഹസമ്മാനം നൽകി ആദരിച്ചു. സംസ്ഥാന സി.എൽ.സി വൈസ ്പ്രസിഡന്റും അതിരൂപതാ സി.എൽ.സി സെക്രട്ടറിയുമായ ഡോണ ഏണസ്റ്റിൻ, വൈസ് പ്രസിഡന്റ് അഖിൽ ജോർജ്, ജോയിന്റ് സെക്രട്ടറി ആൻ മേരി എവുസേവിയൂസ്, വുമൻസ് ഫോറം എക്സിക്യൂട്ടീവ് ഡോ. നേഹ ആൻ ഫ്രാൻസിസ് തുടങ്ങിയവർ പങ്കെടുത്തു.ക്യാൻസർ രോഗികൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്ന ഈ ദൗത്യത്തിൽ നിരവധി പേർ പങ്കാളികളായി. ഒരു മുടിയിഴ പോലും ഒരാളുടെ ജീവിതത്തിലേക്ക് പുഞ്ചിരി കൊണ്ടുവരാമെന്ന സന്ദേശമാണ് 'Hair of Love' ക്യാമ്പയിൻ മുന്നോട്ടുവെക്കുന്നത്.

## *വല്ലാർപാടത്ത് ബസിലിക്കയിൽ ദേവാസ്തവിളിയുമായി കൂട്ടായ്മ*



വല്ലാർപാടത്ത് നോമ്പുകാലരാത്രികളെ പുളകമണിയിച്ചു ദേവാസ്ത് വിളി ഉയരുന്നു. വലിയ നോമ്പുകാല ദിനങ്ങളിൽ നമ്മുടെ ദൈവാലയങ്ങളിൽ ഉയർന്നിരുന്ന ക്രൈസ്തവ പ്രാർത്ഥനാനു ഷ്ഠാന രീതിയാണ് ദേവാസ്ത് വിളി. ഈശോമിശിഹായുടെ പീഡാനുഭവ-കുരിശുമരണ-ഉയിർപ്പിനെ ധ്യാനിക്കുന്ന ദേവാസ്ത് വിളി, ദുഷ്ടാരൂപികളിൽ നിന്നും വിടുതൽ നൽകുന്ന ഒരു പ്രാർത്ഥനയായിട്ടാണ് (Deliverance

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.ഫാത്തിമമാതാ ചർച്ച്, എളംകുളം - 10,000 രൂപ*
*2.ലൂർദ്ദ്മാതാ ചർച്ച്, തേവക്കൽ - 10,000 രൂപ*
*3.സെന്റ് പീറ്റേഴ്സ് ചർച്ച്, വടുതല - 10,000 രൂപ*
*4.സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, കലൂർ - 10,000 രൂപ*
*5.ലൂർദ്ദ് മാതാ ചർച്ച്, എളമക്കര - 10,000 രൂപ*
*6.സെന്റ് പീറ്റർ & പോൾ ചർച്ച്, വെണ്ടുരുത്തി - 10,500 രൂപ*
*7.വിന്നി വല്ലാർപാടം - 2,000 രൂപ*
*ആകെ - 62,500/- രൂപ*

## *വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ*

1. സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, മഞ്ഞനക്കാട് – 33,000 രൂപ
2. സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ചർച്ച്, പാലാരിവട്ടം – 1,03,000 രൂപ
3. സെന്റ് റാഫേൽ ചർച്ച്, തൈക്കൂടം – 50,000 രൂപ
4. സെന്റ് ജോർജ് ചർച്ച്, എരൂർ – 10,000 രൂപ
5. അമലോൽഭവ മാതാ & സെന്റ് ആന്റണി ഷ്റൈൻ, കൊരട്ടി – 50,000 രൂപ
6. മേരിമാതാ കോൺഫറൻസ്, വളപ്പ് – 3000 രൂപ
7. സെന്റ് പയസ് ചർച്ച്, കളമശ്ശേരി – 80,000 രൂപ
8. അഭ്യുദയകാംക്ഷി, കലൂർ – 1,00,000 രൂപ

Prayer) കരുതപ്പെടുന്നത്.പോർച്ചുഗീസ് മിഷനറിമാർ രൂപം നൽകിയ നോമ്പുകാല അനുഷ്ഠാന പ്രാർത്ഥന തലമുറകൾ കൈമാറി തുടരുകയാണ്.അർധരാത്രിയിൽ ഓരോ കേന്ദ്രങ്ങളിലെത്തുന്ന സംഘം മരക്കുരിശ് സ്ഥാപിച്ച് മണികിലുക്കി ഉച്ചത്തിൽ പ്രാർഥന നടത്തുന്നു. പൂർത്തിയാകുന്നതോടെ കുരിശുമേന്തി കാൽനടയായി മറ്റൊരു കേന്ദ്രത്തിലെത്തി വിളി തുടരും. വല്ലാർപാടം ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മണിക്കോടത്ത് ആശീർവദിച്ചു. ബെന്നി പഴങ്ങാടന്റെ നേതൃത്വത്തിൽ സെബാസ്റ്റ്യൻ മാളിയേക്കൽ, ഡാമിയൻ കൊല്ലംപറമ്പിൽ, എഡ്വിൻ ചക്കാലക്കൽ, ജൂഡ്സൻ ജോബ് ഓടത്തുപറമ്പ്, ഫെബിൻ ചക്കാലക്കൽ, ഫ്രാൻസിസ് കൈമലത്ത്, ലോനി കുന്നപ്പിള്ളി, ജോഷ കൊല്ലംപറമ്പിൽ, ജോയി അറക്കൽ, ജോൺസൺ എന്നിവരാണു സംഘത്തിലുള്ളത്.

### *കെ.എൽ.സി.എ. വൈപ്പിൻ സമ്മേളനം സംഘടിപ്പിച്ചു*



കേരളത്തിലെ ക്രൈസ്തവരുടെ അവസ്ഥ പരിഹരിക്കുന്നതിനായി കമ്മീഷൻ നൽകിയിരിക്കുന്ന എല്ലാ ശുപാർശകളും നീതിപൂർവ്വകമായി നടപ്പിലാക്കണമെന്ന് ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ ആവശ്യപ്പെട്ടു. പെരുമ്പിള്ളി ഹോളി ഫാമിലി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച കെ.എൽ.സി.എ. വൈപ്പിൻ നിയോജകമണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വരാപ്പുഴ അതിരൂപത കെ.എൽ.സി.എ. പ്രസിഡന്റ് റോയ് ഡിക്കുഞ്ഞ അധ്യക്ഷത വഹിച്ചു. കെ.എൽ.സി.എ. സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ് മുഖ്യപ്രഭാഷണം നടത്തി. വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞിമിറ്റം, ലത്തീൻ സമുദായ വക്താവ് ജോസഫ് ജൂഡ്, കെ.എൽ.സി.എ. സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ജോസി കരുമാഞ്ചേരി, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, അതിരൂപത പൊളിറ്റിക്കൽ അഫയേഴ്സ് ചെയർമാൻ ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കപ്പറമ്പിൽ, ബി.സി.സി. ഡയറക്ടർ ഫാ. യേശുദാസ് പഴമ്പിള്ളി, വൈപ്പിൻ ഫൊറോന ബി.സി.സി. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഓളിപ്പറമ്പിൽ, അതിരൂപതാ ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ, ട്രഷറർ പൗലോസ്, വൈപ്പിൻ മേഖലാ പ്രസിഡന്റ് ബെനറ്റ് കുറുപ്പശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു.

# വാർത്തകൾ

NEWS

കേരളത്തിലെ ക്രൈസ്തവരുടെ പിന്നാക്ക അവസ്ഥ പരിഹരിക്കുന്നതിനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ ശുപാർശകൾ എത്രയും വേഗം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് കെ.എൽ.സി.എ. യുടെ നേതൃത്വത്തിൽ ബി.സി.സി.കളുടെയും, സമുദായ സംഘടനകളുടെയും സഹകരണത്തോടെയാണ് സമ്മേളനം സംഘടിപ്പിച്ചത്. ടെട്രാപോഡ്, വൈപ്പിൻ തീരദേശ പാത, കായലോരപാത, ഗോശ്രീ സമാന്തര പാലം, പുക്കാട് കണ്ടെയ്നർ റോഡ് പാലം ഉൾപ്പെടെയുള്ള പ്രാദേശിക വിഷയങ്ങളും കൺവെൻഷനിൽ ഉന്നയിച്ചു.

### *ആരാധനയുമായി കെ.സി.വൈ.എം വരാപ്പുഴ അതിരൂപത*



കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. പോണേൽ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ, പോണേൽ, സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിൽ യുവജനങ്ങൾക്കായി 'MANE NOBISCUM DOMINE' എന്ന പേരിൽ ആരാധന നടത്തപ്പെട്ടു. ആരാധനക്ക് മുഖ്യകാർമികത്വം കെ.സി.വൈ.എം വരാപ്പുഴ അതിരൂപത പ്രൊമോട്ടർ ഫാ. എബിൻ വാരിയത്ത്, പോണേൽ ഇടവക വികാരി ഫാ. ആന്റണി ബിബു കാടംപറമ്പിൽ എന്നിവർ നിർവഹിച്ചു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് നന്ദി അർപ്പിച്ചു സംസാരിച്ചു. ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., ട്രഷറർ ജോയ്സൺ പി.ജെ., വരാപ്പുഴ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ മാനുവൽ ബെന്നി, അമൽ ജോർജ്, പോണേൽ യൂണിറ്റ് പ്രസിഡന്റ് ജോയാന തോമസ്, സെക്രട്ടറി ഹൃദ്യ റോസ്, ആനിമേറ്റർ സി. ബീന, മേഖലാ ഭാരവാഹികൾ, വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

### *കൊച്ചിയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കേണ്ട ജനക്ഷേമ പ്രവർത്തന പദ്ധതിരേഖ കൊച്ചി കോർപ്പറേഷൻ മേയർക്ക് കൈമാറി കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത*

# വാർത്തകൾ

NEWS

കൊച്ചി കോർപ്പറേഷൻ പരിധിയിൽ പൊതുജനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളുടെ പരിഹാരത്തിനായി കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. വി.കെ. മിനിമോൾക്ക് കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് ജനക്ഷേമ പ്രവർത്തന പദ്ധതിരേഖ കൈമാറി. തുടർപ്രവർത്തനങ്ങളിൽ നിർദ്ദേശങ്ങൾ പരിഗണിക്കാമെന്നും ജനക്ഷേമ പ്രവർത്തനങ്ങളിൽ യുവ ജനങ്ങളുടെ പങ്കാളിത്തവും




പിന്തുണയും ഉണ്ടാകണമെന്നും മേയർ അറിയിച്ചു. കൊച്ചി കോർപ്പ റേഷൻ കൗൺസിലർ ഹെൻട്രി ഓസ്റ്റിൻ, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., ട്രഷറർ ജോയ്സൺ പി.ജെ., എക്സിക്യൂട്ടീവ് അംഗങ്ങളായ ഫെർഡിൻ ഫ്രാൻസിസ്, അരുൺ സെബാസ്റ്റ്യൻ എന്നിവർ സന്നിഹിതരായിരുന്നു.

### *ഭൂമിയിലെ മാലാഖമാർക്കൊപ്പം വനിതാദിനാഘോഷം ആഘോഷിച്ച് കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത*

. അന്താരാഷ്ട്ര വനിതാദിനാഘോഷത്തിന്റെ ഭാഗമായി എറണാകുളം ജനറൽ ഹോസ്പിറ്റൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ വനിതാ ജീവനക്കാരോടൊപ്പം കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത വനിതാദിനം ആഘോഷിച്ചു. നേഴ്സിംഗ് സൂപ്രണ്ട് ഇൻചാർജ് സോനാ ഒ.എ. ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു.



വുമൺസ് ഫോറം കൺവീനർ അമല റോസ് കെ.ജെ. ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ട്രഷറർ ജോയ്സൺ പി.ജെ., എക്സിക്യൂട്ടീവ് അംഗങ്ങളായ വിനോജ് വർഗീസ്, അരുൺ വിജയ് എസ്., അരുൺ സെബാസ്റ്റ്യൻ, ജോയൽ പി.ജെ., ജോമോൻ ആന്റണി, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

### ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഏപ്രിൽ മാസത്തെ പരിപാടികൾ:

**വിവാഹ ഒരുക്ക കോഴ്സ് :** ഏപ്രിൽ 17, 18, 19 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

**മാതൃവേദി കൂട്ടായ്മ :** ഏപ്രിൽ 11, ശനിയാഴ്ച **രാവിലെ 10.30 ന്**

ഏപ്രിൽ 18, (കുട്ടികളുമായി മറ്റൊരു വേനൽക്കാലം)

**വിധവ സംഗമം (അൽമാന)** :ഏപ്രിൽ 11, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്

**ഏകസ്ഥ കൂട്ടായ്മ**:ഏപ്രിൽ 16, വ്യാഴാഴ്ച രാവിലെ 10.00 ന്

DIRECTORATE OF FAMILY UNITS
ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026 ഏപ്രിൽ 26 ഞായറാഴ്ച 3 മണിക്ക് കളമശ്ശേരി ലിറ്റിൽ ഫ്ളവർ എൻജിനീയറിംഗ് ഇസ്റ്റിറ്റ്യൂട്ടിൽ

## അറിയിപ്പ്

അവധിക്കാലത്ത് കുട്ടികൾക്കുവേണ്ടി CHILL/RUN SUMMER CAMP ഓരോ ഇടവകയിലും വച്ച് നടത്തപ്പെടുന്നു. നേതൃത്വം: BCC, വിശ്വാസ പരിശീലനം, PTA, നവദർശൻ, വിവിധ സംഘടനകൾ സംയുക്തമായി നേതൃത്വം നൽകണം. വിശദവിവരങ്ങൾക്കായി Ph. 80862 88848 ബന്ധപ്പെടുക.

### *കെ.സി.വൈ.എം വരാപ്പുഴ അതിരൂപത പീഡാസഹനയാത്രയുടെ വാൾ പോസ്റ്റർ പ്രകാശനം ചെയ്തു*




കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പീഡാസഹന യാത്രയുടെ വാൾ പോസ്റ്റർ സി.ടി.സി. സുപ്പീരിയർ ജനറൽ മദർ ഷാഹില സി.ടി.സി. പ്രകാശനം ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു. സി.ടി.സി. ജനറൽ കൗൺസിലർ സി. സൂസി സി.ടി.സി., ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., ട്രഷറർ ജോയ്സൺ പി.ജെ., എക്സിക്യൂട്ടീവ് അംഗങ്ങളായ വിനോജ് വർഗീസ്, അരുൺ സെബാസ്റ്റ്യൻ, ഫെർഡിൻ ഫ്രാൻസിസ്, അമല റോസ് കെ.ജെ. എന്നിവർ സന്നിഹിതരായിരുന്നു.

### *വെക്കേഷൻ ഫെയ്ത്ത് ഫെസ്റ്റിവൽ*

വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന വിദ്യാർത്ഥി കൾക്കായുള്ള വെക്കേഷൻ ഫെയ്ത്ത് ഫെസ്റ്റിവൽ (വി.എഫ്.എഫ്) ഏപ്രിൽ - മെയ് മാസങ്ങളിൽ സംഘടിപ്പിക്കുന്നു. സെമിനാരി ബ്രദേഴ്സി ന്റ നേതൃത്വത്തിലും ഇടവകകളിൽ വി.എഫ്.എഫ് നടത്തുവാൻ കഴിവും താല്പര്യമുള്ള അധ്യാപകരുടെ നേതൃത്വത്തിലും രണ്ട് വിധത്തിൽ ക്യാമ്പ് നടത്താവുന്നതാണ്.വി.എഫ് .എഫുമായി സഹകരിക്കാൻ താൽപര്യമുള്ളവർക്ക് അതിരൂപതതലത്തിൽ പരിശീലനം നൽകി തങ്ങളുടെ ഇടവകകളിൽ വി.എഫ്. എഫ് നടത്താൻ സൗകര്യമൊരുക്കുന്നതാണ്. മേൽപറഞ്ഞ രണ്ടു രീതികളിൽ എതു വേണമെന്ന് ഇടവകകളിൽ തിരുമാനിക്കാവുന്നതാണ്. സെമിനാരി ബ്രദേഴ്സിന്റെ സാന്നിധ്യം വേണ്ട യൂണിറ്റുകൾ എത്രയും വേഗം തന്നെ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടാണ്.ആദ്യം പേരുകൾ തരുന്ന യൂണിറ്റുകൾക്ക് മാത്രമാണ് ബ്രദേഴ്സിന്റെ സാന്നിധ്യം ലഭിക്കുന്നത്. ഇടവകകളിൽ നേതൃത്വം കൊടുക്കാൻ താല്പര്യമുള്ള അധ്യാപകർക്ക് പ്രത്യേക പരിശീലനം അതിരൂപതാതലത്തിൽ നൽകുന്നതാണ്.

## വാർത്തകൾ
NEWS



വരാപ്പുഴ അതിരൂപതയുടെ നവീകരിച്ച വിശ്വാസ പരിശീലന കമ്മീഷന്റെ ഓഫീസ് ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ആശീർവദിച്ചു.ഡയറക്ടർ ഫാ.വിൻസസെന്റ് നടുവിലപറമ്പിൽ, സെക്രട്ടറി ജോസ് ഡിക്സൺ, മാനേജർ എൻ.വി ജോസ്, സൈറസ് റോഡ്റിഗസ് ബ്രദർ റെമിൽ അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

KRLCC മത്സരപരീക്ഷ

വിശ്വാസപരിശീലന വിദ്യാർഥികൾക്കായുള്ള അതിരൂപതല മത്സരം ഏപ്രിൽ 12-ാം തീയതി കച്ചേരിപ്പടി സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ഉച്ചക്ക് 2.00 മുതൽ 4.00 വരെ നടത്തുന്നതായിരിക്കും.

Std VIII - XII വരെയുള്ള കുട്ടികൾക്കാണ് പരീക്ഷ. മലയാളത്തിലോ, ഇംഗ്ലീഷിലോ പരീക്ഷ എഴുതാം.

Closed Text Book രീതിയിൽ ആയിരിക്കും പരീക്ഷ.

സിലബസ് :- 70 %, ടെക്സ്റ്റ് : - 15 %, അടിവേരുകൾ : - പേജ് 1-176: - 15%

ലോഗോസ് ക്വിസ് 2026 (പുതിയ നിയമം)

വി. യോഹന്നാൻ 1-12, ഗലാത്തിയ 1 - 6

# കുരിശിന്റെ വഴി



റോമാ 5,6-11



ഡോ. വിൻസെന്റ്
വാര്യത്ത്



ക്രിസ്തുവിന്റെ വ്യാകുലവഴിയിലൂടെ (വിയ ഡോളറോസാ) അനുതാപം നിറഞ്ഞ ഹൃദയത്തോടെ തീർത്ഥാടനം നടത്തുന്ന രീതി ആദിമസഭയിൽ തന്നെ ഉണ്ടായിരുന്നു. പക്ഷേ പിന്നീട് ജറുസലേമിലെ മുസ്ലീങ്ങളുടെ ഭീകരമായ പീഡനങ്ങളും, കുരിശുയുദ്ധം ഉളവാക്കിയ സംഘർഷഭരിതമായ അന്തരീക്ഷവും മൂലം വിശുദ്ധനാട്ടിലേക്ക് തീർത്ഥയാത്ര നടത്തുവാൻ സാധിക്കാതെയായി. 1342-ൽ വിശുദ്ധ നാടിന്റെ പ്രത്യേക സംരക്ഷകരായി ഫ്രാൻസിസ്കൻ സന്യാസിമാർ നിയോഗിക്കപ്പെട്ടു. വിശുദ്ധനാട്ടിലേയ്ക്കുള്ള തീർത്ഥയാത്ര ക്ലേശകരം ആയിത്തീർന്ന ഘട്ടത്തിൽ

അവർ യൂറോപ്യൻ രാജ്യങ്ങളിൽ തന്നെ കുരിശിന്റെ വഴിയുടെ വിവിധ സ്റ്റേഷനുകളുടെ മാതൃക സ്ഥാപിക്കുകയും സ്വന്തം പള്ളികളിൽ കുരിശിന്റെ വഴി നടത്താൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1731-ൽ ക്ലമന്റ് പന്ത്രണ്ടാമൻ പാപ്പ എല്ലാ പള്ളികളിലും കുരിശിന്റെ വഴിയുടെ 14 സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ അനുവാദം നൽകി. ആദ്യകാലഘട്ടങ്ങളിൽ 11 മുതൽ 30 വരെയുള്ള സ്റ്റേഷനുകൾ കുരിശിന്റെ വഴികളിൽ ഉണ്ടായിരുന്നു.

കുരിശിന്റെ വഴി പ്രാർത്ഥനകളോടുള്ള ഭക്തിയും താൽപര്യവും ഫ്രാൻസിസ്കൻ സന്യാസിമാരാണ് ലോകം മുഴുവനിലും എത്തിച്ചത്. അതിൽ ഏറ്റവും പ്രമുഖനായ ഫ്രാൻസിസ്കൻ സന്യാസി വി. ലിയോണാർഡ് ആണ്. പീലാത്തോസിന്റെ കൊട്ടാരം മുതൽ കല്ലറവരെയുള്ള സ്ഥലങ്ങളിലൂടെയുള്ള ക്രിസ്തുവിന്റെ പീഡാസഹന യാത്രയുടെ അനുസ്മരണമാണ് കുരിശിന്റെ വഴിയിലൂടെ നടത്തപ്പെടുക. ലക്ഷക്കണക്കിന് ക്രൈസ്തവരെ കൊലചെയ്തിട്ടുള്ള കൊളോസിയത്തിൽ ദുഃഖവെള്ളിയാഴ്ച ദിനം കുരിശിന്റെ വഴി നടത്തുവാൻ വീണ്ടും തുടങ്ങിയത് പോൾ ആറാമൻ പാപ്പയാണ്. ഇപ്പോൾ ഓരോ വർഷവും ദുഃഖവെള്ളിയാഴ്ച ദിനം 25,000 ത്തിലധികം ആളുകളാണ് പാപ്പ നയിക്കുന്ന കുരിശിന്റെ വഴിയിൽ പങ്കെടുക്കുവാൻ ലോകമെങ്ങും നിന്ന് എത്തുന്നത്. 2024 ലും 25 ലും ഫ്രാൻസിസ് പാപ്പ തന്നെയാണ് കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളിലുമുള്ള വിചിന്തനങ്ങൾ എഴുതിയത്.

കുരിശിന്റെ വഴി കൂടുതൽ അർത്ഥപൂർണ്ണമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് സ്പെയിനിൽ 16 -17 നൂറ്റാണ്ടുകളിൽ പീഡാനുഭവ രംഗങ്ങൾ കൂടി ഉൾപ്പെടുത്താൻ തുടങ്ങിയത്. പിന്നീട് മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്കും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലേക്കും പടർന്ന് അതൊരു സാധാരണ ഭക്തരീതിയായി മാറി. പീഡാനുഭ

*ലക്ഷക്കണക്കിന് ക്രൈസ്തവരെ കൊലചെയ്തിട്ടുള്ള കൊളോസിയത്തിൽ ദുഃഖവെള്ളിയാഴ്ച ദിനം കുരിശിന്റെ വഴി നടത്തുവാൻ വീണ്ടും തുടങ്ങിയത് പോൾ ആറാമൻ പാപ്പയാണ്. ഇപ്പോൾ ഓരോ വർഷവും ദുഃഖവെള്ളിയാഴ്ച ദിനം 25,000 ത്തിലധികം ആളുകളാണ് പാപ്പ നയിക്കുന്ന കുരിശിന്റെ വഴിയിൽ പങ്കെടുക്കുവാൻ ലോകമെങ്ങും നിന്ന് എത്തുന്നത്.*

വരംഗങ്ങളുടെ അതിനാടകീയ അവതരണം ക്രമപ്പെടുത്തേണ്ടത് ആവശ്യമാണ്. ഒരു പ്രകടനവും അതിരു കവിയാൻ പാടില്ല. പാപപരിഹാര പ്രക്രിയകളുടെ ഭാഗമായിട്ട് സ്വയം ചമ്മട്ടിയടികൊണ്ട് ശരീരത്തിൽ മുറിവേൽപ്പിക്കുന്ന 'ഫ്ളാഗല്ലൻസ്' എന്ന് പറയപ്പെടുന്ന ഒരു സമൂഹവും എല്ലാ രാജ്യങ്ങളിലും ഉടലെടുത്തു. ഫിലിപ്പീൻസ് പോലുള്ള രാജ്യങ്ങളിൽ ഇന്നും ദുഃഖവെള്ളിയാഴ്ച ദിവസം പല ആളുകളും അക്ഷരാർത്ഥത്തിൽ കുരിശിലേറ്റപ്പെടുന്നുണ്ട്, അവിടെ വെറും നാടകീയമായ രംഗമല്ല ഉണ്ടാകുന്നത്. ആളുകളെ കുരിശിൽ ചേർത്തു കൈകളിൽ ആണികൾ തറച്ചു അവരെ അക്ഷരാർത്ഥത്തിൽ തൂക്കിയിടുക തന്നെയാണ് ചെയ്യുക. സഭ ഈ രീതിയെ പ്രോത്സാഹിപ്പിക്കുന്നില്ല.

യൂറോപ്പിൽ തന്നെയാണ് കുരിശിന്റെ വഴി ആചരണത്തിന്റെ ഭാഗമായിട്ട് 14 പള്ളികൾ പദയാത്രയായി സന്ദർശിക്കുക എന്ന രീതിയും തുടങ്ങിയത്. പദയാത്രയായി ഓരോ പള്ളിയിലും കയറിയിറങ്ങി പ്രാർത്ഥിക്കുമ്പോൾ തങ്ങൾ ചെയ്തുപോയ തെറ്റുകുറ്റങ്ങളിൽ നിന്നും വിമുക്തി നേടാനാവും എന്ന ചിന്തയാണ് തീർത്ഥാടകരെ നയിച്ചിരുന്നത്. ഈ രീതിയെ 'വിസീത്ത ഇഗ്ലെസിയ' എന്നാണ് വിളിച്ചിരുന്നത്. കുരിശിന്റെ വഴി ശരിക്കും ക്രിസ്തുവിന്റെ ത്യാഗത്തിന്റെ വഴിയിലൂടെയുള്ള യാത്രയാണ് എന്നോർക്കണം. അത് വർഷത്തിൽ ഏതാനും ദിവസങ്ങൾ മാത്രമല്ല നടത്തേണ്ടത്. ഓരോ ദിവസവും ക്രിസ്തുവിന്റെ ത്യാഗത്തിന്റെ വഴിയാണ് നമ്മുടെ രക്ഷയുടെ വഴിയായി മാറിയതെന്ന് നമ്മൾ ധ്യാനിക്കണം. നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു എന്നും അവന്റെ മുറിവുകൾ നമ്മുടെ മുറിവുകളുണക്കി എന്നുമുള്ള ചിന്ത നമ്മളിൽ ശക്തമായിട്ടുണ്ടാകണം.

### *ചർച്ച*

*1. ഈശോയേ ക്രൂശുംതാങ്ങി പോയ നിന്റ എന്ന പഴയ കുരിശിന്റെ വഴി ഗാനം വീണ്ടും പ്രചാരത്തിലാക്കുക നല്ലതല്ലേ !*

*2.കുരിശിന്റെ വഴി കൂടുതൽ ഭക്തിസാന്ദ്രമാക്കാൻ എന്തൊക്കെ ചെയ്യാനാവും!*

*3.പീഡാനുഭവ അവതരണങ്ങൾക്ക് നാടകീയത കൂടുന്നുണ്ടോ?*

*4.അടുത്തുള്ള പള്ളികൾ ഒരുമിച്ചുചേർന്ന് കുരിശിന്റെ വഴി നടത്തുന്നത് കൂടുതൽ നല്ലതല്ലേ?*

*ഈ കുരിശിന്റെ വഴി ലഭിക്കാൻ* QR Code *സ്കാൻ ചെയ്യുക*

# വോട്ട്: ചുമ്മാതെ കളയരുതമ്മിണിയെ...

പിൻമൊഴി



**ഫാ. യേശുദാസ് പഴമ്പിള്ളി**




കേരളത്തിൽ മാമ്പഴക്കാലം എത്തി, കൂടെ തിരഞ്ഞെടുപ്പ് കാലവും. മോഹന വാഗ്ദാനങ്ങളുമായി എല്ലാ മുന്നണികളും തിരഞ്ഞെടുപ്പ് ഗോദയിലേക്ക് കച്ചകെട്ടിയിറങ്ങി. ഭരിക്കുന്നവർ പറയുന്നു മറ്റാരുണ്ട് ഞങ്ങളല്ലാതെ, പ്രതിപക്ഷം മൊഴിയുന്നു കേരളം ജയിക്കും ഞങ്ങൾ നയിക്കും, അങ്ങ് ഡൽഹിയിൽ പിടിയുള്ളവർ എന്തൊക്കെയോ പറയുന്നുണ്ട്, ജനത്തിന് അത് ഇതുവരെയും മനസ്സിലായിട്ടില്ല. അങ്ങനെ രോമാഞ്ച പുളകിത ഗാത്രം ആക്കുന്ന മനോഹരമായ നാളെ കുറിച്ച് അതിതുവരെയും ചെയ്യാൻ സാധിക്കാത്തവർ വീമ്പിളക്കുമ്പോൾ പൊതുജനം ഇങ്ങനെ, പതിവു നിർവികാരതയോടു കൂടി എല്ലാം കേട്ടുക്കൊണ്ടിരിക്കുന്നു. ചിലർ വരുമ്പോൾ ചരിത്രം വഴിമാറും എന്ന സുന്ദര ചിന്തയ്ക്ക് മുൻപിൽ പുളകിതരായി നാം ചുറ്റുവട്ടം കണ്ണോടിച്ചു നോക്കേണ്ടതുണ്ട്. ലോകത്ത് ജനങ്ങൾക്ക് വേണ്ടി മാത്രം ജീവിച്ച എത്ര നേതാക്കന്മാരുണ്ട്? കണക്കെടുത്താൽ വളരെ വിരളം മാത്രം. ഭൂരിഭാഗവും കിട്ടിയ അധികാരം ആസ്വദിച്ചും, സ്വന്തം കീശയും, വയറും വീർപ്പിച്ചും, സ്വന്തം കുടുംബത്തിനും അണികൾക്കും വേണ്ടി മാത്രം പ്രയോജന പദ്ധതികൾ നിർവഹിച്ചും, തിന്നുമുടിച്ചും, സ്വർണ്ണം കട്ടും, സ്വജന പക്ഷപാതപരമായി പ്രവർത്തിച്ചും, ഞങ്ങൾ മാത്രമാണ് ഇരട്ടചങ്കുള്ളവർ എന്ന് ബലം പിടിച്ചും, ജാതി മത വിദ്വേഷങ്ങൾ തിളപ്പിച്ചാറ്റി കുടിച്ചും, ശർദ്ദിച്ചും, കോമരങ്ങളായി പെയ്തിറങ്ങുമ്പോൾ, പാവം ജനം – ഗ്യാസില്ല, ആശാവർക്കർക്ക് ശമ്പളമില്ല, പണിയില്ല, ഗുണ്ടകളെ പേടിച്ച് റോട്ടിൽ നടക്കാൻ പറ്റുന്നില്ല, നല്ല മരുന്നില്ല, ആക്ഷേപങ്ങൾ ഇങ്ങനെ നീണ്ടു നീണ്ടു പോകുമ്പോൾ, ***ഇതാ വീണ്ടും തിരഞ്ഞെടുപ്പ്, ഒരാളും വോട്ട് ചുമ്മാതെ കളയരുത്, കാരണം അത് ജനാധിപത്യത്തിന്റെ അവകാശമാണ്.***

**വാൽക്കഷണം :**

*ദൂരെ നിന്നും ഒരു പഴയ പാട്ട് കേൾക്കുന്നുണ്ടോ...*
*പൊതുജനം കഴുത...*
*വെറുതെ  തോന്നിയതായിരിക്കുമോ?*

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള  പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD  ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782  IFSC FDRL0001004


KOMAROTH GLASS & PLYWOODS
DEALERS IN
GLASS | MIRROR | HARDWARES
MICA SHEETS | MARINE PLYWOODS
KITCHEN ACCESSORIES
PVE & WPC BOARDS
Jaison
+91 9847 902 333
+91 9567 147 444
C.C 52/3178B (Old No: 28/783D)
Tharayil Chambers
NH66, Kochi Bye Pass, Near Vytilla Jn.
Opp. Power House, Vytilla -19
komarothglassplywoods@gmail.com

# ST.TERESA'S COLLEGE
## (AUTONOMOUS), ERNAKULAM

Affiliated to Mahatma Gandhi University, Kottayam
Established in 1925 by the Carmelite Sisters of St. Teresa (CSST)

NAAC 60th RANK IN 2nd RANK IN

*A legacy of teaching and learning that spans over a hundred years.*




# INTERNATIONAL DUAL DEGREE PROGRAMME- UK

M.A in Journalism and Mass Communication in collaboration with Leeds Beckett University -UK (Approved by Mahatma Gandhi University)

## AIDED PROGRAMMES

### U.G. PROGRAMMES

01. B.A. (Hons.) Economics
02. B.A. (Hons.) English Language and Literature
03. B.A. (Hons.) History
04. B.A. (Hons.) Sociology
05. B.Sc. (Hons.) Botany
06. B.Sc. (Hons.) Chemistry
07. B.Sc. (Hons.) Home Science
08. B.Sc. (Hons.) Mathematics
09. B.Sc. (Hons.) Physics
10. B.Sc. (Hons.) Zoology
11. B. Com. (Hons.)

### INTEGRATED P.G. PROGRAMME

01. Integrated M.A. Programme in Social Sciences - Economics (5 yrs) - Lateral Entry to 8th Semester

### P.G. PROGRAMMES

01. M.A. English
02. M.A. Economics
03. M.A. Sociology
04. M.Sc. Botany
05. M.Sc. Chemistry
06. M.Sc. Physics
07. M.Sc. Home Science (Branch A)Child Development
08. M.Sc. Home Science (Branch B) Resource Management & Interior Designing
09. M.Sc. Home Science (Branch C) Food Science & Nutrition
10. Master of Commerce and Management(Finance)

### Ph.D. PROGRAMMES

01. Botany
02. Chemistry
03. Economics
04. English
05. Home Science
06. Physics
07. Sociology
08. Mathematics



## SELF FINANCING PROGRAMMES

### U.G. PROGRAMMES

01. B.A. (Hons.) Performing Arts (Bharathanatyam)
02. B.A. (Hons.) English Literature and Communication Studies
03. B.A. (Hons.) French Language and Literature
04. B.Sc. (Hons.) Fashion Designing
05. B.Sc. (Hons.) Computer Applications
06. BCA (Hons.) Cloud Technology and Information Security Management - AICTE Approved
07. B.Sc. (Hons.) Psychology
08. B.Sc. (Hons.) Clinical Nutrition and Dietetics
09. B.Com. (Hons.) with Integrated ACCA (UK)
10. B.Com. (Hons.) with Finance & Taxation
11. B.Com. (Hons.) with Capital Market
12. Bachelor of Management Studies (Hons.) (International Business) AICTE Approved

### P.G. PROGRAMMES

01. M.A. Performing Arts (Bharathanatyam)
02. M.A. History
03. M.A. Journalism and Mass Communication
04. M.Sc. Zoology
05. Master of Tourism and Travel Management (MTTM)
06. M.Sc. Mathematics
07. M.Sc. Applied Statistics and Data Analytics
08. M.Sc. Psychology
09. M.Sc. Fashion Designing
10. M.Sc. Clinical Nutrition and Dietetics
11. M.Com. Finance

### VOCATIONAL STUDIES

01. B.Voc. (Hons.) Food Processing Technology
02. B.Voc. (Hons.) Software Development
03. B.Voc. ( Hons.)Applied Media Studies
04. M.Voc. Food Processing Technology

### CENTRE FOR PROFESSIONAL STUDIES
### U.G. DIPLOMA PROGRAMMES (UGC APPROVED)

01. Diploma in Health Care Assistance
02. Diploma in Wellness Craft Baker
03. Diploma in Interior and Exterior Space Designing
04. Diploma in Garment Making
05. Diploma in Digital Marketing

### P.G. DIPLOMA PROGRAMMES

01. P.G. Diploma in Clinical Nutrition and Dietetics
02. P.G. Diploma in Fashion Designing
03. P.G. Diploma in Management in Business Analytics

### OTHER DIPLOMA PROGRAMMES

01. Diploma in Business Administration
02. Diploma in Professional Accounting & Taxation



## Centre for Skill Development Courses and Career Planning (CSDCCP)

ASAP Kerala (ASDC/07/026) and Keltron III Cell (Centre Code: G250) Offers 54 Skill Courses in the academic year 2026-2027.

**Teresian Additional Skill Acquisition Centre (TASAC)**

### FUTURE SKILLS TRACK

"Build Tomorrow's Skills Today – AI, Data, Cyber & Digital Careers"

- Data Science (Keltron-Govt. Certified)
- Data Analytics (Keltron- Govt. Certified)
- Cyber Security (ASAP-Govt. Certified)
- Responsible AI (ASAP- Govt. Certified)
- Customer Insight Marketing & Digital Advertising -(ASAP-Govt. Certified)
- Social Media Executive (Keltron-Govt. Certified)
- Robotics and Automation
- Digital Marketing
- Business Analytics & Data Visualization

### ENVIRONMENT, FOOD & QUALITY CONTROL

- Certificate Course in Food & Water Quality Control Techniques

### JOB-ORIENTED CAREER TRACK

"Train for Real Jobs, Not Just Certificates"

- Specialization Programme in Logistics (NSDC Certified)
- Diploma in Hospital Management(NYSDP- Govt. Certified)
- Diploma in Certified Accounting (NYSDP- Govt. Certified)
- Medical Coding (ASAP- Govt. Certified)
- Tally with GST (NCVRT Govt. of India)
- Diploma in Computer Application (CCEK- Govt. Certified)
- Airport Operations & Passenger Ground Services
- Aviation and Logistics
- Civil Service Preparation
- Certificate Course in Human Resource Management
- Professional Training for Bank Test
- Introduction to Fundamentals of Public Policy

### HOBBY-BASED & SKILL ENRICHMENT TRACK

"Turn Your Passion into a Skill"

- Jewellery Designing
- Certificate Course in Floristry (ASAP- Govt. Certified)
- Fundamentals of Bharathanatyam (ASAP- Govt. Certified)
- Fundamentals of Carnatic Music (ASAP- Govt. Certified)
- Certificate Course in Urban Gardening (ASAP- Govt. Certified)

### HEALTH, WELLNESS & LIFESTYLE

- Beauty Care Management (Govt. Certified)
- Health and Fitness
- Introduction to Yoga
- Diabetes Educator

### HERITAGE & LANGUAGE STUDIES

(Mastering Cultural and Language for global opportunities)

- Certificate Course on Museology & Heritage Management
- DELF (French Language Certification)
- Basic Training in German Language (A2 Level)

www.teresas.ac.in

AN UNPARALLELED LEGACY OF 100 YEARS !